8·33
30

# അദ്ധ്യാത്മ

## വി. ആഗുസ്തിനോസിന്റെ
## സ്നേഹഗീതികൾ

വിവൎത്തകൻ

ഫാദർ അബൂന്തിയോസ്, ററി. ഒ. സി. ഡി.

PRINTED AT THE ST. JOSEPH'S PRESS

MANNANAM.

1944

ST. ANT... S. I. RAILW... ALWAYE, TRAVANCORE COCHIN STATE
7.5 / 75-0

ACHARYA PALACKAL JEEVAS KENDRAM LIBRARY 15578

DHARMARAM COLLEGE LIBRARY BANGALORE-29

M/248.33
ABO

Nihil obstat:

Fr. Charles, T. O. C. D.
Fr. Wilfrid, T. O. C. D.

Imprimi potest:

Fr. John o Jesus Mary, T. O. C. D
*Prior General.*

Ernakulam,
22-10-'44.

Imprimatur:

† J. Kalacherry,
Ep. Changanacherry.

Changanacherry,
29-10-1944.
*Feast of the Kingship of Christ.*

# പ്രസ്താവന

മൗതിക കവിത (Mystic Poetry) കളിൽ കൂടുതൽ താൽപര്യം പ്രദർശിപ്പിച്ചുവരുന്ന ഒരു കാലമാണല്ലോ ഇതു്. മൗതിക കവിതകൾ എന്നറിയപ്പെടുന്നവയിൽ പലതും വിശ്വദേവതാവാദം തുടങ്ങിയ അപൽക്കരവാദങ്ങളെ മറച്ചുവച്ചിരിക്കുന്നവയാകുന്നു. എന്നാൽ വി. ലിഖിതങ്ങളിലും വി. പിതാക്കന്മാരുടെ കൃതികളിലും മുങ്ങിത്തപ്പിയാൽ, സാക്ഷാൽ ക്രൈസ്തവങ്ങളായ മൗതികകവിതാമൃത്തുകൾ ധാരാളമായി കിട്ടും. 'അദ്ധ്യാത്മഗീത' എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന ഈ ഗ്രന്ഥം വി. അഗുസ്തീനോസിന്റെ Libellus de contemplatione Christi (The contemplation of Christ) എന്നൊരു ചെറുകൃതിയുടെ വിവർത്തമാണ്. വിശുദ്ധന്റെ കൃതികൾ മുഴുവനും ആറു വാല്യങ്ങളായി പ്രസിദ്ധീകരിച്ച ബെനഡിക്ടൈൻ സന്യാസികൾ ആറാമത്തെ വാല്യത്തിന്റെ അനുബന്ധമായിട്ടാണ് ഈ കൃതി ചേർത്തിരിക്കുന്നതു്. ഈ ഗ്രന്ഥത്തിന്റെ മാഹാത്മ്യത്തിനു് ഒരു തെളിവത്രെ ഇതിനു് വളരെയധികം വിവർത്തനങ്ങളുണ്ടായിട്ടുണ്ടെന്നുള്ള വസ്തുത. പ്രൊട്ടസ്റ്റൻറുകാർ ഈ ചെറുകൃതി പ്രസിദ്ധീകരിച്ചപ്പോൾ, തങ്ങളുടെ നവീന പ്രബോധനങ്ങളോടു യോജിക്കാത്തവയും, കത്തോലിക്കാ ആശയങ്ങൾ ഉൾക്കൊള്ളുന്നവയുമായ ഭാഗങ്ങൾ എടുത്തുകളഞ്ഞു. ഈ മലയാള വിവർത്തനത്തിനു് ആധാരമായിട്ടുള്ളതു്, ബെനഡിക്ടൈൻ സന്യാസികളുടെ ലത്തീൻ പതിപ്പിനോടും, 1512-ലെ വെനിസ് പതിപ്പിനോടും, 1577-ലെ അന്റുവെർപ്പ പതി

പ്പിനോടും, 1843-ലെ പാരീസ് പതിപ്പിനോടും ഒത്തു നോക്കി പരിഷ്കരിച്ച് അടുത്തകാലത്തു പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു ഇംഗ്ലീഷ് വിവൎത്തനമാകുന്നു.

തോമ്മസ് അക്കെമ്പിസിൻെറ ക്രിസ്ത്വാനുകരണംപോലെയും, ഫ്റാൻസിസ് ദെ സാലെസിൻെറ ഭക്തിമാൎഗ്ഗപ്രവേശികപോലെയും മാഹാത്മ്യവും പ്രാചുൎയ്യവുമേറിയ ഒരു ഗ്രന്ഥമാണിതു്. വാസ്തുവത്തിൽ വേറൊരു 'ഗീതാഞ്ജലി'യാണ് വി. അഗുസ്റ്റിനോസിൻെറ ഈ മഹൽകൃതി. വിശ്വമഹാകവിയായ ടാഗോറിൻെറ ഗീതാഞ്ജലി ഉന്നതസാഹിത്യരസം വഴിഞ്ഞൊഴുകുന്നതാണെങ്കിലും, ഹൈന്ദവവേദാന്തികളുടെ വിശ്വദേവതാവാദത്തിൻെറ ബന്ധനങ്ങളിൽനിന്നു് അതു് തീൎത്തു വിമുക്തമാണെന്നു പറയാൻ നിവൃത്തിയില്ല.

ഭാഷാവിവൎത്തനത്തിൽ മൂലത്തിലെ മൗലിക കവിതാരസം ചോൎന്നുപോകാതിരിപ്പാൻ കഴിയുന്നതും പരിശ്രമിച്ചിട്ടുണ്ട്. കേവലം ഗദ്യരീതിയിലാണ് എഴുതിയിട്ടുള്ളതെങ്കിലും 'പദ്യവരി'കളിലാണ് അച്ചടിച്ചിരിക്കുന്നതു്. ഈ വരികൾ സഞ്ചയിച്ചിരിക്കുന്നതും ഗ്രഹണലാഘവമുണ്ടാകത്തക്ക വിധത്തിലത്രെ. മൂലത്തിൽ ഇങ്ങനെ പദ്യവരികളിലായിട്ടല്ല അച്ചടിച്ചിരിക്കുന്നതു്. ഏതായാലും ഈ പദ്ധതി പലതുകൊണ്ടും കൂടുതൽ ഭംഗിയായിരിമെന്നു വിശ്വസിക്കുന്നു. ദിവ്യകാരുണ്യസന്ദൎശനം, ആരാധന, ധ്യാനസല്ലാപങ്ങൾ മുതലായവയ്ക്കു് ഈ ഗ്രന്ഥം ഉപയോഗിക്കുന്നവരെ അനുസ്മരിച്ച് ഭാഷ കഴിയുന്നതും സുഗ്രഹമായ രീതിയിലാക്കാൻ യത്നിച്ചിട്ടുണ്ട്; സാധാരണ പദങ്ങൾമാത്രം ഉപ

ഗിച്ച് ആശയം വിശദമാക്കുന്നതിന് ഉദ്യമിച്ചെങ്കിലും, അത് എത്രമാത്രം സഫലമായിട്ടുണ്ടെന്നറിഞ്ഞുകൂടാ. ധ്യാനസല്ലാപങ്ങൾക്കും, ദി. കാ. ആരാധനക്കും പഴ്യാപ്തമെന്ന് എനിക്കു തോന്നിയ ചില അദ്ധ്യായങ്ങൾ ക്രമീകരിച്ച് അന്യത്ര ചേർത്തിട്ടുണ്ട്. അവിടവിടെ ചില മിനുസപ്പണികൾ ഇനിയും ചെയ്യേണ്ടതുണ്ടെന്നു തോന്നുന്നു.

ഇതിൻെറ കൈയെഴുത്തു പ്രതിവായിച്ചു നോക്കിയ വന്ദനീയനായ ഒരു പണ്ഡിതൻ എനിക്ക് ഇപ്രകാരം എഴുതി. "അങ്ങു് ഭാഷാന്തരം ചെയ്ത 'അദ്ധ്യാത്മഗീത' സാക്ഷാൽ ഒരു ഗീത തന്നെയാണ്. മഹാനായ വി. അഗുസ്റ്റീനോസിൻെറ ഉന്നതാശയങ്ങൾ അടക്കിക്കൊള്ളുന്ന ആ കൃതിവായിച്ചു തുടങ്ങിയാൽ, ആവത്തിച്ചാവത്തിച്ചു വായിക്കുവാൻ ആഗ്രഹമുണ്ടാകാതിരിക്കയില്ല. അതിനാൽ ക്ഷീണംവകവയ്ക്കാതെ വേഗം അതു വായിച്ചുനോക്കി". ഇങ്ങനെ ഈ പരിശ്രമത്തിൽ എനിക്കു പ്രോത്സാഹനവും സഹായവും നൽകിയിട്ടുള്ള ഏവരോടും ഞാൻ കൃതജ്ഞനായിരിക്കുന്നു.

| | |
|---|---|
| മാന്നാനം,<br>1-11-1944.<br>സകലവിശുദ്ധരുടെ<br>തിരുനാൾ. | ഫാദർ അബ്രൂന്തിയോസ്,<br>റി. ഒ. സി. ഡി. |

# വിഷയവിവരണിക


| | | |
|---|---|---|
| | പ്രസ്താവന | പക്ഷം |
| i | ദൈവത്തിന്റെ വിസ്മയാവഹമായ ആസ്തിക്യവിശേഷം | 1 |
| ii | ദൈവത്തിന്റെ അപരിമിതജ്ഞാനം | 4 |
| iii | ദൈവത്തെ ഗ്രഹിക്കുന്ന ആത്മാവ് | 7 |
| iv | നമ്മുടെ കർത്താവീശോമിശിഹായെ സ്നേഹിക്കയും അന്വേഷിക്കയുംചെയ്യുന്ന ആത്മാവിന്റെ സൗഭാഗ്യം | 11 |
| v | ആത്മാവിന്റെ തൃഷ്ണ | 14 |
| vi | ജഡദാസ്യത്തിൽനിന്നു വിമുക്തമായ ആത്മാവിന്റെ ആനന്ദം | 17 |
| vii | പറുദീസായിലെ പരമാനന്ദം | 20 |
| viii | സ്വർഗ്ഗരാജ്യം | 23 |
| ix | സന്തപ്തചിത്തയായ ആത്മാവിനെ ദൈവം സാന്ത്വനപ്പെടുത്തുന്ന വിധം | 26 |
| x | ദൈവസ്നേഹത്തിന്റെ മാധുര്യം | 28 |
| xi | നമ്മുടെ പരിത്രാണത്തിന്റെ പ്രാരംഭം | 30 |
| xii | പരമാനന്ദം | 32 |
| xiii | റമ്മുടെ പ്രത്യാശയുടെ അടിസ്ഥാനം അവതീർണ്ണനായ നിത്യവചനമാകുന്നു | 35 |

xiv ദൈവത്തെ ധ്യാനിക്കുന്നതിലുള്ള ആനന്ദം 37
xv ഇഹത്തിൽ മിശിഹായെപ്രതി ക്ലേശങ്ങൾ സഹിക്കുന്നത് ആനന്ദപ്രദമാകുന്നു 40
xvi സ്വർഗ്ഗലബ്ധി 43
vxii പറുദീസായും അതിലെ സൌഭാഗ്യവും 44
xviii ദൈവത്തെ സ്നേഹിക്കുന്നതത്രേ മനുഷ്യന് അവിടുത്തോട് ചെയ്യാൻ പാടുള്ള ഏക പ്രതിനന്ദി 49
xix എന്തെല്ലാം കാര്യങ്ങൾ ദൈവം നമ്മിൽ നിന്നു ആവശ്യപ്പെടുന്നു 52
xx ദൈവത്തെ സ്നേഹിക്കുന്ന ആത്മാവിന്റെ സ്ഥൈര്യം 55
xxi ദൈവം മനുഷ്യനുവേണ്ടിച്ചെയ്ത മഹാകാര്യങ്ങൾ 59
xxii നമ്മുടെ കർത്താവീശോമിശിഹായുടെമുറിവുകളെപ്പററിയുള്ള ഓർമ്മ 61
xxiii മിശിഹായുടെ തിരുമുറിവുകളെ സ്മരിക്കുന്നത് വിഷമഘട്ടങ്ങളെ തരണംചെയ്യാൻതക്ക മാർഗ്ഗമാകുന്നു 63
xxiv ആത്മാവിന്റെ ദൈവസ്നേഹഗാനം 67
xxv പരനന്മയെ പ്രാപിച്ചെങ്കിൽ മാത്രമേ ആത്മാവ് സംതൃപ്ത

| | | |
|---|---|---|
| | യാകയുള്ളൂ. | 71 |
| xxvi | യഥാർത്ഥ വിജ്ഞാനം | 73 |
| xxvii | നമ്മുടെ ഹൃദയങ്ങളിൽ പരിശുദ്ധാത്മാവിൻെറ പ്രവൃത്തി | 77 |
| xxviii | ദൈവത്തെ സ്നേഹിക്കുന്നവർ ചെയ്യുന്ന മഹാകാർയ്യങ്ങൾ | 80 |
| xxix | ഹൃദയത്തിൻെറ യഥാർത്ഥ സമാധാനമാർഗ്ഗം | 82 |
| xxx | ദൈവത്തിൽനിന്ന് മനോദൃഷ്ടിയെ വ്യതിചലിപ്പിക്കുന്ന സ്വഭാവം പരിത്യജിക്കേണ്ടതാകുന്നു | 85 |
| xxxi | പാപത്തോടുകൂടി ദൈവദർശനം നഷ്ടമാകയും അതിനുപകരം ദുരിതംവന്നു ഭവിക്കയും ചെയ്യുന്നു | 88 |
| xxxii | ദൈവനന്മ | 93 |
| xxxiii | ദൈവത്തെ അനുഭവിച്ച് ആനന്ദിക്കുന്നതു് | 96 |
| xxxiv | അനന്തനന്മയേയാണ് ആരായേണ്ടതു് | 98 |
| xxxv | സ്വർഗ്ഗത്തിൽ വിശുദ്ധന്മാരുടെ അന്യോന്യ സ്നേഹം | 103 |
| xxxvi | നിത്യജീവിതത്തിലേ പരമാനന്ദം | 106 |

## ധ്യാനസല്ലാപങ്ങൾ.

ദൈവം, മനുഷ്യന്റെ ലക്ഷ്യം — അ. III, V, XXXIII.

പാപം — അ. XXXI.

മരണം — അ. VI.

ദൈവത്തിന്റെ കരുണ — IX, XIII, XXIII, XXXII.

മിശിഹായുടെ പീഡാനുഭവങ്ങൾ — അ. XXI, XXII, XXIII.

പരിശുദ്ധ കുർബാന — അ. XI, XII.

റൂഹാദക്കുദശാ — അ. XXVII.

ദൈവസ്നേഹം — അ. XVIII, XIX, XXIV, XXVIII.

സ്വർഗ്ഗം — അ. VII, VIII, XII, XVI, XVII, XXXVI.

---

## ദി. കാ. ആരാധന

ആരാധന, സ്തോത്രം — അ. I, II, IX, XXXIII.

പരിഹാരം — അ. V, XI, XXXI.

അനുതാപം — അ. XV.

സ്നേഹം — അ. XII, XIII, XIV, XXI, XXII, XXIII.

അപേക്ഷ — അ. III.

# അദ്ധ്യാത്മഗീത

ST. ANTONY'S MONASTERY ALWAYE, TRAVANCORE
S. I. RAILWAY STATION
ALWAYE, TRAVANCORE

## I

## ദൈവത്തിന്റെ
## വിസ്മയാവഹമായ ആസ്തിക്യ
## വിശേഷം

കർത്താവേ, ആകാശവും ഭൂമിയും
നിന്നെക്കൊണ്ടു നിറഞ്ഞിരിക്കുന്നു.
നീ സമസ്തവും വഹിക്കുന്നു
എന്നാൽ ഭാരപ്പെടുന്നില്ല.
നീ സകലവും നിറയ്ക്കുന്നു
എന്നാൽഒന്നുകൊണ്ടുംപരിമിതനാകുന്നില്ല.
നീ എപ്പോഴും പ്രവർത്തിക്കുന്നു
എന്നാൽ സ്വസ്ഥനുമാണ്.
എപ്പോഴും ശേഖരിക്കുന്നു
എന്നാൽ ഒരിക്കലും ആവശ്യക്കാരനല്ല.
എപ്പോഴും അന്വേഷിക്കുന്നു
എന്നാൽ ഒന്നിലും കുറവില്ല.
സ്നേഹിക്കുന്നു
എന്നാൽ അനാശാസ്യമായിട്ടല്ല.
അസൂയാലുവാകുന്നു
എങ്കിലും പ്രശാന്തനാകുന്നു.

നിനക്കു നീരസമുണ്ടാകുന്നു
എങ്കിലും ഒരിക്കലും ദുഃഖിതനാകുന്നില്ല.
നീ കോപിക്കുന്നു
എങ്കിലും ഒരുനാളും ക്ഷോഭിക്കുന്നില്ല.
പ്രവൃത്തികളെ മാററിക്കൊണ്ടിരിക്കുന്നു
എങ്കിലും ഉദ്ദേശത്തിൽ
നീ സുസ്ഥിരനാകുന്നു.
ആരാഞ്ഞതിനെ കണ്ടെത്തുന്നു
എന്നാൽ നീ അതു് ഒരിക്കലും
നഷ്ടപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല.
നിനക്കു ഒന്നുകൊണ്ടും ആവശ്യമില്ല
എങ്കിലും ലഭിക്കുമ്പോൾ സന്തുഷ്ടനാകുന്നു.
നീ ഒരിക്കലും അത്യാഗ്രഹിയല്ല
എങ്കിലും പലിശ ആവശ്യപ്പെടുന്നു.
നിനക്കു് ആരോടും കടപ്പാടില്ല
എങ്കിലും ധാരാളമായി കൊടുക്കുന്നു.
നിൻേറതല്ലാത്തതായി
ആക്കാണു് എന്തെങ്കിലുമുള്ളതു്?
നീ കടം വീട്ടുന്നു
എങ്കിലും നീ ഒരുത്തനോടും വാങ്ങിച്ചിട്ടില്ല.
നീ കടം ഇളച്ചുകൊടുക്കുന്നു
എങ്കിലും ഒന്നും നഷ്ടപ്പെടുന്നില്ല.
നീ എല്ലായിടത്തുമുണ്ടു്
ഓരോ സ്ഥലത്തും നീ
പൂണ്ണമായി സ്ഥിതി ചെയ്യുന്നു.
നിന്നെ ഗ്രഹിക്കുവാൻ കഴിയും
എന്നാൽ ദശിക്കുവാൻ സാദ്ധ്യമല്ല.

നീ വ്യാപിക്കാത്ത ഒരിടവുമില്ല
എങ്കിലും ദുഷ്ടന്മാരുടെ ചിന്തയിൽനിന്നു്
നീ വിദൂരസ്ഥനാകുന്നു.
മാത്രമല്ല, നീ അകന്നിരിക്കുന്നിടത്തു്
സമീപസ്ഥനാകുന്നു.
അനുഗ്രഹത്തിൽ
സന്നിഹിതനാകാത്തിടത്തു്
പ്രതീകാരത്തിൽ നീ സന്നിഹിതനാകുന്നു.
എല്ലാ സ്ഥലത്തും നീ വ്യാപിച്ചിരിക്കുന്നു
എന്നാൽ ഒരിക്കലും കണ്ടെത്തപ്പെടുന്നില്ല.
ഞങ്ങൾ നിന്റെ പിന്നാലെ വരുമ്പോൾ
നീ നില്ക്കുന്നു
എങ്കിലും നിന്റെ ഒപ്പം എത്തുവാൻ
ഞങ്ങൾ പ്രാപ്തരല്ല.
നീ എല്ലാം കൈയടക്കിയിരിക്കുന്നു,
എല്ലാം നിറയ്ക്കുന്നു,
എല്ലാം നിയന്ത്രിക്കുന്നു,
എല്ലാററിനെയും അതിശയിക്കുന്നു,
എല്ലാററിനെയും സംരക്ഷിക്കുകയും ചെയ്യുന്നു.
സ്വരം കൂടാതെ വിശ്വാസികളുടെ
ഹൃദയങ്ങളെ നീ പഠിപ്പിക്കുന്നു.
സ്ഥലകാലവ്യത്യാസം
നിന്നെ ബാധിക്കുന്നില്ല.
പുരോഗതിയോ അധോഗതിയോ
നിനക്കില്ല.
മനുഷ്യൻ കാണുകയോ
കാണാൻ സാധിക്കുകയോ ചെയ്യാത്ത

അപ്രാപ്യമായ പ്രകാശത്തിൽ
നീ വസിക്കുന്നു.
നീ നിന്നിൽത്തന്നെ
നിശ്ചലനായി സ്ഥിതിചെയ്തുകൊണ്ട്
ലോകത്തിൻെറ സകല ഭാഗങ്ങളിലും
സഞ്ചരിക്കുന്നു.
നീ അപരിച്ഛേദ്യനാകുന്നു
എന്തുകൊണ്ടെന്നാൽ, വാസ്തവത്തിൽ
നീ ഏകനാകുന്നു.
നിനക്ക് ഭാഗങ്ങളോ അംശങ്ങളോ ഇല്ല.
സമസ്തവുമായിരുന്നുകൊണ്ട്
നീ സമസ്തവും സംരക്ഷിക്കുന്നു,
സമസ്തവും നിറയ്ക്കുന്നു,
സമസ്തവും പ്രകാശിപ്പിക്കുന്നു,
സമസ്തവും സ്വായത്തമാക്കുകയും ചെയ്യുന്നു.

## II

## ദൈവത്തിൻെറ അപരിമിത ജ്ഞാനം

ലോകം നിറയെ പുസ്തകങ്ങളുണ്ടായാലും
നിൻെറ അവർണ്ണനീയമായ ജ്ഞാനത്തെ
പ്രകാശിപ്പിക്കാൻ മതിയാകയില്ല.
നീ വചനത്തിനും, എഴുത്തിനും,
ചിന്തയ്ക്കും അതീതനാകുന്നു.
നീ ദിവ്യാധികാരത്തിൻെറ ഉറവയും
നിത്യപ്രകാശത്തിൻെറ സൂര്യനുമാകുന്നു.

അളവു കൂടാതെ വലുതായിരിക്കയാൽ
നീ അളവില്ലാത്തവനാകുന്നു.
അവർണ്ണനീയ നന്മയായിരിക്കയാൽ
നീ സത്യമായും പരമനന്മയാകുന്നു.
നീയല്ലാതെ നല്ലവനായി വേറെയാരുമില്ല.
നിൻെറ തിരുമനസ്സു നിറവേറട്ടെ
എന്തെന്നാൽ, മനസ്സാകുന്നതൊക്കെയും
ചെയ്വാൻ നീ ശക്തനാകുന്നു.
ഇല്ലായ്മയിൽ നിന്ന്
നീ സമസ്തവും സൃഷ്ടിച്ചു.
നീ മനസ്സായതുകൊണ്ടുമാത്രം
അവ ഉണ്ടായി.
സകല ജീവജാലങ്ങളെയും
നീ അവകാശമാക്കിയിരിക്കുന്നു
എങ്കിലും, അവകൊണ്ട് യാതൊരാവശ്യവും
നിനക്ക് നിവ്വഹിക്കേണ്ടതായിട്ടില്ല.
അദ്ധ്വാനമൊന്നും കൂടാതെ
അവയെ നീ ഭരിക്കുന്നു.
ശ്രമം കൂടാതെ നീ നയിക്കയും ചെയ്യുന്നു.
അവയിൽ ഉയന്നതും താഴ്ന്നതുമായ
ഒന്നും തന്നെ
നിൻെറ ഭരണക്രമത്തെ
ശിഥിലമാക്കാൻ ശക്തമല്ല.
പരിമിതസ്ഥലത്തിനു വിധേയനാകാതെ
നീ എല്ലായിടത്തും
സന്നിഹിതനായിരിക്കുന്നു.
ഒന്നിനാലും പരിവൃതനാകാതെ

നീ സകലവും അടക്കികൊള്ളുന്നു.
ഒരിടത്തു മാത്രം സ്ഥിതിചെയ്യാതെയും
അന്യസ്ഥലത്തേയ്ക്കു മാറാതെയും
സൎവ്വത്ര സ്ഥിതി ചെയ്യുന്നു.
നീ തിന്മയുടെ കൎത്താവല്ല
എന്തെന്നാൽ, തിന്മ ചെയ്യുക
നിനക്കു യോഗ്യമല്ല.
എല്ലാം സാധ്യമെങ്കിലും
പിന്നീട് പശ്ചാത്താപത്തിനു
കാരണമായേക്കാവുന്ന ഏതും ചെയ്യുന്നത്
നിനക്ക് അസാധ്യമത്രെ.
നിന്റെ നന്മയുടെ ആധിക്യത്താൽ
ഞങ്ങൾ സൃഷ്ടിക്കപ്പെടുന്നു,
നീതിയാൽ ശിക്ഷിക്കപ്പെടുന്നു,
കാരുണ്യാധിക്യത്താൽ
സ്വതന്ത്രരാക്കപ്പെടുകയും ചെയ്യുന്നു.
നിന്റെ സൎവ്വ ശക്തിത്വം
നീ സൃഷ്ടിച്ച സകലത്തും
ഭരിക്കയും നയിക്കയും നിറയ്ക്കയും ചെയ്യുന്നു.
നീ സൎവ്വവും നിറയ്ക്കുന്നതിനാൽ
അവ നിന്നെ അടക്കികൊള്ളുന്നു എന്നല്ല
നീ അവയെ അടക്കികൊള്ളുന്നുവെന്നാണ്
ഞാൻ ഇതിനാൽ വിവക്ഷിക്കുന്നത്.
യാതൊന്നും പ്രത്യംഗമായിട്ടു
നീ നിറയ്ക്കുന്നില്ല.
ഓരോന്നും അതിന്റെ
വലിപ്പച്ചെറുപ്പമനുസരിച്ച്

കൂടുതൽ കുറവായി
നിന്നെ സ്വീകരിക്കുന്നുവെന്നു
വിചാരിക്കുവാനും വഹിയാ.
എന്നാൽ നിൻെറ സവ്വശക്തിത്വം
സംവഹിക്കുന്ന എല്ലാററിലും
നീ മുഴുവനായും എല്ലാം നിന്നിലും
സ്ഥിതിചെയ്യുന്നു.
നിൻെറ പിടിയിൽനിന്നു സ്വതന്ത്രനാവാൻ
ഒരു മനുഷ്യനും നിവൃത്തിയില്ല.
നിൻെറ പ്രീതിയില്ലാത്തവനു്
നിൻെറ വിരോധത്തിൽ നിന്നു്
വിമുക്തനാവാൻ സാധ്യമല്ല.

## III

## ദൈവത്തെ ഗ്രഹിക്കുന്ന ആത്മാവു്

കരുണാനിധിയായ ദൈവമേ,
നിന്നെ ഞാൻ
എൻെറ ആത്മാവിലേയ്ക്കു ക്ഷണിയ്ക്കുന്നു.
അതിൽ നീ നിശ്വസിക്കുന്ന
ആഗ്രഹം വഴിയായി
നിന്നെത്തന്നെ സ്വീകരിക്കുന്നതിനു്
അതിനെ നീ തയാറാക്കുന്നുവല്ലൊ.
നിന്നോടു ഞാൻ കേണപേക്ഷിക്കുന്നു:
നീ അതിൽ പ്രവേശിക്കേണമെ.
അതിനെ നിനക്കു യോഗ്യമാക്കുക

LACKAL JEEVAS
LIBRARY

നീ സൃഷ്ടിക്കയും രക്ഷിക്കയും ചെയ്തതിനെ
അവകാശപ്പെടുത്തുക.
നീ എന്റെ ഹൃദയത്തിന്
ഒരു മുദ്രയായിത്തീരേണമേ.
ഹാ! സ്നേഹ നാഥാ!
നിന്നെ വിളിച്ചുകേഴുന്നവനെ
നീ പരിത്യജിക്കല്ലേ.
എന്തുകൊണ്ടെന്നാൽ നിന്നെ
ഞാൻ വിളിക്കുന്നതിനു മുമ്പ്
നീ എന്നെവിളിക്കയും അന്വേഷിക്കയുംചെയ്തു.
നിന്റെ ദാസനായ ഞാൻ
നിന്നെ ആരായുന്നതിനും,
ആരാഞ്ഞു കണ്ടുപിടിക്കുന്നതിനും,
കണ്ടറിഞ്ഞു സ്നേഹിക്കുന്നതിനുമത്രെ
നീ അങ്ങനെ ചെയ്തത്.
കർത്താവെ, നിന്നെ ഞാൻ അന്വേഷിച്ചു
കണ്ടെത്തുകയും ചെയ്തു.
നിന്നെ സ്നേഹിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.
എന്റെ ആഗ്രഹത്തെ വർദ്ധിപ്പിക്കുക
ഞാൻ യാചിക്കുന്നത് തരിക.
നീ സൃഷ്ടിച്ച സകലത്തേയും തരുന്നുവെങ്കിലും
നിന്റെ ഈ ദാസന്
നിന്നെയുംകൂടി തരാത്തപക്ഷം
അത് ഒരിക്കലും മതിയാകയില്ല.
എന്റെ ദൈവമേ! അതിനാൽ
നിന്നെത്തന്നെ എനിക്കു തരിക.
ഇതാ ഞാൻ നിന്നെ സ്നേഹിക്കുന്നു.

നിന്നെ അല്പമായിട്ടു മാത്രമെ
സ്നേഹിക്കുന്നുള്ളുവെങ്കിൽ
കൂടുതൽ സ്നേഹിക്കുവാൻ
നീ എനിക്കു കൃപ നൽകുക.
നിന്റെ സ്നേഹത്താൽ
ഞാൻ ബന്ധിക്കപ്പെട്ടിരിക്കുന്നു.
നിന്നെ ആഗ്രഹിച്ചുകൊണ്ടു്
ഞാൻ, എരിഞ്ഞു ദഹിച്ചുപോകുന്നു.
നിന്റെ മധുരസ്മരണയിൽ ഞാൻ
അതീവ സന്തുഷ്ടനാകുന്നു.

എന്റെ മനസ്സ് നിന്റെ പക്കലേയ്ക്കുയന്നു്
പറഞ്ഞറിയിക്കാവതല്ലാഞ്ഞ നിന്റെ
സ്നേഹകാരുണ്യങ്ങളെപ്പററി
ചിന്തിക്കുവാൻ തുടങ്ങുമ്പോൾ
എന്റെ ശരീരഭാരം കുറയുന്നു,
ചിന്താബാഹുല്യം അവസാനിച്ചുപോകുന്നു.
ഐഹിക ദുഃഖാരിഷ്ടതകളുടെ ഘനം
എന്നെ നിരുത്സാഹനാക്കുന്നില്ല.
എല്ലാം പ്രശാന്തമനോഹരമായിത്തീരുന്നു.
എന്റെ ഹൃദയം പ്രഭാപൂരിതമാകുന്നു,
മനസ്സ് സന്തോഷമഗ്നമാകുന്നു,
ഓർമ്മശക്തി ഉണന്നു്
നവചൈതന്യം പ്രാപിക്കുന്നു,
ബുദ്ധി പ്രകാശമാനമായിത്തീരുന്നു.
എന്റെ ആത്മാവു മുഴുവനും നിന്നെ
കാണാനുള്ള ആഗ്രഹത്താൽ എരിഞ്ഞുകൊണ്ടു്
സ്വർഗ്ഗീയ വസ്തുക്കളോടുള്ള സ്നേഹത്താൽ

സംഭ്രാന്തമായിപ്പോകുന്നു.
അതു് രാജാളിപ്പക്ഷിയെപ്പോലെ
പക്ഷങ്ങൾ വിരിച്ചു്
നിർബാധം പറന്നുല്ലസിക്കട്ടെ.
നിൻെറ ഭവനത്തിൻെറ മനോഹരതയിലും
മഹത്വത്തിൻെറ സിംഹാസനത്തിങ്കലും
അതു് പറന്നെത്തട്ടെ.
സമൃദ്ധമായൊഴുകുന്ന നീർച്ചാലുകളുടെ
സമീപമുള്ള മേച്ചിൽസ്ഥലത്തു
വാനവ പൗരന്മാരുടെ മേശയിൽനിന്നു
ഭക്ഷിച്ചു അതു പരിപുഷ്ടമാകട്ടെ.
ഞങ്ങളുടെ ശരണവും രക്ഷയും
പരിത്രാണവുമായ നീ
ഞങ്ങളുടെ ആനന്ദവുമാകണമേ!
ഞങ്ങളുടെ പ്രതിസമ്മാനമാകുന്ന നീ
ഇഹത്തിൽ ഞങ്ങളുടെ
ഭാഗ്യനികേതവുമാകേണമേ!
എൻെറ ആത്മാവു് എപ്പോഴും
നിന്നെ അന്വേഷിക്കട്ടെ.
നിന്നെ അന്വേഷിക്കുന്നതിൽ
അതു് ഒരിക്കലും ക്ഷീണിച്ചുപോകാതിരിക്കട്ടെ.

# IV

## നമ്മുടെ കർത്താവീശോമിശിഹായെ സ്നേഹിക്കയും അന്വേഷിക്കയും ചെയ്യുന്ന ആത്മാവിൻെറ സൌഭാഗ്യം

മിശിഹായെ സ്നേഹിക്കാതെയും
തന്നെ അന്വേഷിക്കാതെയുമിരിക്കുന്ന
നികൃഷ്ടാത്മാവിനു ശാപം.
അതു് ശുഷ്കവും നികൃഷ്ടവുമായ
ജീവിതം നയിക്കുന്നു.
ദൈവമേ നിന്നെ സ്നേഹിക്കാത്തവൻെറ
ജീവൻ നഷ്ടമായിത്തീരുന്നു.
കർത്താവെ, നിനക്കായിട്ടു ജീവിക്കുവാൻ
ശ്രദ്ധിക്കാത്തവൻ ശൂന്യനും
വ്യർത്ഥമായിട്ടു വ്യാപരിക്കുന്നവനുമാകുന്നു.
നിനക്കായിട്ടു് ജീവിക്കുവാൻ മടിക്കുന്നവൻ
കേവലം മൃതനാകുന്നു.
നിന്നെ അറിയാത്തവൻ ബുദ്ധിഹീനനാകുന്നു.
കരുണാവാരിധിയായ കർത്താവേ,
ഇതാ നിനക്കു ഞാൻ വിധേയനാകുന്നു,
നിനക്കു എന്നെ കയ്യാളിക്കയും '
നിന്നിൽ ആശ്രയിക്കയും ചെയ്യുന്നു
എന്തെന്നാൽ, എൻെറ അസ്തിക്യവും

എൻെറ ജീവനും എൻെറ ജ്ഞാനവും
നീ വഴിയായിട്ടാകുന്നു.
എൻെറ സകല മനോവിശ്വാസവും,
ഉറപ്പും ശരണവും നിന്നിൽ വച്ചിരിക്കുന്നു.
നീ വഴിയായി ഞാൻ വീണ്ടും ഉയിർത്ത്
നവജീവൻ പ്രാപിക്കയും
സമാധാനം ആസ്വദിക്കയും ചെയ്യും.
ഞാൻ നിന്നെ അധികമായി ആഗ്രഹിക്കയും
സ്നേഹിക്കയും ആരാധിക്കയും ചെയ്യുന്നു.
നിന്നോടുകൂടി വസിക്കയും
നിന്നോടുകൂടി വാഴുകയും
നിന്നോടുകൂടി സൗഭാഗ്യം
അനുഭവിക്കയും ചെയ്യും.
നിന്നെ അന്വേഷിക്കയും
സ്നേഹിക്കയും ചെയ്യാത്ത ആത്മാവ്
ലോകത്തെ അന്വേഷിക്കയും
സ്നേഹിക്കയും ചെയ്യുന്നു.
പാപത്തെ സേവിക്കുന്നു,
തിന്മക്കു വിധേയമാകുന്നു,
എപ്പോഴും അസ്വസ്ഥമായിരിക്കുന്നു,
ഒരിക്കലും സ്വതന്ത്രമല്ല.
സ്നേഹനിധിയായ കർത്താവെ, എൻെറ മനസ്സ്
നിന്നെ എപ്പോഴും സേവിക്കുവാനും,
എൻെറ പ്രയാണം എപ്പോഴും
നിൻെറ പക്കലേയ്ക്കായിരിപ്പാനും,
എൻെറ ഹൃദയം നിന്നോടുള്ള സ്നേഹത്താൽ
കത്തിജ്ജ്വലിക്കുവാനും ഇടയാകട്ടെ.

എൻെറ ദൈവമേ,
എൻെറ ആത്മാവ് നിന്നിൽസമാശ്വസിക്കട്ടെ.
അത് നിന്നെ കാണുവാൻ
ശീഘ്രം ഓടിയണയട്ടെ,
അത് അത്യധികമായ ആനന്ദത്തോടുകൂടി
നിൻെറ സ്തുതികളെ പാടട്ടെ.
ഈ ജീവിതയാത്രയിൽ അതായിരിക്കട്ടെ
എൻെറ ഏകാശ്വാസം.
ലൌകിക ചിന്തകളുടെ
കഠിനമായ ചൂടിൽ നിന്ന്
സുരക്ഷിതമായി എൻെറ മനസ്സ്
നിൻെറ ചിറകിൻ തണലിൽ
അഭയം പ്രാപിക്കട്ടെ.
എൻെറ ഹൃദയം
നിന്നിൽതന്നെ ആശ്വസിക്കട്ടെ.
തിരമാലകളാൽ ഇളകിമറിയുന്ന
എൻെറ ഹൃദയാബ്ധി
നിന്നിൽ പ്രശാന്തമാകട്ടെ.
സകല ഗുണഗണങ്ങളാലും
ധന്യനായ ദൈവമെ,
സ്വർഗ്ഗീയ നിക്ഷേപങ്ങളുടെ ഉദാരദാതാവേ,
വിശന്നു വലയുന്ന എനിക്കു് ആഹാരം തരിക.
ഛിന്നഭിന്നമായ എന്നെ വാരി എടുക്കേണമേ.
കാരാഗൃഹത്തിൽ നിന്ന്
എന്നെ മോചിപ്പിക്കേണമെ,
അവയവങ്ങളെല്ലാം മുറിച്ച്
വെവ്വേറെയാക്കപ്പെട്ട എന്നെ

നീ പൂർണ്ണാവസ്ഥയിൽ എത്തിക്കേണമെ.
ഇതാ ഞാൻ വാതുക്കൽ നിന്നുകൊണ്ട് മുട്ടുന്നു.
നിൻെറ കാരുണ്യാതിരേകത്താൽ
ഉന്നതത്തിൽനിന്നിറങ്ങി
ഞങ്ങളെ സന്ദർശിച്ചതിനെക്കുറിച്ച്
ഞാൻ അപേക്ഷിക്കുന്നു.
പുറത്തുനിന്നു മുട്ടുന്ന ഈ നിർഭാഗ്യന്
വാതിൽ തുറക്കുവാൻ
നീ ആജ്ഞാപിക്കേണമെ.
എൻെറ ആത്മാവ് നിൻെറ പക്കലേക്ക്
നിർബാധം അടുക്കട്ടെ
നിന്നിൽ സമാശ്വസിക്കട്ടെ.
സ്വർഗ്ഗീയ 'മന്നാ'കൊണ്ട് എന്നെ
നീ പോററുകയും ചെയ്യേണമേ.
നീ ജീവൻെറ അപ്പവും ഉറവയും ആകുന്നു.
നിത്യപ്രകാശത്തിൻെറ പ്രഭയും നീയാകുന്നു.
നിന്നെ സ്നേഹിക്കുന്ന നീതിമാന്മാക്ക്
ഉപകരണമായ സകലവും നീ തന്നെയാകുന്നു.

## V

## ആത്മാവിൻെറ തൃഷ്ണ

ഹാ! ദൈവമേ, നിന്നെ ദർശിക്കുന്ന
ഹൃദയങ്ങൾക്ക് പ്രകാശവും
നിന്നെ സ്നേഹിക്കുന്ന ആത്മാക്കൾക്ക് ജീവനും
നിന്നെ അന്വേഷിക്കുന്ന
ചിന്താവിശേഷത്തിനു ശക്തിയുമായുള്ളോവേ,

നിന്നോടുള്ള പരിശുദ്ധ സ്നേഹത്താൽ
ഞാൻ ബന്ധിക്കപ്പെട്ടിരിപ്പാൻ
അനുഗ്രഹം ചെയ്യേണമേ.
നാഥാ, എൻെറ ഹൃദയത്തിൽ
എഴുന്നള്ളി വരിക.
നിൻെറ ആനന്ദാതിരേകത്തിൽനിന്ന്
ആവോളം കുടിച്ച് അത്‌ സംതൃപ്തമാകയും
ഐഹികകാര്യങ്ങളെ
തീരെ വിസ്മരിക്കയും ചെയ്യട്ടെ.
ഈ ലൗകികകാര്യങ്ങളിൽ ഉൾപ്പെടുവാൻ
എനിക്ക് ലജ്ജ തോന്നുന്നു, ഈർഷ്യതോന്നുന്നു.
ഞാൻ കാണുന്ന ഈ ക്ഷണഭംഗുരമായ
വസ്തുക്കളെല്ലാം എനിക്കു സങ്കടകരവും
അവയെപ്പററി കേൾക്കുന്നതെല്ലാം
എനിക്ക് വിഷാദജനകവുമാകുന്നു.
എൻെറ കർത്താവായ ദൈവമേ!
എന്നെ സഹായിക്കേണമേ.
എൻെറ ഹൃദയത്തെ
സന്തോഷപൂർണ്ണമാക്കേണമെ.
നീ എൻെറ അടുക്കൽ വരിക
നിന്നെ ഞാൻ ദർശിക്കട്ടെ.
നീ വന്ന് വിസ്തൃതമാക്കുന്നതുവരെ
എൻെറ ആത്മാവിൻെറ
ഭവനം ഇടുങ്ങിയതായിരിക്കും.
അത്‌ നഷ്ടപ്രായമായിരിക്കുന്നു.
നീ അത്‌ നന്നാക്കേണമെന്ന്
ഞാൻ അപേക്ഷിക്കുന്നു.

നിനക്ക് അനിഷ്ടകരമായ
പലേ വസ്തുക്കളും അതിലുണ്ട്.
എനിക്ക് അറിയാം
ഞാൻ അതു ഏററു പറകയും ചെയ്യുന്നു.
അതു് ആർ ശുചിയാക്കും?
നിന്നെയല്ലാതെ ഞാൻ ആരെയാണ്
വിളിച്ചു കേഴേണ്ടതു്?
കർത്താവെ, എന്റെ നിഗ്രദ്ധപാപങ്ങളെ
കഴുകിക്കളയേണമെ.
മററുള്ളവയിൽ നിന്നു്
നിന്റെ ദാസനെ വിമുക്തനാക്കേണമേ.
മാധുര്യ്യവാനായ മിശിഹായേ,
എന്റെ യാചന കേൾപ്പാൻ
അനുഗ്രഹം ചെയ്യേണമേ.
നല്ല ഈശോയേ, നിന്നോടുള്ള സ്നേഹത്താലും
ആഗ്രഹത്താലും ജഡികാഭിലാഷങ്ങളുടേയും
ലൌകിക വ്യാമോഹങ്ങളുടേയും
ഭാരത്തെ എടുത്തുകളയുവാൻ
നീ കൃപ ചെയ്യേണമേ.
എന്റെ ആത്മാവു് ജഡത്തെ ഭരിക്കയും,
ആത്മാവിനെ വിവേകം ഭരിക്കയും ചെയ്യട്ടെ
നിന്റെ പ്രസാദവരം
എന്റെ ബുദ്ധിയെ ഭരിക്കയും
ആന്തരികവും ബാഹ്യവുമാംവിധം
നിന്റെ തിരുമനസ്സിന്നു്
എന്നെ വിധേയനാക്കുകയും ചെയ്യട്ടെ.
എന്റെ ഹൃദയവും എന്റെ നാവും

എൻെറ സകല അസ്ഥികളും
നിന്നെ സ്തുതിക്കുവാൻ തക്കവണ്ണം
നിൻെറ അനുഗ്രഹത്തെ
എനിക്കു പ്രദാനം ചെയ്യേണമേ.
സകലത്തിലും നിവസിക്കുന്ന
നിത്യജ്ഞാനമായ നിന്നെ
എൻെറ അരൂപിയുടെ
ക്ഷണികചിന്താമാത്രത്താൽ പ്രാപിക്കുന്നതിനു
എൻെറ മനസ്സിനെ വിസ്തൃതമാക്കുകയും
എൻെറ ഹൃദയാഭിലാഷങ്ങളെ
ഉയർത്തുകയും ചെയ്യേണമേ.
ഞാൻ സമസ്തവും പരിത്യജിച്ചുകൊണ്ട്
നിന്നോടു ചേരുകയും
നിന്നോടുമാത്രം ഏകീഭവിക്കയും
നിന്നെ മാത്രം ശ്രവിക്കയും ചെയ്യാൻ
എന്നെ ബന്ധിച്ചിരിക്കുന്ന
ചങ്ങലകളെ അഴിച്ച്
സ്വതന്ത്രനാക്കേണമെന്നു
നിന്നോടു ഞാൻ അപേക്ഷിക്കുന്നു.

## VI
## ജഡദാസ്യത്തിൽനിന്നു വിമുക്തമായ ആത്മാവിൻെറ ആനന്ദം

കർത്താവേ, ഭൗമികകാരാഗൃഹത്തിൽനിന്നു
മോചനം പ്രാപിച്ച്
സ്വർഗ്ഗത്തിലേയ്ക്കു പറന്നുയന്ന്

മാധുര്യ്യവാനായ നിന്നെ അഭിമുഖമായി
ദർശിക്കുന്ന ആത്മാവു തന്നെ
സാക്ഷാൽ സൗഭാഗ്യമുള്ളവൾ.
അവൾ ഒരിക്കലും മരണഭീതിയാൽ
അസ്വസ്ഥയാകുന്നില്ല.
മറിച്ച്, അനന്തമഹിമാവിൻെറ നിത്യത്വത്തിൽ
ആനന്ദപരവശയായിച്ചമയുന്നു.
എന്തുകൊണ്ടെന്നാൽ, അവൾ
അപമൃത്യുക്തയായിത്തീന്നിരിക്കുന്നു.
ശത്രുവിനേയോ മരണത്തേയോ
മേലാൽ ഭയപ്പെടേണ്ടതില്ല.
പണ്ടേതന്നെ അന്വേഷിക്കുകയും,
എന്നും സ്നേഹിക്കുകയും ചെയ്യ
അവളുടെ കരുണാനാഥനായ നിന്നെ
അവൾ പ്രാപിക്കുന്നു.
വാനവഗായകസംഘത്തോടൊപ്പം
നല്ല ഈശോയും മിശിഹാരാജനുമായ
നിൻെറ മഹത്വത്തെ പ്രകീർത്തിക്കുന്ന
നിത്യസന്തുഷ്ടിയുടെ മധുരഗാനങ്ങൾ
അവൾ ആലപിക്കുന്നു.
നിൻെറ ഭവനത്തിൻെറ പരിപൂർണ്ണതയും
നിൻെറ പരിതുഷ്ടിയുടെ പ്രവാഹവുംകൊണ്ടു്
അവൾ നിറഞ്ഞിരിക്കുന്നു.
സങ്കടകരമായ ഈ യാത്ര കഴിഞ്ഞു്
നിൻെറ പക്കലേയ്ക്കു്
മനോഹരതയുടെ സൌഭാഗ്യത്തിലേക്ക്
സകല പ്രഭയുടേയും രമണീയതയിലേക്ക്

എല്ലാറ്റിനെയും അതിശയിക്കുന്ന
പദവിയിലേക്ക്
തിരിച്ചുവരുന്ന സ്വർഗ്ഗീയപൌരന്മാരുടെ
ആനന്ദം എത്ര അപരിമേയവും
അവരുടെ ഉത്സവം എത്ര പ്രതാപകരവും
ആയിരിക്കും!
കർത്താവേ, നിൻെറ പൌരന്മാർ
അവിടെ നിന്നെ എന്നും ദർശിക്കും.
മനസ്സിനെ ശല്യപ്പെടുത്തുന്ന ഒന്നുംതന്നെ
അവിടെ ഉണ്ടായതായി കേട്ടിട്ടില്ല.

ഏതെല്ലാം തരത്തിലുള്ള ഗാനങ്ങളും
ഗാനോപകരണങ്ങളുമാണ് അവിടെയുള്ളത്!
ഏതെല്ലാം കീർത്തനങ്ങളും അലാപങ്ങളുമാണ്
അവിടെനിരന്തരം മുഴങ്ങിക്കൊണ്ടിരിക്കുന്നത്!
വിവിധതരത്തിലുള്ള ഗാനവിശേഷങ്ങളും
മാലാകാമാരുടെ മധുരമായ ആലാപങ്ങളും
നിൻെറമഹത്വത്തിനായിസ്വർഗ്ഗനിവാസികൾ
പാടുന്ന അത്ഭുതകരമായ സംഗീതങ്ങളും
എപ്പോഴും അവിടെ കേൾക്കാം.
നിൻെറ രാജ്യാതിർത്തിയിൽ കാലുഷ്യത്തിനോ
കാഠിന്യത്തിനോ സ്ഥാനമില്ല.
കാരണം, അവിടെ ജളനോ ജളത്വമോ,
എതിരാളിയോവെല്ലുവിളിക്കാരനോ ഇല്ല.
പാപത്തിലേയ്ക്കുള്ളപ്രേരണയും അവിടെയില്ല.
ദാരിദ്ര്യമോ ലജ്ജയോ, വാഗ്വാദമോ,
ദുഷ്കൃത്യമോ, മാപ്പുചോദിക്കലോ, ഭയമോ,
അസ്വസ്ഥതയോ, ശിക്ഷയോ, സംശയമോ,

ദുഷ്പ്രാബല്യമോ, മാത്സര്യമോ
അവിടെയില്ല.
പരിപൂർണ്ണസമാധാനവും പരിപൂർണ്ണസ്നേഹവും
നിരന്തരസന്തോഷവും ദൈവസ്തുതികളും
അന്തമററ പ്രശാന്തതയും
പരിശുദ്ധാത്മപിയുടെ നിത്യാനന്ദവും
അവിടെ കളിയാടുന്നു.

പരിശുദ്ധ ത്രിത്വത്തിനു യഥാർഹമായ
ബഹുമാനത്തോടെ സ്തുതികൾ സമർപ്പിക്കുന്ന
സ്വർഗ്ഗവാസികളുടെ മധുരസംഗീതം
ശ്രവിക്കുവാൻ സാധിച്ചെങ്കിൽ
ഞാൻ എത്രയോ ഭാഗ്യവാൻ!
നമ്മുടെ കർത്താവീശോ മിശിഹായ്ക്കു
സെഹിയോൻെറ മധുരഗീതങ്ങളിലൊന്ന്
പാടുവാൻ എനിയ്ക്കിടയായാൽ
ഞാൻ അതീവസൗഭാഗ്യവാനായിരിക്കും.

## VII

## പറുദീസായിലെ പരമാനന്ദം

ഹാ! ചൈതന്യസമ്പൂർണ്ണമായ ജീവിതമേ!
ദുഃഖസമ്മിശ്രമാകാത്ത സന്തോഷവും,
പ്രയത്നം ആവശ്യമില്ലാത്ത വിശ്രമവും,
ഭയരഹിതമായ പദവിയും, നഷ്ടമാകാത്ത
ധനവും, അരോഗമായ ശരീരവും,
ഒന്നിനു ഒരു കുറവുമില്ലാത്ത സമൃദ്ധിയും,
മരണമില്ലാത്ത ജീവിതവും,

ഇടമുറിയാത്ത നിത്യതാവും
അനത്ഥങ്ങളില്ലാത്ത സൗഭാഗ്യവും നിറഞ്ഞ
നിതാന്തസന്തോഷസംദായകമായ ജീവിതമേ!
എവിടെ സകലരും
പരിപൂർണ്ണസ്നേഹത്തിൽ സ്ഥിതിചെയ്യുന്നുവോ,
എവിടെ യഥാത്ഥമനോഹരതയും
പരിപൂർണ്ണദശ്നവുമുണ്ടോ,
എവിടെ എല്ലാത്തിലും എല്ലാത്തിൻേറയും
ജ്ഞാനം തികഞ്ഞിരിക്കുന്നുവോ,
എവിടെ ദൈവത്തിൻെറ അപാരനന്മ
മനസ്സിലാക്കുകയും തൻെറ പ്രകാശമാനമായ
പ്രഭയെ വിശുദ്ധന്മാർ പ്രകീത്തിക്കയും
ചെയ്യുന്നുവോ, എവിടെ ദൈവമഹിമ–
പ്രഭാവത്തെ ദശിക്കയും കാണികളുടെ മനസ്സ്
ജീവൻെറ ആഹാരത്താലെന്നവണ്ണം
സവ്വസമ്പൃഷ്ടമായിത്തീരുകയും ചെയ്യുന്നുവോ,
അവിടത്തെപ്പോലുള്ള സൗഭാഗ്യജീവിതമേ!
അവർ സന്തതം നിന്നെ ദശിക്കയും
ദശിക്കവാൻ ആഗ്രഹിക്കയും ചെയ്യുന്നു.
എന്നാൽ സമാധാനരഹിതരാകാതെ
അവർ തീവ്രമായി ആഗ്രഹിക്കയും
ക്ഷീണിതരാകാതെ
സ്ഥിതിചെയ്കയും ചെയ്യുന്നു.

അവിടെ നീതിസൂര്യൻ തൻെറ
അത്ഭുതജനകമായ മഹിമാപൂർത്താൽ
ഏവരേയും കുതൂഹലചിത്തരാക്കയും
സകല സ്വഗ്ഗീയപൗരന്മാരെയും

പ്രകാശിപ്പിക്കയും ചെയ്യുന്നു.
ദൈവം അവരെ പ്രകാശിപ്പിച്ച
പ്രകാശത്താൽതന്നെ അവർ
മററുള്ളവരേയുംപ്രകാശിപ്പിക്കുന്നു.
സൂൎയ്യന്റെ സകല പ്രതാപത്തേയും
എല്ലാ നക്ഷത്രങ്ങളുടെ പ്രഭയേയും
അതിശയിക്കുന്ന ആ പ്രകാശവിശേഷം
അനന്തദൈവത്തോടു ചേൎന്നു നില്ക്കുന്നവരെ
പ്രഭാപൂൎണ്ണരാക്കുകയും
നമ്മുടെ രക്ഷകന്റെ വാഗ്ദാനമനുസരിച്ച്
അവർ അനശ്വരതേജോമൂൎത്തികളായി
പരിണമിക്കയും ചെയ്യും.
നമ്മുടെ കൎത്താവ് ഇപ്രകാരം
തന്റെ പിതാവിനോടു പ്രാൎത്ഥിച്ചു:
പിതാവെ, നീ എനിക്കു നൽകിയവർ
എന്റെ മഹിമയെ
ദൎശിക്കുവാൻ ഞാൻ എവിടെയോ
അവിടെ അവരും ആയിരിക്കുന്നതിനു
ഞാൻ ആഗ്രഹിക്കുന്നു.
പിതാവേ, നീ എന്നിലും ഞാൻ നിന്നിലും
ആയിരിക്കുന്നതുപോലെ
അവരേവരും ഒന്നായിരിക്കുകയും
അവർ നമ്മിൽ ഒന്നായിരിക്കയും ചെയ്യട്ടെ.

# VIII

## സ്വർഗ്ഗരാജ്യം

സ്വർഗ്ഗരാജ്യമേ, സൗഭാഗ്യസമ്പൂർണ്ണമായ
രാജ്യമേ, അനശ്വരരാജ്യമേ,
കാലപരിണാമങ്ങളില്ലാത്തതും,
രാത്രിയില്ലാതെ എന്നും
പകലായിരിക്കുന്നതിനാൽ സമയമെന്തെന്ന്
നിർണ്ണയിക്കാൻ വഹിയാത്തതും,
വിജയിയായ യോദ്ധാവ്
തൻെറ പ്രയത്നത്തിനു പ്രതിഫലമായി
അവാച്യമായ സമ്മാനം സ്വീകരിക്കുന്നതും,
അനശ്വരവിജയകിരീടമണിയുന്നതുമായ
നിത്യരാജ്യമേ!

ദൈവകൃപാധിക്യത്താൽ മിശിഹായുടെ
ദാസന്മാരിൽ നിസ്സാരനായ ഈയുള്ളവൻ
പാപവിമുക്തനായി,
ജഡഭാരം അഴിഞ്ഞുനീങ്ങി,
ദൈവത്തിൻെറ നിത്യനഗരത്തിലെ
ആനന്ദാതിശയങ്ങളിൽ സംബന്ധിക്കുവാനും,
അവിടത്തെ വിശുദ്ധഗായകസംഘത്തിൽ
ചേരുവാനും പ്രാപ്തനാകിയെങ്കിൽ!
അവിടെ, ശുദ്ധാത്മാക്കളോടൊന്നിച്ച്
സ്രഷ്ടാവിൻെറ മഹിമപ്രഭാവത്തിൻമുമ്പാകെ
നില്ക്കുവാനും, തന്നെ അഭിമുഖമായി
ദർശിച്ചുകൊണ്ട് മരണഭയമില്ലാത്തവനായി

അനശ്വരതയിലും അമരത്വത്തിലും
നിർബാധം ആനന്ദിക്കുവാനും സാധിച്ചെങ്കിൽ!
സർവ്വജ്ഞനായ തന്നോടു ചേർന്നുകൊണ്ട്
ഭൗമികമായ സമസ്തവും തൃണവൽഗണിച്ച്
കണ്ണുനീരിന്റെ
ഈ താഴ്വരയെ സാരമാക്കാതെയും
അതിനെപ്പറ്റി ഒരിക്കലും വിചാരിക്കാതേയും
സമസ്ത അജ്ഞാനാന്ധതയേയും
ദൂരത്തകററുവാനും സാധിച്ചെങ്കിൽ
ഹാ! ഞാൻ എത്ര സൌഭാഗ്യവാൻ!!!
നമ്മുടെ ഐഹികജീവിതം സങ്കടകരവും
നശ്വരവും തിക്തകസമാനവുമാകുന്നു.
ഈ ജീവിതം ദുഷ്കൃത്യങ്ങളുടെ ആസ്ഥാനവും
നരകത്തിലേയ്ക്കുള്ള പ്രേരകവുമാകുന്നു.
ഐഹികജീവിതത്തിൽ
രോഗം മനുഷ്യനെ മർദ്ദിക്കുകയും
ദുഃഖങ്ങൾ അവനെ
ഭാരപ്പെടുത്തുകയും ചെയ്യുന്നു.
ചൂട് അവനെ ഉണക്കിപ്പൊരിക്കയും
ശീതോഷ്ണത സ്ഥിതിഭേദങ്ങൾ
അവനെ രോഗിയാക്കുകയും ചെയ്യുന്നു.
ആഹാരംകൊണ്ട് തടിച്ചവനും
ഉപവാസംകൊണ്ട്
മെലിഞ്ഞവനുമായിത്തീരുന്നു.
സന്തോഷാധിക്യം
അവനെ ക്ഷീണിതനാക്കുകയും
സങ്കടങ്ങൾ ഹനിച്ചുകളയുകയും ചെയ്യുന്നു.

ചിന്ത അവനെ ദണ്ഡിപ്പിക്കുകയും,
അലംഭാവം മന്ദീഭവിപ്പിക്കുകയും ചെയ്യുന്നു.
ധനം അവനെ അഹങ്കാരിയാക്കുന്നു.
ദാരിദ്ര്യം അധഃപതിപ്പിക്കുന്നു.
യൌവനം അവനെ ഉയർത്തുന്നു.
വാർദ്ധക്യം അവനെ കുനിച്ചുകളയുന്നു.
രോഗം അവനെ വിരൂപനാക്കുന്നു.
സങ്കടം അവനെ തള്ളിവീഴിക്കുന്നു.
അവനെ വഞ്ചിക്കുവാൻ
പിശാച് കാത്തുനില്ക്കുന്നു.
ലോകം അവനെസ്തുതിക്കുന്നു.
ജഡം അവനെ വിഷയേച്ഛുവാക്കുന്നു.
ഈ ജീവിതത്തിൽ ആത്മാവ് അന്ധമായി
മർത്ത്യൻ കേവലം ക്രമരഹിതനായിച്ചമയുന്നു.
ഈ എണ്ണമില്ലാത്ത മഹാ അധർമ്മങ്ങളെ
തുടന്ന് അവസാനം ദുർമ്മരണമായി.
അങ്ങനെ മിഥ്യാ സന്തോഷങ്ങൾക്ക്
പൂർണ്ണവിരാമമിടുന്നു.
ഒരിക്കൽ കടന്നുപോയാൽ പിന്നെ
പണ്ട് അവ ഉണ്ടായിരുന്നെന്നുള്ള
കാര്യംക്രൂടെയും, അവശേഷിക്കുന്നില്ല.

# IX

## സന്തപ്തചിത്തയായ ആത്മാവിനെ ദൈവം സാന്ത്വന പ്പെടുത്തുന്നവിധം

ക്ലേശബാഹുലമായ ഈ മർത്ത്യജീവിതത്തിൽ
അത്ഭുതകരമായ പ്രസാദവരത്താൽ
ഞങ്ങളെ സ്വാന്ത്വനപ്പെടുത്തുന്ന കർത്താവേ,
നിനക്ക് എത്രതരം സ്തുതികളും
നമസ്കാരങ്ങളുമാണ് സമർപ്പിക്കേണ്ടതു്?
എൻെറ ജീവിതാന്തത്തെപ്പററി
ഭയാക്രാന്തനാകയും
എൻെറ പാപബാഹുല്യത്തെപ്പററി
ചിന്തിക്കുകയും
നിൻെറ വിധിയെക്കുറിച്ച് ഭയപ്പെടുകയും,
എൻെറ മരണസമയത്തെ ഓർക്കുകയും
നരകശിക്ഷയെ ഓർത്ത് വിഷാദമഗ്നനാകയും,
എൻെറ പ്രവൃത്തികളെ
നീ എത്ര കാർക്കശ്യത്തോടുകൂടി
പരിശോധിക്കുമെന്നു
ഉൽകണ്ഠാഭരിതനായിത്തീരുകയും,
ഇവയെല്ലാം എൻെറ ജീവിതാന്ത്യത്തിൽ
എങ്ങനെയായിരിക്കുമെന്ന്
അജ്ഞാതമായിരിക്കുകയും ചെയ്യുമ്പോൾ,
ദുഃഖപാരവശ്യത്താൽ
ശക്തിഹീനനായിത്തീരുന്ന

ഈ നീചസൃഷ്ടിയെ തൃക്കൺപാർക്കേണമേ?.
ഇവയും മററനേകം സംഗതികളും
എൻെറ മനസ്സിലോർത്ത്
ക്ലേശപരവശനാകുമ്പോൾ,
കർത്താവായ ദൈവമേ,
നിനക്ക് സഹജമായവിധം
എന്നെസമാശ്വസിപ്പിക്കുവാൻ
നീ സന്നദ്ധനാകുന്നുവല്ലോ?
ഈ പ്രലാപങ്ങളുടേയും ആവലാതികളുടേയും
ദീർഘനിശ്വാസങ്ങളുടേയും മദ്ധ്യേ
എൻെറതപ്തമനസ്സിനെഉന്നതപർവ്വതങ്ങളുടെ
കൊടുമുടികളിലേക്കും
സുഗന്ധപൂമലർ വാടിയിലേയ്ക്കും
ആനയിക്കുകയും
എൻെറ ക്ഷീണിതമായ ആത്മാവിനെ
ഉണർത്തുന്നതിനും
ദുഃഖഭാരത്താൽ വലയുന്ന
ഹൃദയത്തെ സന്തോഷിപ്പിക്കുന്നതിനും
വിവിധതരത്തിൽ വിശിഷ്ടമായ
ഒരു മേശയെ നീ സജ്ജമാക്കി
മധുരജലസമ്പൂർണ്ണമായ
നദീപ്രാന്തങ്ങളിലെ മേച്ചിൽ സ്ഥലത്ത്
എന്നെ നിറുത്തുകയും ചെയ്യും.
ഈ ഭക്ഷ്യപദാർത്ഥങ്ങളാൽ
പരിപുഷ്ടനായിത്തീരുമ്പോൾ,
എൻെറ സകല ക്ലേശങ്ങളും
ഞാൻ വിസ്മരിച്ചുപോകും.

ഞാൻഭൂതലത്തിൽനിന്നുയന്ന്
യഥാൎത്ഥ സമാധാനനികേതമായ
നിന്നിൽ സമാശ്വസിക്കയും ചെയ്യും.

## X

## ദൈവസ്നേഹത്തിൻെറ മാധുൎയ്യം

എൻെറ ദൈവമേ!
നിന്നെ ഞാൻ സ്നേഹിക്കുന്നു
നിന്നെ ഞാൻ സ്നേഹിക്കുന്നു.
നിന്നെ അധികമധികം സ്നേഹിക്കുവാൻ
ഞാനാഗ്രഹിക്കുന്നു.
എൻെറ കൎത്താവായ ദൈവമേ,
മനുഷ്യപുത്രരിൽ
അത്യന്തം മനോഹരനായവനേ,
എന്നാലാവുന്നിടത്തോളം,
എനിക്കു അവശ്യമായ വിധം,
നിന്നെ തീക്ഷ്ണമായി ആഗ്രഹിക്കുന്നതിനും
സ്നേഹിക്കുന്നതിനും കൃപ ചെയ്യേണമെ.
നീ അപരിമേയനാകുന്നു,
അപരിമേയമാംവിധം
സ്നേഹിക്കപ്പെടേണ്ടവനുമത്രെ.
ഇത്രമാത്രം സ്നേഹിക്കയും,
ഇവ്വിധം പരിരക്ഷിക്കയും,
ഇത്ര മഹാകാൎയ്യങ്ങൾ
ഞങ്ങൾക്കുവേണ്ടി ചെയ്കയും ചെയ്യു

നീ പ്രത്യേകിച്ചും ഞങ്ങളുടെ
സ്നേഹത്തിനു പാത്രവാനാകുന്നു.
എന്നും കത്തിജ്ജ്വലിക്കുന്ന സ്നേഹമേ!
ഒരിക്കലും കെടാത്ത സ്നേഹമേ!
ഹാ! മാധുര്യ്യവാനായ മിശിഹായേ!
ദയാപൂൎണ്ണനായ ഈശോയേ!
സ്നേഹം തന്നെയാകുന്ന ദൈവമേ!
നിൻെറ മഹാഗ്നിയാലും,
നിൻെറ സ്നേഹത്താലും,
നിൻെറ മാധുര്യ്യത്താലും,
നിൻെറ നേരെയുള്ള അനുഗ്രഹത്താലും,
നിന്നോടുള്ള പക്ഷത്താലും,
നിന്നിലുള്ള സന്തോഷാനന്ദങ്ങളാലും,
നിൻെറ കാരുണ്യാധിക്യത്താലും,
പരമാനന്ദത്താലും,
പരിശുദ്ധവും, ശ്രേഷ്ഠവും,
നിൎമ്മലവും, നിഷ്കളങ്കവുമായ
നിൻെറ അനന്താനുഭവത്താലും
എന്നെ പരിപൂൎണ്ണമായി
കത്തിജ്ജ്വലിപ്പിക്കേണമെ.
നിൻെറ സ്നേഹമാധുര്യ്യത്താൽ പരിപുഷ്ടനായും
നിന്നോടുള്ള അധിക പക്ഷത്തിൻെറ
ജ്വാലയാൽ നിശ്ശേഷം കത്തിയെരിഞ്ഞും
അത്യന്തം മാധുര്യ്യവാനും
അത്യന്തം മനോജ്ഞനുമായ നിന്നെ
എൻെറ മുഴുഹൃദയത്തോടും,
മുഴുവാത്മാവോടും, സകല ശക്തികളോടും,

സകല പ്രഭാവത്തോടും,
നിസ്തുല ഹൃദയ താപത്തോടും,
ഭയത്തോടും കൂടി ഞാൻ സ്നേഹിക്കട്ടെ.
യാതൊരു വഞ്ചനയിലും മലിനസ്നേഹത്തിലും
ഉൾപ്പെടാതിരിപ്പാൻ
എൻെറ ഹൃദയത്തിലും,
എൻെറ അധരങ്ങളിലും,
എൻെറ കൺമുമ്പാകെയും, എപ്പോഴും,
സർവ്വത്ര നീ സന്നിഹിതനായിരിക്കേണമെ.

## XI

## നമ്മുടെ പരിത്രാണത്തിൻെറ പ്രാരംഭം

എത്രയും മനോഹരനായ ഈശോകർത്താവേ,
നിൻെറ അമൂല്യതിരുരക്തം ചിന്തി
ഞങ്ങളെ രക്ഷിച്ചതിനെക്കുറിച്ച്,
ഞാൻ നിന്നോടു പ്രാർത്ഥിക്കുമ്പോഴും,
നിൻെറ സ്തുതിക്കായി
കീർത്തനങ്ങൾ പാടുമ്പോഴും
നിൻെറ കരുണയുടെ മഹാപ്രകടനമായ
പരിത്രാണ രഹസ്യത്തെപ്പററി
മനസ്സിൽ വിചാരിക്കയോ
സംസാരിക്കയോ ചെയ്യുമ്പോഴും,
ഞങ്ങളുടെ
അനുദിന പാപപരിഹാരത്തിനായും,
നിൻെറ സ്നേഹത്തിൻെറ —

ഞങ്ങളുടെ രക്ഷയെപ്രതിയുള്ള
നിൻെറ പീഡാമരണങ്ങളുടെ—ഓമ്മയ്ക്കായും,
അപ്പിക്കപ്പെടുവാൻ,
എൻെറ കത്താവായ ദൈവമേ!
നിമ്മല പുരോഹിതാ!
നീ സ്ഥാപിച്ചതും, കല്പിച്ചതുമായ
ആ സ്വർഗ്ഗീയ മഹാബലിയെ
തക്ക ഭക്ത്യാദരങ്ങളോടെ
നിനക്കു സമപ്പിക്കുവാൻ
ആഗ്രഹിക്കുന്ന ഈ അയോഗ്യദാസൻ
നിൻെറ പരിശുദ്ധ പീഠത്തിൻ മുമ്പാകെ
മുട്ടുകുത്തി നില്ക്കുമ്പോഴും
അനുതാപത്തേയും
കണ്ണീർ പൊഴിക്കാനുള്ള മഹാദാനത്തേയും
എനിക്ക് നൽകേണമെ.
നിൻെറ മധുരസാന്നിദ്ധ്യത്താൽ
എൻെറ മനസ്സ്
ഈ മഹാരഹസ്യങ്ങളിൽ ശക്തിപ്രാപിക്കട്ടെ.
എന്നും പ്രകാശിക്കുന്ന അഗ്നിയേ,
എന്നും ഉജ്ജ്വലിക്കുന്ന സ്നേഹമേ,
മാധുയ്യവാനായ മിശിഹായേ,
നല്ല ഈശോയേ,
നിത്യവും അക്ഷയവുമായ ദീപമേ!
എൻെറ അന്തരംഗം
നിൻെറ സാമീപ്യത്തെ അറിയുകയും,
നിന്നിൽ ആനന്ദിക്കയും ചെയ്യട്ടെ.
ഒരിക്കലും കുറയാത്ത ആഹാരമേ!

ജീവൻെറ അപ്പമേ,
പ്രതിദിനം നിന്നെ ആഹരിക്കുന്നു
എങ്കിലും മുഴുവനായിത്തന്നെ
നീ സ്ഥിതി ചെയ്യുന്നു.
എൻെറമേൽ പ്രകാശിക്കേണമേ.
എന്നെ കത്തിജ്വലിപ്പിക്കേണമേ.
നിന്നെ സ്വീകരിക്കുന്ന പാത്രത്തെ
നീ പ്രകാശിപ്പിക്കുകയും
വിശുദ്ധീകരിക്കുകയും ചെയ്യേണമേ.
പാപത്തിൽനിന്ന്
അതിനെ സ്വതന്ത്രമാക്കേണമേ.
പ്രസാദവരത്താൽ അതിനെ നിറക്കേണമെ.
എൻെറ ആത്മരക്ഷയ്ക്കു്
നിൻെറ മാംസത്തെ ഭക്ഷ്യമാക്കുവാൻ
അതിനെ പ്രസാദവരത്താൽ
നിറച്ചു സൂക്ഷിക്കേണമെ.
നിന്നെ ഭക്ഷിച്ചുകൊണ്ടു്
നിന്നിൽ ജീവിക്കുവാനും,
നിന്നെ പ്രാപിക്കുവാനും,
നിന്നിൽ വിശ്രമിക്കുവാനും ഇടയാകട്ടെ.

## XII

## പരമാനന്ദം

ഹാ! മധുരസ്നേഹമേ! സ്നേഹമാധുര്യമേ!
എൻെറ ശരീരം നിന്നെ ഭക്ഷിക്കട്ടെ.
നിൻെറ സ്നേഹമെന്ന ദ്രാക്ഷാരസത്താൽ
അതു നിറയട്ടെ.

എൻെറ മനസ്സ് സദ്വചനങ്ങൾ ഉച്ചരിക്കട്ടെ.
ഹാ! സ്നേഹപാരമ്യമേ!
എൻെറ ദൈവമേ! ത്രമധുവേ!
ഹിമവെൺമ പൂണ്ട ക്ഷീരവിശേഷമേ!
വാനവരുടെ ആഹാരവും ആനന്ദവുമേ!
നിന്നെ ആസ്വാദ്യതയോടുകൂടി ഭക്ഷിക്കുവാൻ
എന്നെ നിന്നിൽ വളത്തേണമേ.
ഞാൻ ജീവിക്കുന്ന ജീവനും,
ഞാനാശ്രയിക്കുന്ന പ്രത്യാശയും,
ഞാനാഗ്രഹിക്കുന്ന മഹത്വവും നീയാകുന്നു.
എൻെറ ഹൃദയത്തെ താങ്ങുകയും,
എൻെറ മനസ്സിനെ ഭരിക്കുകയും,
ബുദ്ധിയെ നിയന്ത്രിക്കുകയും,
എൻെറ സ്നേഹത്തെ ഉദ്ദീപിപ്പിക്കുകയും,
എൻെറ ആത്മാവിന്നെ ഉന്നമിപ്പിക്കയും,
നിന്നെ അത്യന്തംദാഹിച്ചിരിക്കുന്ന അതൃപ്തിയെ
ഉന്നതങ്ങളിലേ നീർച്ചാലുകളിലേയ്ക്കു്
ആകർഷിക്കയും ചെയ്യേണമേ.

എൻെറ മാംസത്തിൻെറ
മാത്സര്യത്തെ അമർത്തേണമേ.
സ്ഥലജലങ്ങളിലേയും,
ആകാശാന്തരീക്ഷങ്ങളിലേയും
മായാവിശേഷം അസ്തമിക്കട്ടെ.
സ്വപ്നങ്ങളും, വിഭ്രാന്ത രഹസ്യങ്ങളും,
അഖില ഭാഷകളും, അഖില ചിഹ്നങ്ങളും,
ക്ഷണഭംഗുരമായ സമസ്തവും
പ്രശാന്തമാകട്ടെ.

എന്റെ ആത്മാവ് നിശ്ചലമാകട്ടെ.
അത് അതിനെപ്പററി വിചാരിക്കാതെ
നിന്നെധ്യാനിച്ചുകൊണ്ട് രൂപാന്തരീഭവിക്കട്ടെ.
എന്റെ ദൈവമേ,
നീ വാസ്തവത്തിൽ എന്റെ സകല ശരണവും
സകല പ്രത്യാശയുമാകുന്നു.
ഹാ! മാധുര്യവും അനുഗ്രഹവും
കരുണയുമുള്ള ദൈവമേ!
മ്ശിഹാ കർത്താവേ!
ഞങ്ങൾ ഓരോരുത്തന്റെയും അംശവും,
മാംസരക്തങ്ങളും നിന്നിൽ സ്ഥിതിചെയ്യുന്നു.
അതിനാൽ, എന്റെ അംശമോ, ഭാഗമോ
വാഴുന്നിടത്ത്
ഞാനും വാഴുന്നുവെന്നു വിശ്വസിക്കുന്നു.
എന്റെ രക്തം ഭരിക്കുന്നിടത്ത്
ഞാനും ഭരിക്കുന്നു.
എന്റെമാംസം മഹത്വീകരിക്കപ്പെടുന്നിടത്ത്
ഞാനും മഹത്വം പ്രാപിക്കുന്നു.
ഞാൻ പാപിയെങ്കിലും,
ഈ അനുഗ്രഹഭാഗഭാഗിത്വം
ദുഷ്പ്രാപമെന്ന് ഒരിക്കലും കരുതുന്നില്ല.
എന്റെ പാപങ്ങൾ
അതിനു പ്രതിബന്ധമെങ്കിലും,
എന്റെ നില്പനില്പിന്ന്
അത് ആവശ്യംതന്നെ.
എന്നിലുണ്ടായിട്ടുള്ള പ്രമാണലംഘനങ്ങൾ
അതിൽനിന്ന്

എന്നെ വിദൂരസ്ഥനാക്കുന്നുവെങ്കിലും,
നിന്നോട് എന്നെ ഭാഗഭാക്കാക്കുന്ന
സാമാന്യനിയമത്താൽ
ഞാൻ അതിനു അനുവദിക്കപ്പെട്ടിരിക്കുന്നു.

## XIII

## നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനം അവതീർണ്ണനായ നിത്യവചനമാകുന്നു

സ്വന്ത ശരീരത്തേയും, അവയവങ്ങളേയും
തന്നെത്തന്നെയും
സ്നേഹിക്കാതിരിക്കാത്തവണ്ണം
അത്ര കാരുണ്യരഹിതനല്ല കർത്താവ്.
എൻെറ ദൈവമേ!
നിൻെറ വചനം മാംസമായി
ഞങ്ങളുടെയിടയിൽ
വസിച്ചില്ലായിരുന്നെങ്കിൽ,
നിരൂപണയാലും, വചനത്താലും,
പ്രവൃത്തിയാലും,
മനുഷ്യസഹജമായ ബലഹീനതയാലും,
മററു പലവിധത്തിലും
ഞാൻ ചെയ്തിട്ടുള്ളതും,
അനുദിനം പലപ്പോഴും ചെയ്യുന്നതുമായ
എണ്ണമില്ലാത്ത പാപങ്ങളേയും,
തിന്മകളേയും, കുററങ്ങളേയും ഓർത്ത്
നിരാശനായിപ്പോകുമായിരുന്നു.

എന്നാൽ, ഇപ്പോൾ
ഞാൻ ഒരിക്കലും നിരാശനാകയില്ല.
കാരണം, അവിടുന്ന് മരണത്തോളം
കീഴ്വഴങ്ങിക്കൊണ്ട്— പോരാ,
കുരിശുമരണത്തോളം കീഴ്വഴങ്ങിക്കൊണ്ട്—
ഞങ്ങളുടെ പാപരേഖകളെ
മായിച്ചുകളയുകയും,
അവയെ സ്വ കുരിശിനോടുകൂട്ടിത്തറക്കവേ,
പാപത്തേയും മരണത്തേയും
ഒന്നിച്ചു ക്രൂശിക്കയും ചെയ്തു.
നിന്റെ വലതുഭാഗത്തിരുന്നുകൊണ്ട്
ഞങ്ങൾക്കുവേണ്ടി
മാദ്ധ്യസ്ഥ്യം വഹിക്കുന്ന ആളിൽ
ഞാൻ സമാശ്വസിക്കും.
ആരിൽ ഞങ്ങൾ ഉത്ഥാനംചെയ്ത്
പുനർജ്ജീവൻ പ്രാപിക്കയും,
ആർ വഴിയായി
ഞങ്ങൾ സ്വർഗ്ഗത്തിലേയ്ക്ക് ഉയർത്തപ്പെടുകയും,
സ്വർഗ്ഗീയസൌഭാഗ്യത്തെക്കുറിച്ചുള്ള ഉറപ്പ്
ആരു ഞങ്ങൾക്കു നൽകുകയും ചെയ്യുവോ,
ആ ആളിൽ വിശ്വസിച്ചുകൊണ്ട്
നിന്റെ പക്കൽ വരുവാൻ
ഞാൻ ആഗ്രഹിക്കുന്നു.
നിനക്കു സ്തുതിയും, മഹത്വവും, ബഹുമാനവും,
നമസ്കാരവുമുണ്ടായിരിക്കട്ടെ. ആമേൻ.

## XIV

# ദൈവത്തെ ധ്യാനിക്കുന്നതിലുള്ള ആനന്ദം

ഞങ്ങളെ ഇത്രമാത്രം സ്നേഹിക്കയും,
പരിരക്ഷിക്കയും,
ഇത്രമാത്രം ശ്രേഷ്ഠാന്തിയുള്ളവരാക്കി
ഉയർത്തുകയും ചെയ്ത
കരുണാനിധിയായ കർത്താവേ!
നിൻെറ സ്മരണ എത്ര മധുരമായിരിക്കുന്നു.
നിന്നെപ്പററി കൂടുതൽ ചിന്തിക്കുന്തോറും,
നീ എനിക്ക് കൂടുതൽ മാധുര്യ്യവാനും,
കൂടുതൽ സ്നേഹയോഗ്യനുമായിത്തോന്നുന്നു.
അതിനാൽ, ആത്മബോധത്തിൻെറ
നിർമ്മല പ്രകാശത്തോടും,
ദിവ്യസ്നേഹത്തിൻെറ മൃദുലഭാവത്തോടുംകൂടെ,
ഈ തീർത്ഥയാത്രയിൽ,
എൻെറ നിസ്സാരതയ്ക്കനുസരിച്ച്
നിൻെറ പരമനന്മയുടെ മഹാദാനങ്ങളിൽ
സന്തുഷ്ടി പ്രാപിക്കുന്നു.
ഈ ബലഹീനമായ
അവയവങ്ങളിലായിരിക്കുന്നിടത്തോളംകാലം,
ഞാൻ നിൻെറ സ്നേഹത്തെ
സദാ കാംക്ഷിക്കയും,

നിൻെറ നിസ്തുല സൌന്ദൎയ്യത്തെ കാണുവാൻ
അതിയായി ആഗ്രഹിക്കുയും ചെയ്യുന്നു.
നിൻെറ സ്നേഹശരത്താൽ
ഞാൻ മുറിവേററിരിക്കുന്നു.
നിന്നോടുള്ള ആഗ്രഹത്താൽ
ഞാൻ കത്തിജ്ജ്വലിച്ചുപോകുന്നു.
ഞാൻ നിൻെറ പക്കലേയ്ക്കു വരട്ടെ.
നിന്നെ കാണുവാൻ ഞാൻ പാൎത്തിരിക്കുന്നു.
ആകയാൽ,
ഞാൻ നല്ല ജാഗ്രതയോടെ കാത്തുനില്ക്കും.
ഉണൎന്ന നയനങ്ങളോടുകൂടി
എൻെറ ഹൃദയത്തിൽ സംഗീതമാരംഭിക്കും.
അതേ, എൻെറ മനസ്സുകൊണ്ടു്
ഞാൻ ഗാനം ചെയ്കയും,
സ്രഷ്ടാവും രക്ഷകനുമായ നിന്നെ
സൎവ്വശക്തികളോടുംകൂടെ വാഴ്ത്തുകയുംചെയ്യും.
എൻെറ മനസ്സുകൊണ്ടു്
ആകാശത്തെ വിളിക്കുകയും,
ആഗ്രഹത്താൽ നിന്നോടുകൂടെ
ഞാൻ ആയിരിക്കുയും ചെയ്യും.
അതിനാൽ, എൻെറ ശരീരംമാത്രം
ഈ താൽക്കാലിക അവശതകൾക്കു
വിധേയമാവും.
എന്നാൽ, നിരൂപണയിലും, ആഗ്രഹത്തിലും,
പ്രതീക്ഷയിലും
ഞാൻ എപ്പോഴും നിന്നോടുകൂടെയായിരിക്കും.
ഞാൻ ആഗ്രഹിച്ചതും,

അത്യധികം സ്നേഹിച്ചതുമായ നിക്ഷേപമേ!
നീ എവിടെയായിരിക്കുന്നുവോ
അവിടെ എൻെറ ഹൃദയവുമായിരിക്കും.
ഹാ! മഹാ അനുഗ്രഹവും,
കരുണയുമുള്ള കത്താവേ,
നിൻെറ അപരിമേയ നന്മയുടേയും,
സ്നേഹപൂണ്ണമായ ഔദാൎയ്യത്തിൻേറയും
മഹത്വത്തെ ഓക്കുമ്പോൾ
എൻെറ ഹൃദയം
ശക്തിഹീനമായിത്തോന്നുന്നു.
നിൻെറ ബഹുമാനവും,
നിൻെറ സുഭഗതയും,
നിൻെറ പ്രഭാവവും, നിൻെറ മഹത്വവും,
നിൻെറ രാജത്വവും, നിൻെറ പ്രതാപവും,
നിൻെറ സ്നേഹവും
മനുഷ്യമനസ്സിൻെറ
സകല വിജ്ഞാനത്തേയും അതിശയിക്കുന്നു.
നിൻെറ മഹത്വത്തിൻെറ പ്രഭ
വണ്ണനാതീതമാകുന്നതുപോലെതന്നെ,
ശൂന്യതയിൽനിന്നു സൃഷ്ടിച്ച സൃഷ്ടികളെ
നീ പുത്രസ്വീകാരത്താൽ
നിന്നോടു ചേത്തിണക്കുന്ന
അനന്തസ്നേഹമാഹാത്മ്യവും
വാചാമഗോചരമാകുന്നു.

## XV

## ഇഹത്തിൽ മിശിഹായെപ്രതി ക്ലേശങ്ങൾ സഹിക്കുന്നത് ആനന്ദപ്രദമാകുന്നു

എൻെറ ആത്മാവേ!
മിശിഹായെ തൻെറ മഹത്വത്തിൽ
ദർശിക്കുന്നതിനും,
തൻെറ വിശുദ്ധന്മാരോടു
സംസർഗ്ഗം ചെയ്യുന്നതിനുംവേണ്ടി
അനുദിനം എത്രമാത്രം
പീഡനങ്ങൾ അനുഭവിക്കേണ്ടിവന്നാലും,
നരകാഗ്നിയിൽ വളരെക്കാലത്തേയ്ക്കു
കിടക്കേണ്ടിവന്നാൽപോലും
അത് ഏററവും
സന്തോഷപ്രദമായേ വരികയുള്ളു.
ഇത്രവലിയ മനോഗുണത്തിനും
ഇത്ര വലിയ മഹത്വത്തിനും
പങ്കാളികളാകുവാൻ
നമുക്കുണ്ടാകുന്ന ദുഃഖങ്ങളെല്ലാം
സസന്തോഷം സഹിക്കുന്നതു് ഉചിതമല്ലയോ?
പിശാചുങ്ങൾ അവരുടെ
സകല ശക്തികളും പ്രയോഗിക്കട്ടെ.
അവക്കു സാധിക്കുമ്പോഴെല്ലാം
പ്രലോഭിപ്പിച്ചുകൊള്ളട്ടെ.
ഉപവാസങ്ങൾ ശരീരത്തെ ക്ഷീണിപ്പിക്കട്ടെ.

പരുപരുത്ത വസ്ത്രം മാംസത്തെ മർദ്ദിക്കട്ടെ.
പ്രയത്നം അതിനെ വേദനിപ്പിക്കട്ടെ.
ജാഗരണം അതിനെ ശുഷ്കമാക്കട്ടെ.
ഒരുത്തൻ ആവലാതിപ്പെടട്ടെ.
അപരൻ എന്നെ അസ്വസ്ഥനാക്കട്ടെ.
തണുപ്പ് എന്നെ വലിച്ചുകോച്ചട്ടെ.
മനസ്സാക്ഷി മിഥ്യാപ്രരോദനം ചെയ്യട്ടെ.
ചൂടുകൊണ്ട് ഞാൻ പൊരിയട്ടെ.
തല വേദനിക്കട്ടെ,
ഹൃദയം എരിഞ്ഞുപോകട്ടെ.
ആന്തരികമായി എന്തെല്ലാം പീഡകൾ
വേണമെങ്കിലും ഉണ്ടായിക്കൊള്ളട്ടെ.
എന്റെ മുഖം വിളറിവശമാകട്ടെ,
ഞാൻ അത്യന്തം രോഗാതുരനാകട്ടെ.
എന്റെ ജീവിതം മുഴുവനും
സങ്കടപാരവശ്യത്തിൽ കലാശിക്കട്ടെ.
ഞാൻ ആയുഷ്കാലമെല്ലാം വിലപിക്കട്ടെ,
നെടുവീർപ്പിടട്ടെ.
മജ്ജാതന്തുക്കൾ ചീഞ്ഞുപോകട്ടെ.
എന്നാലും, ആ ഭയസംഭ്രമത്തിന്റെ ദിവസം
വിശ്രമിക്കയും, സ്വർഗ്ഗത്തിൽ
എന്നെ പ്രതീക്ഷിക്കുന്നവരുടെ പക്കൽ
ചെന്നുചേരുകയും ചെയ്യുവാൻവേണ്ടി
ഇവയെല്ലാം ഞാൻ സഹിക്കും.

കർത്താവേ! നീതിമാന്മാരുടെ മഹത്വം
അപ്പോൾ എത്ര വലുതായിരിക്കും!
ഓരോ മുഖവും

സൂൎയ്യനെപ്പോലെ പ്രശോഭിക്കയും,
കൎത്താവു് തൻെറ ജനത്തെ
ഓരോരുത്തൻേറയും സ്ഥിതിഭേദമനുസരിച്ചു്
തിരിച്ചശേഷം
തൻെറ പിതാവിൻെറ രാജ്യത്തു്
അവരെ ഒന്നിച്ചുകൂട്ടിത്തുടങ്ങുകയും,
എല്ലാവൎക്കും അവരുടെ
ധൎമ്മകൎമ്മങ്ങൾക്കനുസരിച്ചു്
പറഞ്ഞൊക്കപ്പെട്ട പ്രതിസമ്മാനം
നൽകുകയും ചെയ്യുമ്പോൾ,
വിശുദ്ധാത്മാക്കളുടെ ആനന്ദം
എത്ര അതിരററതായിരിക്കും!
ഭൌമികമായവസ്തു് സ്വൎഗ്ഗീയവും,
താൽക്കാലികമായവസ്തു് നിത്യവും,
നിസ്സാരമായവസ്തു് വളരെ വലുതുമായ
സമ്മാനം നൽകപ്പെട്ടും.
കൎത്താവു് തൻെറ വിശുദ്ധന്മാരെ
നിത്യമഹത്വം ദൎശിക്കുവാൻ
കൊണ്ടുവന്നാക്കുകയും,
ദൈവം എല്ലാവരിലും എല്ലാമാകത്തക്കവണ്ണം
സ്വൎഗ്ഗത്തിൽ തന്നോടുകൂടെ
ഒന്നിച്ചിരുത്തുകയും ചെയ്യുമ്പോൾ
സാക്ഷാൽ സൌഭാഗ്യത്തിൻെറ
കൊടുമുടിയിൽ
അവർ ചേൎന്നുവെന്നു
നിസ്സംശയം പറയാം.

# XVI

## സ്വർഗ്ഗലബ്ധി

ഹാ! ആനന്ദസൗഭാഗ്യമേ!
സൗഭാഗ്യാനന്ദമേ!
വിശുദ്ധന്മാരെ കാണുന്നതും
വിശുദ്ധന്മാരോടുകൂടെ വസിക്കുന്നതും,
വിശുദ്ധനാകുന്നതും,
ദൈവത്തെ കാണുന്നതും,
നിത്യമായി
ദൈവത്തെ അവകാശമാക്കുന്നതും
എത്ര സന്തോഷകരം!!
ജാഗ്രതയോടുകൂടി
നമുക്ക് ഇതിനെപ്പററി ചിന്തിക്കാം.
നമ്മുടെ മുഴുഹൃദയത്തോടുകൂടി
ഇതിനെ ആഗ്രഹിക്കാം.
അങ്ങനെ ചെയ്യുമെങ്കിൽ
നാം അതിൽതന്നെ വന്നെത്തുകയും ചെയ്യും.
ഇതു് എങ്ങനെ സംഭവിക്കാമെന്നോ,
ഏതെല്ലാം യോഗ്യതകൾ മൂലമെന്നോ,
ഏതെല്ലാം മാർഗ്ഗങ്ങളിൽകൂടിയെന്നോ
ചോദിക്കുന്നുവെങ്കിൽ
പറയാം, ശ്രദ്ധിക്കുക.
മനസ്സാകുന്നവനു് ഇതു് സാദ്ധ്യമത്രേ
എന്തുകൊണ്ടെന്നാൽ
സ്വർഗ്ഗരാജ്യം ബലവശ്യമാകുന്നു.

മത്ത്യാ, സ്വർഗ്ഗരാജ്യം നിന്നെയല്ലാതെ
വേറെ യാതൊരുവിലയുംആവശ്യപ്പെടുന്നില്ല.
അതിൻെറ വില നീതന്നെയാകുന്നു.
അതിനായി നിന്നെത്തന്നെ കൊടുക്കുക.
എന്നാൽ അതിനെ നീ കരസ്ഥമാക്കും.
അതിൻെറ വിലയേപ്പററി
നീ എന്തിനു പശ്ചാകുലനാകുന്നു.
നിനക്കുവേണ്ടി ഒരു രാജ്യത്തെ സമ്പാദിക്കാൻ
മിശിഹാകർത്താവ്
തന്നെത്തന്നെ പരമപിതാവിന്ന് സമർപ്പിച്ചു.
നീ അവിടുത്തെ രാജ്യമായിരിപ്പാനും
നിൻെറ നശ്വരശരീരത്തിൽ
പാപം പ്രബലപ്പെടാതെ,
നിത്യജീവൻ പ്രാപിക്കുവാൻ തക്കവണ്ണം
അരൂപി അതിനെ ഭരിക്കുവാനും
നീ നിന്നെത്തന്നെ നൽകുക.

## XVII

## പറുദീസായും
## അതിലേ സൗഭാഗ്യവും

അത്മാവേ!
നമ്മുടെ നാമം എഴുതപ്പെട്ടിരിക്കയും,
നാം സ്വതന്ത്രപൗരന്മാരാകയും
ചെയ്യുന്നതെവിടെയോ,

ആ സ്വർഗ്ഗീയനഗരത്തിലേയ്ക്കു്
നമുക്ക് തിരിച്ചുപോകാം.
നാം വിശുദ്ധന്മാരുടെ സഹപൗരന്മാരും,
ദൈവഭവനത്തിലേ അംഗങ്ങളും,
ദൈവത്തിന്റെ അവകാശികളും
മിശിഹായുടെ കൂട്ടവകാശികളും
ആയിത്തീരും.
നമ്മാൽ ആവുംവിധം
നമ്മുടെ നഗരത്തിന്റെ
പ്രതാപസമ്പൂർണ്ണമായ സൗഭാഗ്യത്തേപ്പററി
പര്യാലോചിക്കാം.
പ്രവാചകനോടുകൂടെ
നമുക്ക് ഇപ്രകാരം പറയാം:
"ദൈവനഗരമേ!
എത്ര മാഹാത്മ്യമേറിയ സംഗതികളാണ്
നിന്നെപ്പററി പറഞ്ഞിരിക്കുന്നത്!"
സന്തോഷം അനുഭവിക്കുന്ന ഏവരുടേയും
വസതി നീയാകുന്നു.
ഭൂമിയുടെ സകല ആനന്ദവും
നിന്നിലത്രെ സ്ഥിതിചെയ്യുന്നത്.
നിന്നിൽ വാർദ്ധക്യമോ,
വാർദ്ധക്യസഹജമായ ക്ലേശങ്ങളോ ഇല്ല.
അംഗവികലനോ, മുടന്തനോ,
കൂനുള്ളവനോ വികൃതസ്വരൂപനോ
നിന്നിലില്ല.
മിശിഹായുടെ സൗകുമാര്യത്തിന്റെ
അയുർഗണനയനുസരിച്ച് എല്ലാവരും

യഥാർത്ഥപൗരുഷദശയിലെത്തിയിരിക്കുന്നു.
ദാരിദ്ര്യഭയമോ, രോഗാലസ്യങ്ങളോ ഇല്ലാത്ത
ഒരു ജീവിതത്തേക്കാൾ
സുഖപ്രദമായിട്ടെന്താണുള്ളത്?
അവിടെ ഒരുത്തനും ഹിംസിക്കപ്പെടുന്നില്ല,
ഒരുത്തനും രോഷാകുലനാകുന്നില്ല,
ഒരുത്തനും അസൂയാലുവാകുന്നില്ല.
അവിടെ ധനതൃഷ്ണയില്ല,
ഭോഗേച്ഛയില്ല,
കീർത്തിക്കും അധികാരത്തിനുംവേണ്ടിയുള്ള
വ്യാമോഹമില്ല,
അവിടെ പിശാചഭയമില്ല,
സാത്താൻെറ കെണികളില്ല, നരകഭയമില്ല,
ദേഹിദേഹങ്ങൾക്ക് മരണവുമില്ല.
പ്രത്യുത, അനശ്വരതയുടെ
ഉറപ്പുള്ള സൗഭാഗ്യജീവിതംമാത്രം.
അപ്പോൾ അവിടെ
ദുരിതങ്ങളുണ്ടായിരിക്കയില്ല,
മാത്സര്യങ്ങളുണ്ടായിരിക്കയില്ല.
നേരേമറിച്ച് എല്ലാം ചേതോഹരമായ
അലങ്കാരവിധാനത്തോടുകൂടിയതായിരിക്കും.
എന്തുകൊണ്ടെന്നാൽ സകല വിശുദ്ധന്മാരും
ഏകയോഗമായി ചേർന്നിരിക്കും.
സമാധാനവും സന്തോഷവും
എല്ലാത്തിനേയും ചേർത്തൊന്നിച്ചിരിക്കുന്നു.
എല്ലാം ശാന്തം! പ്രശാന്തം!!
പ്രതാപകരമായ പ്രകാശം അവിടെയുണ്ട്.

എന്നാൽ ഇഹത്തിലേപ്പോലെയല്ല.
അത് എത്രമാത്രം സൗഭാഗ്യകരമോ
അത്രമാത്രം പ്രഭാപൂരിതമായിരിക്കും.
നാം വായിക്കുംപോലെ,
ആ മഹാനഗരത്തിന്
സൂര്യനോ ചന്ദ്രനോ ആവശ്യമില്ല.
സർവ്വശക്തനായ കർത്താവ്
അതിനെ പ്രകാശിപ്പിക്കും.
ദിവ്യകുഞ്ഞാട്
അതിൻെറ മഹാദീപമായിരിക്കും.
അവിടെ വിശുദ്ധന്മാർ നിത്യമായി
നക്ഷത്രങ്ങളെപ്പോലെ ശോഭിക്കും.
നീതിമാർഗ്ഗത്തെ പലക്കും ഉപദേശിച്ചവർ
ആകാശത്തിൻെറ പ്രഭാവിശേഷമായിരിക്കും.
അവിടെ രാത്രിയില്ല, അന്ധകാരമില്ല,
മേഘസംഘട്ടനമില്ല,
ചൂടിൻേറയോ തണുപ്പിൻേറയോ
അസഹ്യതയില്ല.
ആരുടെ നാമം ജീവൻെറ പുസ്തകത്തിൽ
എഴുതപ്പെട്ടിരിക്കുന്നുവോ,
ആരെല്ലാം
അവിടുത്തെ സൗഭാഗ്യം അനുഭവിക്കാൻ
യോഗ്യരായിപ്പരിഗണിക്കപ്പെട്ടിരിക്കുന്നുവോ,
അവരുടെ കണ്ണ് കണ്ടിട്ടില്ലാത്തതും,
ചെവികേട്ടിട്ടില്ലാത്തതും ഹൃദയംകൊണ്ട്
വിചാരിച്ചിരിക്കുവാൻ കഴിയാത്തതുമായ
ഒരു ശീതോഷ്ണാവസ്ഥ (സുഖപ്രദമായ

അന്തരീക്ഷം) അവിടെ ഉണ്ടായിരിക്കും.
എന്നാൽ ഇതിനേക്കാൾ
എത്രയോ വലിയ കാര്യമാണ്,
ദൈവദൂതന്മാരുടേയും മുഖ്യദൂതന്മാരുടേയും
സ്വർഗ്ഗീയമഹാശക്തികളുടേയും
കൂട്ടത്തിൽ വസിക്കുന്നതും,
പൂർവ്വപിതാക്കന്മാരേയും പ്രവാചകന്മാരേയും
ദർശിക്കുന്നതും
ശ്ലീഹന്മാരേയും വിശുദ്ധന്മാരേയും
മാത്രമല്ല
നമ്മുടെ മാതാപിതാക്കന്മാരെത്തന്നെ
കാണാൻ സാധിക്കുന്നതും!
ഇവയെല്ലാം മാഹാത്മ്യമുള്ളവതന്നെ.
എന്നാൽ ഇവയേക്കാൾ
എത്രയോ മാഹാത്മ്യമേറിയതാണ്
ദൈവത്തെ അഭിമുഖമായി ദർശിക്കുന്നതും
അവിടുത്തെ ചുററിയിരിക്കുന്ന
മനോഹരപ്രഭയെ വീക്ഷിക്കുന്നതും!!
നമ്മിൽനിന്ന് ഒരിക്കലും മറഞ്ഞുപോകാത്ത
ആ ദൈവത്തെ
തന്നിൽത്തന്നെ നാം കാണുകയും,
മാത്രമല്ല, അവിടുത്തേ അവകാശമാക്കുകയും
ചെയ്യുമ്പോൾ
വാസ്തവത്തിൽ സകലത്തേയും
അതിശയിക്കുന്ന
ഒരു മഹിമയായിരിക്കും
നമുക്ക് അനുഭവവേദ്യമാകുക.

## XVIII

## ദൈവത്തെ സ്നേഹിക്കുന്നതത്രേ മനുഷ്യന് അവിടുത്തോട് ചെയ്വാൻ പാടുള്ള ഏക പ്രതിനന്ദി

ദൈവത്തിൻെറ ഛായയിൽ
സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന
പ്രത്യേകതയാലും,
തൻെറ സാദൃശ്യം വഹിക്കുന്നതുകൊണ്ടുള്ള
മാഹാത്മ്യത്താലും മർത്ത്യാത്മാവ് അങ്ങിൽ
അചഞ്ചലമായി നിലനില്ക്കുന്നതിനും,
ദുഷ്ടചാപ്പില്യകളാലോ ബലഹീനതയാലോ
അതിൻെറ സ്ഥൈര്യത്തിനു
കോട്ടം തട്ടുമ്പോൾ
അങ്ങേ പക്കലേയ്ക്കു തിരിച്ചു ചെല്ലുന്നതിനും
ഉപദേശിക്കുന്ന
ഒരു ശക്തിവിശേഷം
അതിന് ദൈവദത്തമായിട്ടുണ്ട്.
കരുണയും അനുഗ്രഹവും അശിക്കമാത്രമല്ല
മാംസമായ വചനത്തെ സ്വയംവരിപ്പാനും
ദൈവസഖിത്വത്തിൽ ചേരുവാനും
സ്നേഹത്തിൻെറ മധുരനുകത്താൽ
മാലാകാമാരുടെ രാജനോട് ഏകീഭവിപ്പാനും
അഭിലഷിക്കാവുന്നതത്രെ.

ആത്മാവിനെ
ദൈവംസ്നേഹിക്കുന്നതനുസരിച്ച്
അതു ദൈവത്തേയും സ്നേഹിച്ചുകൊണ്ട്,
സ്വഭാവത്തിൽ അവിട്ടുത്തോട്
സാധർമ്മ്യം വഹിക്കുന്നതുപോലെ
മനസാ അവിടുത്തേ സാദൃശ്യം പ്രാപിക്കാൻ
പരിശ്രമിക്കുമെങ്കിൽ
ആ ആത്മാവിനു് ഇവയെല്ലാം
സാദ്ധ്യമായിത്തിരും.
ആത്മീയമായ
എല്ലാ ഇച്ഛാവിശേഷങ്ങളിലുംവച്ചു്
അപൂർണ്ണമായിട്ടെങ്കിലും സ്നേഹമത്രേ
സൃഷ്ടിക്കു് സ്രഷ്ടാവിനോടു്
ഏതെങ്കിലും തരത്തിൽ
പ്രതിനന്ദി പ്രദർശിപ്പിക്കാനും,
അന്യോന്യബന്ധത്തിൽ ഏർപ്പെടുവാനും
പററിയ ഏകമാർഗ്ഗം.
സ്നേഹം എവിടെ സ്ഥിതിചെയ്യുന്നുവോ
അവിടെ അത്
മററു സകല ശക്തിവിശേഷങ്ങളേയും
ആകർഷിക്കുയും
തന്നിൽതന്നെ ലയിപ്പിക്കയും ചെയ്യുന്നു.
എല്ലാത്തിൻേറയും കുറവു് പരിഹരിക്കുന്നതു്
സ്നേഹമാകുന്നു.
അതു പ്രകൃത്യാതന്നെയും
അതിൻെറ ആസ്തിക്യത്താലും
മനോഹരമാകുന്നു.

സ്നേഹം, അതിൻെറതന്നെ പ്രതിസമ്മാനവും,
അതിൻെറതന്നെ കാരണവും,
അതിൻെറതന്നെ ഫലവും,
അതിൻെറതന്നെ ആനന്ദാനുഭവവുമാകുന്നു.
എന്തുകൊണ്ടെന്നാൽ സ്നേഹത്താൽ
നാം ദൈവത്തോട് ഒന്നിക്കപ്പെടുന്നു.
രണ്ടു് അരൂപികളെ
സ്നേഹം ഒന്നായി യോജിപ്പിക്കുന്നു.
ആത്മാവിനെ മനസ്സാക്കാനും
മനസ്സാക്കാതിരിപ്പാനും
സ്നേഹത്തിനു് കഴിയും.
സ്നേഹം അദൃശ്യമായി
നമ്മുടെ നടത്തയെ ക്രമീകരിക്കുന്നു
അനന്തരം സന്നിഹിതമായവയെ
അസന്നിഹിതമെന്നു കരുതുന്നു.
പിന്നീടു്
ആകാശത്തിലും ഭൂമിയിലുമുള്ള സമസ്തവും
അതു് ആത്മീയ ദൃഷ്ട്യാ ദർശിക്കുന്നു.
ലോകത്തിലേ സകല സുകൃതങ്ങളും
സ്നേഹത്താൽ പ്രേരിതമായിട്ടാണു്
ചെയ്യപ്പെടുന്നതു്.
കേവലം ലൗകികമായ
സകല സൽകൃത്യങ്ങളും
സ്നേഹത്താൽ തിരസ്കൃതങ്ങളാകുന്നു.
ദൈവത്തിൻെറ നിഗൂഢരഹസ്യങ്ങൾപോലും
സ്നേഹം വഴിയായി തിരിച്ചറിയുന്നു.

## XIX

# എന്തെല്ലാം കാര്യങ്ങൾ ദൈവം നമ്മിൽ നിന്നു ആവശ്യപ്പെടുന്നു

പിതാവായ ദൈവം സ്നേഹവും
പുത്രനായ ദൈവം സ്നേഹപ്രകാശനവും
പരിശുദ്ധാത്മാവായ ദൈവം
പിതാവിൻേറയും പുത്രൻേറയും
സ്നേഹവുമാകുന്നു.
ഈ സ്നേഹവും ഉപവിയും സ്നേഹവിശേഷവും
നമ്മിൽനിന്ന് ഇവയോടു സാദൃശ്യമായ
എന്തോ ആവശ്യപ്പെടുന്നു.
അതായത് സ്നേഹം
എന്തോ രക്തബന്ധത്താലെന്നവണ്ണം
നമ്മെ ദൈവത്തിൻെറ മൈത്രിയിൽ
ഏല്പ്പെടുത്തുകയും
തന്നോടൊന്നിക്കയുംചെയ്യുന്നു.
സ്നേഹം, പദവിയേയോ ബഹുമാനത്തേയോ
ഗൗനിക്കുന്നില്ല.
യഥാർത്ഥമായി സ്നേഹിക്കുന്നവൻ
തന്നെത്താൻ ധൈര്യസമേതം
ദൈവത്തിൻെറ പക്കൽ വരുകയും
യാതൊരു ഭയവും യാതൊരു തെററും കൂടാതെ
അവിടുത്തോട് സൗഹാർദ്ദമായി
സംഭാഷിക്കയും ചെയ്യുന്നു.

സ്നേഹിക്കാത്തവൻെറ ജീവിതം
കേവലം വ്യർത്ഥമാകുന്നു.
എന്നാൽ സാക്ഷാത്തായ
സ്നേഹമുള്ളവൻെറ നേത്രങ്ങൾ,
താൻ ആരെ സ്നേഹിക്കയും,
പാർത്തിരിക്കയും, ധ്യാനിക്കയും,
ആരിൽ ആമോദിക്കയും, ആരെ ഭക്ഷിക്കയും,
ആർ വഴിയായി
സമരം ചെയ്കയും, ചെയ്യുന്നുവോ
ആ ദൈവത്തിൻെറ പക്കലേയ്ക്കായിരിക്കും
തിരിഞ്ഞിരിക്കുന്നതു്.

ദൈവഭക്തനായ മനുഷ്യൻ,
ദൈവം തൻെറ സമീപം
സർവ്വദാ ഉണ്ടായിരുന്നാലെന്നവണ്ണം
(വാസ്തവത്തിൽ ദൈവം
സർവ്വത്ര സന്നിഹിതനായിരിക്കുന്നു)
വളരെ സൂക്ഷ്മത്തോടെ ധ്യാനം ചെയ്യുകയും
പാരായണത്തിലേർപ്പെടുകയും
സകല പ്രവൃത്തികളും
മനസ്സാക്ഷിയുടെ നിർദ്ദേശാനുസരണം
ചെയ്കയും ചെയ്യുന്നു.
ദൈവത്തിൻെറ മഹിമപ്രതാപത്തിൽ,
ആയിരമായിരക്കണക്കിനു്
ആളുകൾ തന്നെ ശുശ്രൂഷിക്കയും,
ലക്ഷക്കണക്കിനു്
തന്നെ ചുററി നില്ക്കുകയും ചെയ്യുന്ന
സിംഹാസനത്തിൻ മുമ്പാകെ

കൊണ്ടുപോയി നിറുത്തപ്പെട്ടാലെന്നവണ്ണം
ഭയഭക്തിവണക്കങ്ങളോടുകൂടെ
അവർ പ്രാർത്ഥിക്കുന്നു.
സ്നേഹം ഒരാത്മാവിൽ വന്നു ചേരുമ്പോൾ,
അതിനെ നിദ്രയിൽ നിന്നുണർത്തുന്നു.
അതു് മനസ്സിനെ ഉപദേശിക്കയും
സാന്ത്വനപ്പെടുത്തുകയും
അതേ സമയം
ഹൃദയത്തെ മുറിപ്പെടുത്തുകയും ചെയ്യുന്നു.
അതു് ഇരുളടഞ്ഞ സ്ഥലങ്ങളെ
പ്രകാശിപ്പിക്കുകയും
പൂട്ടപ്പെട്ട സ്ഥലങ്ങളെ തുറക്കുകയും
തണുത്ത പ്രദേശങ്ങളെ
ചൂടുപിടിപ്പിക്കയും ചെയ്യുന്നു.
അതു്, തോന്ന്യാസിയും കോപിഷ്ഠനും
അക്ഷമനുമായവനെ സുശീലനാക്കുന്നു
തിന്മയെ അകററിക്കളയുന്നു
ജഡികാഭിലാഷങ്ങളെ നിയന്ത്രിക്കുന്നു
നടപടികളെ ക്രമീകരിക്കുന്നു
അരുചിയെ സംസ്കരിക്കുന്നു, നവീകരിക്കുന്നു,
പ്രമാദബഹുലമായ യൌവ്വനത്തിൻെറ
അക്രമചലനങ്ങളേയും പ്രവൃത്തികളേയും
അമർത്തുകയും ചെയ്യുന്നു.
സ്നേഹം ഉള്ളപ്പോൾ അവയെല്ലാം
അതിന്നു് ക്ഷിപ്രസാദ്ധ്യമാകുന്നു.
വെള്ളം തിളക്കുന്ന
പാത്രത്തിൻ ചുവട്ടിൽ നിന്നു്

തി എടുത്തുകളയുമ്പോൾ
അതു പതുക്കെ തണുത്തുപോകുന്നതുപോലെ,
സ്നേഹം തിരോധാനം ചെയ്യവേ
ക്രമേണ ആത്മാവും മന്ദീഭവിച്ച്
ഉത്സാഹശൂന്യമായിത്തീരുന്നു.

## XX

## ദൈവത്തെ സ്നേഹിക്കുന്ന ആത്മാവിൻെറ സൈഥര്യം

ദൈവത്തിൻ പക്കലേയ്ക്കു്
ധൈര്യസമേതം ആത്മാവിനെ അടുപ്പിക്കയും
തന്നോട്ട് അതിനെ ചേർത്തു ബന്ധിക്കയും
ചെയ്യുന്ന സ്നേഹം വളരെ ശക്തിമത്താകുന്നു.
ദൈവത്തെ സ്നേഹിക്കുന്ന ആത്മാവ്
വളരെ സൗഹാർദ്ദമായി അവിടുത്തോട്ട്
ഓരോന്നും ചോദിക്കയും
എല്ലാത്തിലും അവിടുത്തെ ഉപദേശം
സ്വീകരിക്കുകയും ചെയ്യുന്നു.
ദൈവത്തെയല്ലാതെ ഒന്നിനെപ്പററിയും
അതു് ചിന്തിക്കുന്നില്ല
ഒന്നിനെപ്പററിയും സംസാരിക്കുന്നില്ല
മററുള്ളവയെല്ലാം അതു് പരിത്യജിക്കുന്നു
തിരസ്കരിക്കുന്നു.
എന്തെല്ലാം പഠിക്കുന്നുവോ,
എന്തെല്ലാം സംസാരിക്കുന്നുവോ,
അതിലെല്ലാം സ്നേഹത്തിൻെറ അസ്വാദ്യതയും

സ്നേഹത്തിന്റെ പ്രാണനവും ഉണ്ട്.
അത്ര പരിപൂണ്ണമായി ദൈവസ്നേഹം
ആത്മാവിന്റെ മേൽ
വിജയം കൈവരിച്ചിരിക്കുന്നു.
ദൈവത്തെ അറിയുന്നവൻ
അവിടുത്തെ സ്നേഹിക്കട്ടെ.
സ്നേഹിക്കാത്തവൻ വായിക്കുന്നതും
പഠിക്കുന്നതും പ്രസംഗിക്കുന്നതും
പ്രാത്ഥിക്കുന്നതുമെല്ലാം വ്യത്ഥം.
ദൈവസ്നേഹം, ഈ സ്നേഹത്തെ
ആത്മാവിൽ വളത്തുകയും
അതു് ഉണന്നിരിപ്പാൻ
സഹായിക്കുയും ചെയ്യുന്നു.
ദൈവം, താൻ വീണ്ടു സ്നേഹിക്കപ്പെടുവാൻ
സ്നേഹിക്കുന്നു.
അവിടുന്നു നമ്മെ സ്നേഹിക്കുമ്പോൾ
സ്നേഹിക്കപ്പെടണമെന്നല്ലാതെ
വേറെ യാതൊന്നും അത്ഥമാക്കുന്നില്ല.
എന്തുകൊണ്ടെന്നാൽ തന്നെ സ്നേഹിക്കുന്നവർ
അവരുടെ സ്നേഹത്താൽ
അനുഗ്രഹീതരായിത്തീരുമെന്നു്
അവിടുത്തേയ്ക്കറിയാം.

ദൈവത്തെ സ്നേഹിക്കുന്ന ആത്മാവു്
സ്വാഭിലാഷങ്ങളെല്ലാം ഉപേക്ഷിക്കുന്നു.
സ്നേഹത്തിനു് സ്നേഹം നൽകുവാൻ
തക്കവണ്ണം അവർ തന്നെത്തന്നെ
സ്നേഹത്തിനായിട്ടു് സമപ്പിക്കുന്നു.

അവർ തന്നെത്തന്നെ നിശ്ശേഷം
സ്നേഹത്തിൽ വ്യയം ചെയ്തു കഴിയുമ്പോൾ
സ്വർഗ്ഗീയ സ്നേഹത്തിൻെറ
സനാതന പ്രവാഹത്തോട്
ഒത്തു നോക്കുന്നപക്ഷം
അത് എത്ര തുച്ഛമായിരിക്കും.
സ്നേഹവും സ്നേഹിതനും,
ആത്മാവും ദൈവവും,
സ്രഷ്ടാവും സൃഷ്ടിയും
തമ്മിലുള്ള സ്നേഹമാത്സര്യത്തിന്
അത്ര വലിയ അന്തരമുണ്ട്.
സ്നേഹിക്കുന്ന ആത്മാവ് ഒരിക്കലും
ഭയാകുലയാകേണ്ട കാര്യമില്ല
എന്നാൽ സ്നേഹിക്കാത്ത ആത്മാവ്
ഭയവിവശയാവട്ടെ.

സ്നേഹമുള്ള ആത്മാവ്
ഉൽകൃഷ്ടാഭിലാഷങ്ങളാൽ നയിക്കപ്പെടുന്ന
പ്രതീക്ഷയാൽ പ്രേരിപ്പിക്കപ്പെടുന്ന
പരിത്യാഗങ്ങളെ വകവയ്ക്കുന്നില്ല
പ്രതാപത്തിലേയ്ക്കു്
അതിൻെറ കണ്ണുകളെ അയയ്ക്കുന്നില്ല
സന്തോഷാനുഭവത്തിൽ
ജാഗ്രത പ്രദർശിപ്പിക്കുകയും ചെയ്യുന്നു.
സുരക്ഷിതാവസ്ഥയിൽ
അതിനെ സ്ഥാപിക്കുകയും,
ദൈവത്തോട് വിശ്വസ്തതയോടെ
പെരുമാറാൻ പഠിപ്പിക്കുകയും ചെയ്യുന്നു.

ദൈവത്തെ അറിഞ്ഞു സ്നേഹിച്ചുകൊണ്ടു്
തന്നെത്താൻ വിസ്മരിക്കത്തക്കവണ്ണം
സ്നേഹം വഴിയായി ആത്മാവു്
ശാരീരികേന്ദ്രിയങ്ങളിൽ നിന്നു്
വേർപെട്ടു പോകുന്നു.
ദൈവത്തെ അനുഭവിക്കുന്നതിനും
തന്നിൽ ആനന്ദിക്കുന്നതിനുംവേണ്ടി
നിസ്തുലമായ ദിവ്യ മാധുര്യത്താൽ
ആകൃഷ്ടമായ മനസ്സു്
സ്വകീയാവസ്ഥയിൽ നിന്നു്
സ്വതന്ത്രമാകയോ,
അത്ഭുതപരവശമായി തന്നിൽ നിന്നു
തന്നെ വിയോജിക്കപ്പെടുകയോ
ചെയ്യുമ്പോഴത്രേ ഇങ്ങനെ സംഭവിക്കുന്നതു്.
സ്നേഹം ശക്തിമത്തായിരിക്കുമ്പോൾ
അതിനെക്കാൾ ആസ്വാദ്യകരമായിട്ടൊന്നുമില്ല
സ്നേഹം നമ്മെ ദൈവത്തോടടുപ്പിക്കുന്നു.
ദൈവത്തോടുള്ള അടുപ്പു്
ധീരതയെ പ്രദാനം ചെയ്യുന്നു.
ധീരത ആനന്ദാനുഭവത്തേയും
ആനന്ദാനുഭവം
നിരന്തര പൈദാഹത്തേയും ഉളവാക്കുന്നു.
ദൈവസ്നേഹസംബദ്ധയായ് ആത്മാവു്
ഒന്നിനെക്കുറിച്ചും ചിന്തിക്കുന്നില്ല
ഒന്നും ആഗ്രഹിക്കുന്നില്ല
എന്നാൽ സർവ്വദാ നെടുവീർപ്പിട്ടുകൊണ്ടു്
ഇപ്രകാരം നിലവിളിക്കുന്നു:

"എൻെറ ദൈവമേ!
മാൻപേട ദാഹിച്ച്
ഉറവുസ്ഥലങ്ങളെ, അന്വേഷിക്കുന്നതുപോലെ
എൻെറആത്മാവും നിന്നെ അന്വേഷിക്കുന്നു."

## XXI

## ദൈവം മനുഷ്യനുവേണ്ടിച്ചെയ്ത മഹാകാര്യങ്ങൾ

നരനോടുള്ള സ്നേഹത്താൽ,
ദൈവം നരൻെറ പക്കൽവന്നു
നരനിലേയ്ക്കുവന്നു
നരനായി വന്നു.
അദൃശ്യനായിരിക്കവേ
ദൈവം, സ്നേഹത്താൽ പ്രേരിതനായി
തൻെറ ദാസന്മാരുടെ വേഷമെടുത്തു.
സ്നേഹത്താൽ അവിടുന്ന്
നമ്മുടെ പാപങ്ങൾക്കുവേണ്ടി മുറിവുകളേററു.
നമ്മുടെ രക്ഷകൻെറ ആ മുറിവുകളത്രേ,
പാപികളുടേയും ബലഹീനന്മാരുടേയും
സുരക്ഷിതവും സുനിശ്ചിതവുമായ
അഭയസ്ഥാനം.
അവിടെഞാൻആപത്ത് രഹിതനായിവസിക്കും.
അവിടുത്തെ മുറിവുകളിൽക്കൂടി
ഞാൻ അവിടുത്തെ ദയാസങ്കേതത്തിൽഎത്തും.

എനിക്കു പോരാത്തതെല്ലാം
എൻെറ കത്താവിൻെറ
സ്നേഹഹൃദയത്തിൽനിന്ന് ഞാൻ വാങ്ങിക്കും.
എന്തുകൊണ്ടെന്നാൽ
അതിലത്രെ അനുഗ്രഹാധിക്യം.
അവിടെനിന്നും
അനുഗ്രഹങ്ങൾ നിർബാധം പ്രവഹിക്കും.
തൻെറ ശരീരരന്ധ്റങ്ങളിൽക്കൂടി
അവിടുത്തെ ഹൃദയരഹസ്യങ്ങൾ
എനിക്കു വെളിപ്പെടുത്തിയിരിക്കുന്നു.
അവിടുത്തെ സ്നേഹത്തിൻെറ ഉടമ്പടി
എനിക്ക് വെളിപ്പെടുത്തിയിരിക്കുന്നു.
അത്യുന്നതത്തിൽനിന്ന്
നമ്മെ സന്ദശിച്ച
ദൈവത്തിൻ കരുണാപരിപാകവും
എനിക്കു വെളിപ്പെടുത്തിയിരിക്കുന്നു.
ഈശോമ്ശിഹായുടെ
മുറിവുകൾ മുഴുവനും
കൃപയും സഹതാപവും
മാധുര്യവും സ്നേഹവുംകൊണ്ട്
നിറഞ്ഞിരിക്കുന്നു.
അവർ അവിടുത്തെ
കാൽകരങ്ങൾ തുളയ്ക്കുകയും
ഹൃദയം ഒരു കുന്തത്താൽ
കുത്തിപ്പിളക്കുകയും ചെയ്തു.
ഈ മുറിവുകളിൽക്കൂടി

എന്റെ കത്താവായ ദൈവത്തെ
ഞാൻ ആസ്വാദിക്കും.
അവിടുന്ന് എത്ര മാധുര്യവാനെന്നും
എത്ര പ്രശാന്തനെന്നും,
സത്യത്തിൽ തന്നെ വിളിച്ചുകേഴുന്നവർക്കും
തന്നെ അന്വേഷിക്കുന്നവർക്കും
തന്നെ സ്നേഹിക്കുന്നവർക്കും
അവിടുന്ന് എത്ര കാരുണ്യവാനെന്നും
ഞാൻ മനസ്സിലാക്കും.
നമ്മുടെ രക്ഷകനായ മിശിഹായിൽ
പരിപൂർണ്ണപരിത്രാണം
നമുക്ക് ലബ്ധമായിരിക്കുന്നു.
അതുവഴിയായി
അപരിമേയമായ മാധുര്യവും
അളവില്ലാത്ത അനുഗ്രഹസമ്പത്തും,
സമസ്തപുണ്യപരിപൂർണ്ണതയും
നമുക്ക് സിദ്ധിക്കുന്നു.

## XXII

## നമ്മുടെ
## കർത്താവീശോമിശിഹായുടെ
## മുറിവുകളെപ്പററിയുള്ള ഓർമ്മ

എന്തെങ്കിലും അശ്ലീല ചിന്ത
എന്നെ അലട്ടുമ്പോൾ
ഞാൻ മിശിഹായുടെ തിരുമുറിവുകളിലേക്കു്
ഓടിയടുക്കും.

എൻെറ ജഡം എന്നെ മർദ്ദിക്കുമ്പോൾ
കർത്താവിൻെറതിരുമുറിവുകളെസ്മരിച്ചുകൊണ്ടു
ഞാൻ ധൈര്യത്തോടെ നില്ക്കും.
പിശാചു്
എന്നെ പിടിക്കാൻ കുരുക്കുവെയ്ക്കുമ്പോൾ
കർത്താവിൻെറ അനുഗ്രഹനികേതത്തിലേയ്ക്കു്
ഞാൻ ഓടിയെത്തും.
പ്രലോഭകൻ എന്നെ വിട്ടുമാറുകയും ചെയ്യും.
ദുഷ്കികാരത്തിൻെറ കാഠിന്യം
എൻെറ അവയവങ്ങളെ
ക്ഷോഭിപ്പിക്കുമ്പോൾ
ദൈവസുതനായ കർത്താവിൻെറ
തിരുമുറിവുകളെ മനസ്സിൽ ഓർത്തുകൊണ്ടു്
അതിനെ ഞാൻ അമർത്തും.
മ്ശിഹായുടെ മുറിവുകളോളം
പററിയ പ്രതിവിധി
വിഷമഘട്ടങ്ങളിൽ മറെറാന്നില്ലതന്നെ.
അവിടെ ഞാൻ നിർബാധം നിദ്രചെയ്യുകയും
അപേക്ഷകൂടാതെ വിശ്രമിക്കയുംചെയ്യും.
മ്ശിഹാ നമുക്കുവേണ്ടി മരിച്ചു.
അവിടുത്തെ മരണത്താൽ
മാർദ്ദവപ്പെടുത്താത്തതായി
ഇപ്പോൾ യാതൊരു കാഠിന്യവുമില്ല.
എൻെറ കർത്താവിൻെറ മരണത്തിലത്രെ
എൻെറ സകല ശരണവും.
അവിടുത്തെ ശരണം
എൻെറ പ്രതിസമ്മാനവും,

അഭയവും, രക്ഷയും,
ജീവനും ഉത്ഥാനവുമാകുന്നു.
കർത്താവിന്റെ കരുണയാകുന്നു
എന്റെ യോഗ്യതകളുടെ ആധാരം.
ദയാനിധിയായ കർത്താവ്
എനിക്കുള്ളിടത്തോളംകാലം
ഞാൻ സുകൃത വ്യാപാരത്തിൽ
അധഃപതിക്കയില്ല.
അവിടുന്ന്
കൃപാബഹുലനായിരിക്കുന്ന സ്ഥിതിക്ക്
ഞാൻ യോഗ്യതകളാൽ
സമ്പുഷ്ടനായിരിക്കും.
രക്ഷിക്കുവാൻ അവിടുന്ന്
എത്രത്തോളം ശക്തനായിരിക്കുന്നുവോ
അത്രത്തോളം
ഞാനും ഉൽകണ്ഠാരഹിതനായിരിക്കും.

## XXIII

## മിശിഹായുടെ തിരുമുറിവുകളെ സമ്രിക്കുന്നതു് വിഷമഘട്ടങ്ങളെ തരണം ചെയ്‌വാൻ തക്ക മാർഗ്ഗമാകുന്നു

വളരെ അധികം പാപം
ഞാൻ ചെയ്തുപോയി.

നിരവധി ദ്രോഹങ്ങൾ ഞാൻ ചെയ്യുവെന്ന്
എനിക്ക് പൂർണ്ണബോധ്യമായിരിക്കുന്നു
എങ്കിലും ഞാൻ ഭഗ്നാശനാകയില്ല.
കാരണം, പാപം വർദ്ധമാനമായിടത്ത്
പ്രസാദവരം കൂടുതൽ വർദ്ധമാനമായി.
തൻെറ പാപപ്പൊറുതിയെപ്പററി
നിരാശപ്പെടുന്നവൻ
ദൈവകാരുണ്യത്തെ നിഷേധിക്കുന്നു.
ദൈവത്തിൻെറ കരുണയെ
അവിശ്വസിക്കുന്നവനത്രെ
അവിടുത്തെ കൂടുതലായി ദ്രോഹിക്കുന്നത്.
അവിടുന്ന് സ്നേഹവും സത്യവും
ശക്തിയുമാകുന്നുവെന്ന് അവൻ ധരിക്കുന്നില്ല.
എൻെറ പ്രത്യാശ മുഴുവനും
അടങ്ങിയിരിക്കുന്നത് അവയിലാകുന്നു.
അതായത്, അവിടുത്തേ
പുത്രസ്വീകാരത്തിൻെറ സ്നേഹത്തിലും
വാഗ്ദാനത്തിൻെറ സത്യവത്വത്തിലും
പരിത്രാണത്തിൻെറ ശക്തിയിലും.
ഇപ്പോൾ എൻെറ അയഥാർത്ഥ വിഭാവനങ്ങൾ
എന്തുവേണമെങ്കിലും ജല്പിച്ചുകൊള്ളട്ടെ.
നീ ആരാകുന്നു?
ആ മഹത്വത്തിൻെറ വലിപ്പം
എത്രത്തോളമുണ്ട്?
ഏതെല്ലാംവഴികളിൽക്കൂടി
അതു പ്രാപിക്കാമെന്ന് നീ വിചാരിക്കുന്നു?
എന്നാൽ ഞാൻ സധൈര്യം മറുപടിപറയും:

ഞാൻ ആരെ വിശ്വസിച്ചു എന്ന്
എനിക്കറിയാം.
അവിടുന്ന് തൻെറ അനന്തസ്നേഹത്താൽ
എന്നെ പുത്രനായി സ്വീകരിച്ചു എന്ന്
എനിക്കറിയാം.
അവിടുന്ന് വാഗ്ദാനങ്ങളിൽ
സുസ്ഥിരനാകുന്നു എന്നും
പ്രവൃത്തികളിൽ ശക്തനാകുന്നുവെന്നും
എനിക്കറിയാം.
എൻെറ കർത്താവിൻെറ
മരണത്തെ ഓർക്കുമ്പോൾ,
എൻെറ പാപാധിക്യത്തെപ്പററി
ഞാൻ ഭയാകുലനാകേണ്ട ആവശ്യമില്ല
എന്തുകൊണ്ടെന്നാൽ എൻെറ പാപങ്ങൾക്ക്
അവിടുത്തെ ജയിക്കാൻ അസാദ്ധ്യംതന്നെ.
ഞാൻ അവിടുത്തെ സ്നേഹിക്കുമെങ്കിൽ
നിശ്ചയമായും തന്നോട് രമ്യപ്പെടാമെന്ന്
തന്നെ തറച്ച ആണികളും
മുറിപ്പെടുത്തിയ കുന്തവും വിളിച്ചു പറയുന്നു.
ലൊങ്കീനോസ് തൻെറ കുന്തംകൊണ്ട്
മിശിഹായുടെ ഹൃദയത്തെ പിളന്നു.
ഞാൻ അതിൽ പ്രവേശിച്ച്
സുരക്ഷിതനായി സമാശ്വസിക്കും.
ഭയമുള്ളവൻ സ്നേഹിക്കട്ടെ,
കാരണം, സ്നേഹം ഭയത്തെ ദൂരത്തകററുന്നു.
ജഡികേച്ഛകൾക്ക്
നമ്മുടെ പരിത്രാതാവിൻെറ മരണത്തോളം

ഇത്ര ശക്തിമത്തും ഫലപ്രദവുമായ
പ്രത്യൗഷധം വേറൊന്നില്ല.
അവിടുന്ന് തന്റെ കൈകളെ
കുരിശിന്മേൽ നീട്ടുന്നു.
ആ കൈകൾതന്നെ
പാപികളെ ആശ്ലേഷിക്കുവാൻ സന്നദ്ധമായി
നീട്ടിക്കൊടുക്കുന്നു.
എന്റെ രക്ഷകന്റെ കരങ്ങളിൽ
ഞാൻ ശയിക്കും.
അവിടെത്തന്നെ മരിക്കണമെന്ന്
ഞാൻ വിചാരിക്കുന്നു.
അവിടെ ഞാൻ ഇപ്രകാരം
ഗാനം ആരംഭിക്കും:
"കർത്താവേ! നിന്നെ ഞാൻ സ്തുതിക്കും
എന്തുകൊണ്ടെന്നാൽ
നീ എന്നെ സ്വീകരിച്ചു.
എന്റെ ശത്രുക്കൾ
എന്റെമേൽ പ്രബലപ്പെടുവാൻ
നീ അനുവദിച്ചുമില്ല."
തന്റെ സ്നേഹഭാജനങ്ങളെ ചുംബിക്കുവാൻ
നമ്മുടെ കർത്താവ് തന്റെ മരണസമയത്ത്
ശിരസ്സ് നമ്രമാക്കി.
ദൈവസ്നേഹത്താൽ നാം മുഴുവനും
ആകൃഷ്ടരാകുവാൻ തക്കവണ്ണം
അവിടുത്തേയ്ക്കു കൂടെക്കൂടെ
ചുംബനങ്ങൾ നൽകാം.

# XXIV

## ആത്മാവിൻെറ
## ദൈവസ്നേഹഗാനം

ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടതും,
മിശിഹായുടെ തിരുരക്തത്താൽ
ഉദ്ധരിക്കപ്പെട്ടതും,
വിശ്വാസംവഴിയായി
അവിടുത്തേയ്ക്കു പറഞ്ഞൊരുക്കപ്പെട്ടതും,
പരിശുദ്ധാത്മാവിനാൽ നിറഞ്ഞതും,
സുകൃതങ്ങളാൽ അലംകൃതവും,
വാനവഗണത്തിൽ എണ്ണപ്പെട്ടതുമായ
ആത്മാവേ! നിന്നെ ഇത്രമാത്രം സ്നേഹിച്ച
അവിടുത്തെ സ്നേഹിക്കുക.

നിന്നെ ശുശ്രൂഷിച്ച
അവിടുത്തെ ശുശ്രൂഷിക്കുക.

നിന്നെ അന്വേഷിക്കുന്ന അവിടുത്തെ
അന്വേഷിക്കുക.

നിന്നെ സ്നേഹിക്കുന്നവനെ
നിന്നെ ആദ്യമായി സ്നേഹിച്ചവനെ
നീ സ്നേഹിക്കുക
നിന്നെ ആദ്യമായി സ്നേഹിച്ചഅവിടുന്നത്രെ
നിൻെറ സ്നേഹകാരണം.
അവിടുന്നത്രെ പ്രതിസമ്മാനം
അവിടുന്നത്രെ അതിൻെറ ഫലം.

അവിടുന്നത്രെ അതിൻെറ ആനന്ദാനുഭവം
അവിടുന്നത്രെ അതിൻെറ ലക്ഷ്യവും.
നിന്നെക്കുറിച്ച് ജാഗ്രതയുള്ള
അവിടുത്തോട്
നീയും ജാഗ്രതയോടെ പെരുമാറുക.
നിനക്ക് സംസാരിക്കുവാൻ
അവസരം തരുന്ന അവിടുത്തേയ്ക്കു്
നീയും അവസരം നൽകുക.
നിർമ്മലനായ അവിടുത്തെപ്പോലെ
നീയും നിർമ്മലനായിരിക്കുക.
പരിശുദ്ധനായ അവിടുത്തെപ്പോലെ
നീയും പരിശുദ്ധനായിരിക്കുക.
നീ ദൈവത്തോട്ട് എങ്ങനെ
പെരുമാറുന്നുവോ,
അതുപോലെ അവിടുന്നും
നിന്നോട്ട് പെരുമാറുമെന്നുള്ളതു്
തർക്കമററ സംഗതിയാകുന്നു.
അവിടുന്നു് മാധുര്യവാനും ശാന്തശീലനും
കാരുണ്യവാനുമാകുന്നു.
അതിനാൽ നാമും മാധുര്യവും ശാന്തതയും
എളിമയും കാരുണ്യവുമുള്ളവരായിരിപ്പാൻ
ആവശ്യമാകുന്നു.
നാശകൂപത്തിൽ നിന്നും,
അശുദ്ധതയിൽനിന്നും,
സമുദ്ധരിച്ച അവിടുത്തെ
നീ ഹൃദയംഗമമായി സ്നേഹിക്കുക.

എല്ലാവരും നിന്നെ ഉപേക്ഷിക്കുമ്പോൾ
നിന്നോട് വിശ്വസ്തത പ്രദർശിപ്പിക്കുന്ന
അവിടുത്തെ
നിന്റെ ഉററമിത്രമായി തിരഞ്ഞെടുക്കുക.
അഖിലജനങ്ങളും നിന്നെ വിട്ടുമാറുന്ന സമയം
അവിടുന്ന് ഒരിക്കലും
നിന്നെ പരിത്യജിക്കയില്ല.
പ്രത്യുത
ക്ഷുദാർത്തരായി അലറുന്നസിംഹങ്ങളിൽനിന്ന്
നിന്നെ സംരക്ഷിക്കും.
അജ്ഞാതമായ പ്രദേശങ്ങളിൽക്കൂടെ നയിക്കും.
ഒടുവിൽ
സ്വർഗ്ഗീയ സെഹിയോന്റെ
തെരുവീഥികളിലേയ്ക്ക്
നിന്നെ കൊണ്ടുവരും.
അവിടെ
തന്റെ മഹിമപ്രതാപത്തിൻ മുമ്പാകെ
മാലാകാമാരുടെ കൂട്ടത്തിൽ
നിന്നെനിറുത്തും.
"പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.
സൈന്യങ്ങളുടെ കർത്താവായ ദൈവം
പരിശുദ്ധനാകുന്നു" എന്ന വാനവഗീതം
നീ അവിടെ കേൾക്കും.
അവിടെ സന്തോഷഗാനവും
ആനന്ദത്തിന്റേയും രക്ഷയുടേയും
മധുരസ്വരവും
കൃതജ്ഞതാസ്തവങ്ങളുമുണ്ടായിരിക്കും.

അവിടെ മംഗളധ്വനിയും
നിരന്തരസ്തുതിസ്തോത്രങ്ങളുമുണ്ടായിരിക്കും.
അവിടെ ആനന്ദത്തിന്റെ തികവും
മഹത്വത്തിന്റെ പാരമ്യവും
സകലത്തേയും അതിശയിക്കുന്നസന്തോഷവും.
അവിടെയുള്ളതെല്ലാം വിശിഷ്ടംതന്നെ.
ഹാ! ആത്മാവേ,
മാഹാത്മ്യമേറിയ ആ നഗരത്തിൽ
സന്തുഷ്ടിയുടെ ആസ്ഥാനമായ ആ പ്രദേശത്തു
വന്നുചേരുവാൻ നീ അഭിലഷിക്കുക
ഹൃദയംഗമമായി ആഗ്രഹിക്കുക.
സ്നേഹത്താൽമാത്രം നീ അവിടെ എത്തും.
സ്നേഹിക്കുന്നവന് ഒന്നും ഒരു പ്രയാസവുമില്ല.
അസാദ്ധ്യമായി അവന് ഒന്നും ഇല്ലതാനും.
സ്നേഹനിമഗ്നയായ ആത്മാവ്
പലപ്പോഴും സ്വർഗ്ഗീയ ഓറശ്ലെമിൽ എത്തി
ആ മഹാനഗരത്തിന്റെ വീഥികൾതോറും
സ്വതന്ത്രയായി വിഹരിക്കുന്നു.
അവിടെ പൂർവ്വപിതാക്കന്മാരേയും
നിവ്യന്മാരേയും സന്ദർശിച്ചുകൊണ്ടും
ശ്ലീഹന്മാരെ വന്ദിച്ചുകൊണ്ടും
രക്തസാക്ഷികളുടെ
മഹാസമൂഹത്തെക്കണ്ടുഅത്ഭുതപ്പെട്ടുകൊണ്ടും
വിശുദ്ധ കന്യകാഗണങ്ങളെ
നിർന്നിമേഷംവീക്ഷിച്ചുകൊണ്ടും
യാത്രചെയ്യുന്നു.
കർത്താവായ ദൈവത്തെ സ്നേഹിക്കുവാൻ

ആകാശവും ഭൂമിയും
അവയിലുള്ള സമസ്തവും
എന്നെ നിരന്തരം
ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുന്നു.

## XXV

## പരനന്മയെ പ്രാപിച്ചെങ്കിൽ മാത്രമേ ആത്മാവ് സംതൃപ്തയാകയുള്ളൂ

നിത്യതയെത്തെ
സുസ്ഥിരമായി അനുഗ്രഹിക്കാത്ത
മനുഷ്യഹൃദയം
ഒരിക്കലും സ്വാസ്ഥ്യമായിരിക്കയില്ല.
എപ്പോഴും മാററത്തിനധീനമായ അതു്
ആശ്വാസംതേടി
ഒന്നിൽനിന്നു മറെറാന്നിലേയ്ക്കു കടക്കുന്നു
എന്നാൽ ഒരിടത്തും
ആശ്വാസം കണ്ടെത്തുന്നില്ല.
മനസ്സിനെ ആകർഷിക്കുന്ന ബലഹീനവും
ക്ഷണഭംഗുരവുമായ
വസ്തുക്കളിലൊന്നിലും
യഥാർത്ഥസമാധാനം കാണുകയില്ല.
അനന്തനന്മയൊഴിച്ചു്
ഒന്നിനാലും സംതൃപ്തയാകാത്തവണ്ണം
അത്ര ഉൽകൃഷ്ടയാണു് ആത്മാവു്.

തിന്മചെയ്യാൻ ഒരിക്കലും,
അത് നിർബദ്ധയാകയില്ല.
അവൾ സാക്ഷാൽ സ്വാതന്ത്ര്യതന്നെ.
അതിനാലാണ് നമ്മുടെ മനസ്സ്
നമ്മുടെ രക്ഷയുടേയും ശിക്ഷയുടേയും
കാരണമെന്നു പറയുന്നത്.
ഒരു നന്മനസ്സിനേക്കാൾ കൂടുതലായി
ദൈവത്തിനു കൊടുക്കുവാൻ
നമുക്ക് പാടുള്ളതായി യാതൊന്നുമില്ല.
നന്മനസ്സ്
നമ്മെ ദൈവത്തിൻപക്കലേയ്ക്കു നയിക്കയും
അവിടെ നമ്മെ എത്തിക്കയും ചെയ്യുന്നു.
നന്മനസ്സുവഴി
ദൈവത്തെ നാം സ്നേഹിക്കുന്നു.
അവിടുത്തേ പക്കൽ ഓടി അടുക്കുന്നു
അവിടുത്തെ പ്രാപിക്കുന്നു
അവിടുത്തെ അവകാശമാക്കുകയും ചെയ്യുന്നു.
നന്മനസ്സു വഴിയായി
ദൈവഛായയിൽ നാം നവീകരിക്കപ്പെടുന്നു
അവിടുത്തെ സാദൃശ്യത്തിൽ
നാം ആയിത്തീരുന്നു.
ആ നന്മനസ്സ്
ദൈവത്തിന് ഏററവും ഇഷ്ടമേറിയതുതന്നെ.
നന്മനസ്സില്ലാത്ത ഹൃദയത്തിൽ
അവിടുന്ന് ഒരിക്കലും വസിക്കയില്ല.
നന്മനസ്സ്, തന്നിലേയ്ക്കു
പരിശുദ്ധ ത്രീത്വത്തെ അഭ്യാകർഷിക്കുന്നു.

പുത്രൻെറ ബോധജ്ഞാനം
അതിനെ യഥാത്ഥവിജ്ഞാനത്താൽ
പ്രകാശിപ്പിക്കുന്നു.
പരിശുദ്ധാത്മാവിയുടെ സ്നേഹം
അതിനെ നന്മെക്കു പ്രേരിപ്പിക്കുന്നു.
പിതാവാകട്ടെ
താൻ സൃഷ്ടിച്ചതു് നശിച്ചുപോകാതെ
അതിൽ സൂക്ഷിക്കുകയും ചെയ്യുന്നു.

## XXVI

## യഥാത്ഥ വിജ്ഞാനം

യഥാത്ഥവിജ്ഞാനം എന്താകുന്നു?
ഒന്നാമതു്
നീ നിന്നെത്തന്നെ അറിയുകയും,
നീ ആയിരിക്കേണ്ട അവസ്ഥയിൽ എത്തുവാൻ
പരിശ്രമിക്കയും,
നിൻെറ കുറവുകളെ തിരുത്തുകയും,
പരിഹരിക്കയും ചെയ്കയാകുന്നു.
രണ്ടാമതു്,
നീ നിൻെറ സ്രഷ്ടാവിനെ അറിയുകയും
സ്നേഹിക്കയും ചെയ്കയാണു്.
എന്തുകൊണ്ടെന്നാൽ
മനുഷ്യൻെറ സകല സന്തോഷവും
അതിലടങ്ങിയിരിക്കുന്നു.
ദൈവത്തിനു് നമ്മോടുള്ള സ്നേഹം
എത്ര അപാരമെന്നു നോക്കുക.

അവിടുന്ന്
നമ്മെ ശൂന്യതയിൽ നിന്ന് സൃഷ്ടിച്ചു
നമുക്കുള്ളതെല്ലാം
അവിടുന്ന് നൽകുകയും ചെയ്തു.
എന്നാൽ ദാനത്തെ ദാതാവിനേക്കാൾക്കൂടുതൽ
നാം സ്നേഹിച്ചതിനാൽ
സൃഷ്ടിയെ സ്രഷ്ടാവിനേക്കാൾ കൂടുതൽ
കാര്യമായി നാം ഗണിച്ചതിനാൽ
നാം പിശാചിന്റെ കെണിയിൽ അകപ്പെട്ടു
അവന്റെ ദാസന്മാരായിത്തീരുകയും ചെയ്തു.
എങ്കിലും, ദൈവം കരുണയാൽ പ്രേരിതനായി
അടിമകളായ നമ്മെ ഉദ്ധരിക്കുവാൻ
തന്റെ പ്രിയപുത്രനെ അയച്ചു.
വീണ്ടും നമ്മെ
തന്റെ പുത്രന്മാരാക്കിത്തീർക്കുവാൻ
അവിടുന്നുതന്നെ
പരിശുദ്ധാത്മാവിയേയും അയച്ചു.
തന്റെ പുത്രനെ വിലയായി നൽകി
നമ്മെ വീണ്ടെടുത്തു.
അവിടുത്തെ
സ്നേഹത്തിന്റെ "അച്ചാര"മായിട്ട്
പവിത്രാത്മാവിനേയും തരികയുണ്ടായി.
ചുരുക്കിപ്പറഞ്ഞാൽ
അവിടുന്ന് തന്നെത്തന്നെ
മുഴുവനും നമുക്ക് നൽകുകയും
നമ്മുടെ പുത്രസ്വീകാരത്താൽ
നമ്മുടെ അവകാശമായിത്തീരുകയും ചെയ്തു.

അതിനാൽ
ദൈവം തൻെറ അപാരനന്മയാലും
മഹാകൃപയാലും
മർത്ത്യരോടുള്ള സ്നേഹത്തിൻേറയും
രമ്യതയുടേയും ലക്ഷ്യമായി,
അവരെ ഉദ്ധരിക്കുവാൻ
തൻെറ അനുഗ്രഹങ്ങളെ മാത്രമല്ല
തന്നെത്തന്നെ
മുഴുവനുംപ്രദാനംചെയ്യുവാൻതിരുമനസ്സായി.
മനുഷ്യൻ ദൈവജാതനാകുവാൻ
ആദ്യംതന്നെ
ദൈവം മനുഷ്യജാതനാകയാണ് ചെയ്തത്.
മനുഷ്യൻ ദൈവത്തെ സ്നേഹിക്കുന്നതിനു
വളരെ മുമ്പുതന്നെ
ദൈവത്തിനു
മനുഷ്യനോട് അത്യധികം
സ്നേഹമുണ്ടായിരുന്നെന്നോക്കുമ്പോൾ
ഏതു കഠിനഹൃദയമാണ്
ദിവ്യസ്നേഹത്താൽ അലിഞ്ഞുപോകാത്തത്?
നരനെക്കുറിച്ചുമാത്രം
നരനാവാൻ
തന്നെ പ്രേരിപ്പിച്ച സ്നേഹവിശേഷം
എത്രമഹത്തരം!
നരദൈവത്തിൻെറ മനുഷ്യത്വം തന്നെ
പ്രതിബിംബിച്ചുകാണുന്ന മനുഷ്യനെ
ഏതു വജ്രഹൃദയനാണ് വിദ്വേഷിക്കുന്നതു്?

മനുഷ്യനെ ദ്വേഷിക്കുന്നവൻ
ദൈവത്തെ ദ്വേഷിക്കുന്നു.
അതിനാൽ
അവൻെറ സകല പ്രവൃത്തികളുടേയും
പ്രതിസമ്മാനം നഷ്ടമായിപ്പോകുന്നു.
ദൈവം മനുഷ്യനുവേണ്ടി
മനുഷ്യനായി അവതരിച്ചു
അവിടുന്ന് സ്രഷ്ടാവും പരിത്രാതാവും ആയി.
അവിടുന്നുതന്നെ
മർത്ത്യനെ വിലകൊടുത്ത്
വീണ്ടെടുക്കയും ചെയ്തു.
അവൻ
അവിടുത്തെ ആർദ്രമായി സ്നേഹിക്കുവാൻ
അവിടുന്ന്
മനുഷ്യവേഷം ധരിച്ച് പ്രത്യക്ഷനായി.
അതു വഴിയായി
മനുഷ്യൻെറ ആത്മാവിനേയും ശരീരത്തേയും
ധന്യമാക്കിത്തീർക്കുന്നതിനു്
അവിടുന്നു നിശ്ചയിച്ചു.
അവിടുത്തേ ദൈവത്വത്തിൽ
അവൻെറ ബോധത്തിൻെറയും
അവിടുത്തേ മനുഷ്യത്വത്തിൽ
അവൻെറ ശരീരത്തിൻെറയും
നവജീവാഹാരം കണ്ടെത്തുവാനാണ്
അവിടുന്ന് അങ്ങനെ മനസ്സായത്.
അതിനാൽ അവിടുന്ന് രൂപവൽക്കരിച്ച
മനുഷ്യസ്വഭാവത്തിനു്

അതിന്റെ ഗതിവിഗതികളിൽ
തന്നിൽനിന്ന് ആഹാരം സ്വീകരിക്കുന്നതിനു
സാദ്ധ്യമായിത്തീരും.

## XXVII
## നമ്മുടെ ഹൃദയങ്ങളിൽ പരിശുദ്ധാത്മാവിന്റെ പ്രവൃത്തി

നമ്മുടെ പരിത്രാതാവ്
നമുക്കുവേണ്ടി ഭൂജാതനായി
നമുക്കുവേണ്ടി ക്രൂശിതനായി
നമുക്കുവേണ്ടി മൃതനായി
അവിടുത്തെ മരണത്താൽ
നമ്മുടെ മരണത്തെ ജയിക്കയും ചെയ്തു.
അവിടുത്തെ മാംസമാകുന്ന ദ്രാക്ഷാഫലം
കുരിശാകുന്ന ചക്കിലാക്കി.
അതിൽ പിഴിഞ്ഞപ്പോൾ
അവിടുത്തെ
ദൈവത്വമെന്ന ദ്രാക്ഷാരസം ലബ്ധമായി.
ആ പുതിയ വീഞ്ഞ് പുതിയ പാത്രങ്ങളിൽ
ശേഖരിക്കുന്നതിനു മുമ്പായി
ആ പാത്രങ്ങളെ തയ്യാറാക്കുവാൻ
പരിശുദ്ധാരൂപിയെ അയച്ചു.
അവയിൽ ശേഖരിച്ചുവയ്ക്കുന്ന വീഞ്ഞു
ചീത്തയായിപ്പോകാതിരിപ്പാൻ
ആദ്യമായിത്തന്നെ
അവരുടെ ഹൃദയങ്ങളെ
ശുദ്ധീകരിക്കേണ്ടിയിരുന്നു.

അനന്തരം
വീണ്ടു് അതിൽ നിന്നു
ഒലിച്ചുപോകാതിരിപ്പാൻ തക്കവണ്ണം
അവയെമുറുക്കികെട്ടേണ്ടതാവശ്യമായിത്തീന്നു.
അതായതു്,
പാപകരമായ സന്തോഷത്തിൽ നിന്നു്
ആ ഹൃദയങ്ങളെ ശുദ്ധീകരിക്കയും,
മായാമോഹത്തിൽ നിന്നു
അവയെ തിരിക്കയും ചെയ്യുക.
മലിനമായതു് ബഹിഷ്കരിച്ചാൽ മാത്രമേ
നല്ലതും പരിശുദ്ധവുമായതു് പ്രവേശിക്കയുള്ളൂ.
ദുഷ്ടതയിൽ സന്തോഷിക്കുന്നതു്
തന്നെത്താൻ പങ്കിലമാക്കുകയാണു്.
മായയിൽ സന്തോഷിക്കുന്നതു്
നിരുപയോഗമാകുന്നു.
അധമ്മത്തിൽ ആമോദിക്കുമ്പോൾ
സൽപാത്രത്തെ
ദൂഷിപ്പിക്കുകയാണു് ചെയ്യുന്നതു്.
മായയിൽ സന്തോഷിക്കുന്നതു്
അതു് മുഴുവൻ പൊള്ളയാക്കിത്തീക്കുകയാകുന്നു.
അധമ്മത്തിൽ ആനന്ദിക്കുന്നതു്
പാപത്തെ സ്നേഹിക്കുകയാകുന്നു.
മായയിൽ ആനന്ദിക്കുന്നതു്
ക്ഷണഭംഗുരമായ
വസ്തുക്കളെ സ്നേഹിക്കുകയാകുന്നു.
അതിനാൽ തിന്മയായിട്ടുള്ളതു്
തള്ളിക്കളയുക

എന്നാൽ, നീ നന്മയായിട്ടുള്ളത്
സ്വീകരിക്കുവാൻ യോഗ്യനാകും.
കയ്പായിട്ടുള്ളത് കഴുകിക്കളയുക
എന്നാൽ, നീ മധുരമായതിനാൽ നിറയും.
പിശാചിൻേറയും ലോകത്തിൻേറയും
അരൂപിയെ ദൂരത്തകററുക
എന്നാൽ നീ ദൈവത്തിൻെറ അരൂപിയെ
സ്വീകരിക്കും.
പൈശാചികാരൂപി
നമ്മെ അധമ്മത്തിൽ ആനന്ദിപ്പിക്കാൻ
ആരംഭിക്കുമ്പോൾ
ലൗകികാരൂപി മായാസന്തോഷത്തിനു്
നമ്മെ പ്രേരിപ്പിക്കുന്നു.
ഈ സന്തോഷങ്ങൾ തിന്മയാകുന്നു
എന്തുകൊണ്ടെന്നാൽ:
ആദ്യത്തേതു് പാപം തന്നെയാകുന്നു.
രണ്ടാമത്തേതു് പാപത്തിനു കാരണവും.
അശുദ്ധാരൂപി ബഹിഷ്കൃതമാകുമ്പോൾ
ദൈവത്തിൻെറ അരൂപി വന്നു്
നിൻെറ ഹൃദയവേദിയിൽ പ്രവേശിക്കുന്നു.
നിന്നിൽ മഹാസന്തോഷത്തേയും
അകൃത്രിമമായ സ്നേഹത്തേയും ഉളവാക്കുന്നു.
അതിനാൽ ലോകസ്നേഹവും
പാപസ്നേഹവും ദൂരത്തുകന്നുപോകുന്നു.
ലോകസ്നേഹം മത്ത്യനെ ആകഷിച്ച്
കുരുക്കിലകപ്പെടുത്തുന്നു.
പാപത്തോടുള്ള രാഗം

അവനെ നിന്ദ്യനാക്കുകയും
മരണത്തിലേയ്ക്ക് ആനയിക്കുയും ചെയ്യുന്നു.
എന്നാൽ, ദൈവസ്നേഹം
മനസ്സിനെ പ്രകാശമാനമാക്കുകയും
മനസ്സാക്ഷിയെ വെടിപ്പാക്കുയും
ഹൃദയത്തെ ആനന്ദിപ്പിക്കുയും
ദൈവത്തെ
മനുഷ്യന് പ്രത്യക്ഷമാക്കുകയും ചെയ്യുന്നു.

## XXVIII

## ദൈവത്തെ സ്നേഹിക്കുന്നവൻ ചെയ്യുന്ന മഹാകാര്യങ്ങൾ

ദൈവസ്നേഹത്താൽ ബന്ധിക്കപ്പെട്ടവർ
തങ്ങൾക്ക്
എന്ന് ദൈവത്തിൽപക്കലെത്താം
എന്ന് ലോകത്തോട് യാത്രപറയാം
എന്ന് നശ്വരമായ ശരീരത്തിൽ നിന്നു
വിമുക്തരാവാം എന്നിപ്രകാരം
സർവ്വദാ ചിന്തിച്ചുകൊണ്ടിരിക്കുന്നു.
ആകയാൽ
യഥാർത്ഥ സമാധാനംകണ്ടെത്തുവാൻ
അവന്റെ ഹൃദയവും ആഗ്രഹവും
എപ്പോഴും ഉന്നതങ്ങളിലേയ്ക്കായിരിക്കുന്നു.
അവൻ ഇരിക്കുമ്പോഴും നടക്കുമ്പോഴും
വിശ്രമിക്കുമ്പോഴുംഎന്തുതന്നെ ചെയ്യുമ്പോഴും
ഹൃദയം ദൈവത്തോടുകൂടെ ആയിരിക്കും.

ദൈവത്തെ സ്നേഹിക്കുവാൻ
അവൻ എല്ലാവരേയും ഉപദേശിക്കുന്നു.
ദൈവസ്നേഹം
അവൻ എല്ലാവർക്കും ശുപാശ ചെയ്യുന്നു.
ദൈവസ്നേഹം എത്ര മധുരമാകുന്നു എന്നും
ലോകസ്നേഹം എത്ര നികൃഷ്ടവും
തിക്തസമ്പൂൎണ്ണവും ആകുന്നു എന്നും
അവൻ ഹൃദയത്തിലും വചനത്തിലും
പ്രവൃത്തിയിലും
കാണിച്ചുകൊടുക്കുന്നു.
ഈ ലോകമഹിമയെ
അവൻ നിന്ദ്യമായിത്തള്ളുന്നു.
അതിനെപ്പററിയുള്ള ഉൽക്കണ്ഠയെ
അവൻ അപലപിക്കുന്നു.
ക്ഷണികവസ്തുക്കളെ ആശ്രയിക്കുന്നതു്
എത്ര ഭോഷത്തമെന്നു്
അവൻ കാണിച്ചുകൊടുക്കുകയും ചെയ്യുന്നു.
അത്തരം വസ്തുക്കളെ സ്നേഹിക്കുന്ന
മനുഷ്യരുടെ അന്ധതയെപ്പററി
അവൻ അത്ഭുതപ്പെടുകയും ചെയ്യുന്നു.
നശ്വരമായ ഈ വസ്തുക്കളെ
എല്ലാവരും പരിത്യജിക്കാത്തതിനെക്കുറിച്ച്
അവൻ വിസ്മയാകുലനാകുന്നു.
അവൻ ഇത്ര ആസ്വാദ്യത കാണുന്ന വസ്തുക്കൾ
മാധുൎയ്യമേറിയതായി
എല്ലാവരും പരിഗണിക്കേണ്ടതാണെന്നു്
അവൻ കരുതുന്നു.

അവൻ സ്നേഹിക്കുന്നതിന്റെ
എല്ലാവരും സ്നേഹിക്കേണ്ടതാണെന്ന്
അവൻ വിചാരിക്കുന്നു.

അവൻ അറിയുന്ന വസ്തുക്കളിൽ
എല്ലാവരും സംതൃപ്തരാകേണ്ടതാണെന്ന്
അവൻ അനുമിക്കുന്നു.

പലപ്പോഴും
അവൻ ദൈവത്തെപ്പററി ചിന്തിക്കുന്നു.
ഈ ധ്യാനത്താൽ
എത്രമാത്രം നവോന്മേഷം പ്രാപിക്കുന്നുവോ
അത്രമാത്രം സൗഭാഗ്യവും
അവൻ അനുഭവിക്കുന്നു.

എപ്പോഴും
മധുരമായിത്തോന്നുന്ന വസ്തുക്കളെപ്പററി
ചിന്തിക്കുന്നത് എത്രയും ആനന്ദപ്രദമാണ്.

## XXIX.

## ഹൃദയത്തിൻെറ യഥാർത്ഥ സമാധാനമാർഗ്ഗം

ഹൃദയത്തിൻെറ സകല അഭിലാഷങ്ങളേയും
ദൈവസ്നേഹത്തിൽ മാത്രം
പരിപൂർണ്ണമായ് ഉറപ്പിച്ചുകൊണ്ട്
മററൊന്നിനേയും
ആഗ്രഹിക്കാതിരിക്കുന്നതാണ്

യഥാൎത്ഥ സമാധാനമാൎഗ്ഗം.
ഹൃദയം സ്വായത്തമാക്കിയിരിക്കുന്നതേതോ,
അതിൽ എന്തോ ഒരു സന്തോഷസൗഭാഗ്യം
സ്ഥിതി ചെയ്യുന്നു.
അതേ സന്തോഷത്തിൽ തന്നെ
അതു് ആനന്ദിക്കുകയും ചെയ്യുന്നു.
എന്തെങ്കിലും മിഥ്യാചിന്തയാൽ
ആകൃഷ്ടമാകയോ,
വല്ല കാൎയ്യങ്ങളിൽ സ്വല്പനേരത്തേയ്ക്കു്
ഏൎപ്പെടുകയോ ചെയ്താൽപോലും
ആ സ്നേഹമുള്ള ഹൃദയം
കഴിയുന്നതും വേഗത്തിൽ
ദൈവചിന്തയിലേയ്ക്കു് തിരിച്ചുവരുന്നു.
ദൈവത്തെപ്പററിയല്ലാതെ
വേറെ എന്തെങ്കിലും ചിന്തയിൽ
ഹൃദയത്തെ ഉറപ്പിക്കുന്നതു്
കേവലം നിന്ദ്യമായിട്ടത്രെ കരുതുന്നതു്.
ദൈവത്തിന്റെ
അപാരനന്മയെ അനുഭവിക്കാതെയും
അതിനെ ഉപയോഗിക്കാതെയും
ഒരു ക്ഷണനേരമെങ്കിലും
മനുഷ്യനു് കഴിച്ചുകൂട്ടാൻ
സാധിക്കാത്തതിനാൽ,
അവിടുത്തേ സാന്നിദ്ധ്യത്തെ സ്മരിക്കാത്ത
ഒരു മാത്രനേരമെങ്കിലും
ഉണ്ടായിരിപ്പാൻ പാടില്ലാത്തതാകുന്നു.

ആകയാൽ ഒരുവൻ
പ്രാർത്ഥനയിൽ
ദൈവത്തോടു സംഭാഷിക്കുമ്പോൾ,
ഒരപരിചിതൻെറ ദൃഷ്ടിയിൽനിന്ന്
മാറിപ്പോകുമ്പോലെ,
ദൈവസാന്നിദ്ധ്യത്തിൽ നിന്ന്
ഓടി അകന്നു പോകുന്നവൻ
ചില്ലറ അപരാധമല്ല പ്രവൃത്തിക്കുന്നതു്.
അവൻ അവൻെറ
നിരർത്ഥ ചിന്തകൾക്ക് വശംവദനായി,
സൃഷ്ടിയെ ദൈവത്തേക്കാൾ വലുതായി
പരിഗണിക്കുമ്പോഴാണ്
ഇങ്ങനെ സംഭവിക്കുന്നതു്.
എപ്പോഴും സ്രഷ്ടാവെന്ന് ഓർക്കുകയും
ഉദ്ധാരകനെന്നു കരുതി ബഹുമാനിക്കുകയും
പരിരക്ഷകനെന്നു നിനച്ച് ആരാധിക്കുകയും
വിധിയാളനെന്നു വിചാരിച്ച്
ഭയപ്പെടുകയും ചെയ്യേണ്ട
ദൈവത്തെക്കാൾ കൂടുതൽ
സൃഷ്ടിയെപ്പററി ചിന്തിച്ചുകൊണ്ടും
പേർത്തു പേർത്ത് ഓർത്തുകൊണ്ടും,
അതിനെ കാര്യമായി ഗണിച്ചുകൊണ്ടും
അവൻെറ മനഃശ്രദ്ധ ശീഘ്രം അന്യഥാ
വ്യാപരിപ്പിച്ചുകളയുന്നു.

## XXX

## ദൈവത്തിൽ നിന്നു് മനോദൃഷ്ടിയെ വ്യതിചലിപ്പിക്കു ന്ന സ്വഭാവം പരിത്യജി ക്കേണ്ടതാകുന്നു

ലോകത്തെ സ്നേഹിക്കുന്ന നീ
ആരുതന്നെ ആയിരുന്നാലും
ആദ്യമായിത്തന്നെ
നീ എങ്ങോട്ടുപോകുന്നുവെന്നു്
ആലോചിക്കുക.
നിൻെറ പ്രയാണം പാപബഹുലവും
ദുഃഖസമ്പൂൎണ്ണവുമാകുന്നു.
ആകയാൽ, മനുഷ്യാ
നിൻെറ വ്യാപാരങ്ങളിൽ നിന്നു്
അല്പസമയത്തേയ്ക്കു് വിരമിക്കുക.
നിൻെറ ആകുല ചിന്തകളെ വിട്ടുമാറുക.
വലിയ ഉൽക്കണ്ഠകളെ പരിത്യജിക്കുക.
സങ്കടകരമായ വിവാദങ്ങളെ ഉപേക്ഷിക്കുക.
ദൈവത്തിനായി
സ്വല്പസമയം ചിലവഴിക്കുക.
അങ്ങിൽ, കുറേനേരത്തേയ്ക്കു വിശ്രമിക്കുക.
നിൻെറ മനോഗേഹത്തിൽ പ്രവേശിച്ചു്
ദൈവത്തേയും
അവിടുത്തെ കണ്ടെത്തുവാൻ

സഹായകമായവയേയും ഒഴിച്ചു
മററുള്ളതെല്ലാം ബഹിഷ്കരിക്കുക.
നിൻെറ വാതിലുകളെല്ലാംബന്ധിച്ചുകൊണ്ടു്
അവിടത്തെ അന്വേഷിക്കുക.
നിൻെറ മുഴു ഹൃദയത്തോടുകൂടെ
ഇപ്രകാരം പറയുക:
നിൻെറ മുഖപ്രസാദം കാണുവാൻ
ഞാൻ ആഗ്രഹിക്കുന്നു.
കത്താവേ!
നിന്നെയത്രെ ഞാൻ പ്രതീക്ഷിക്കുന്നതു്.
- കത്താവേ! വരിക,
നിന്നെ ഞാൻ
എവിടെ എങ്ങനെ അന്വേഷിക്കണമെന്നും
എവിടെ എങ്ങനെ കണ്ടെത്തണമെന്നും
എന്നെ പഠിപ്പിക്കേണമേ,
കത്താവേ! നീ ഇവിടെയില്ലാത്തപ്പോൾ
നിന്നെ ഞാൻ എവിടെ അന്വേഷിക്കും?
നീ സവ്വസ്ഥിതനെങ്കിൽ
ഞാൻ എന്തുകൊണ്ടു് നിന്നെ കാണുന്നില്ല?
നിശ്ചയമായും
നീ ദുഷ്പ്രാപമായ
പ്രകാശത്തിൽ വസിക്കുന്നു.
ആ പ്രകാശത്തിലേയ്ക്കു്
എങ്ങനെ ഞാൻ അടുക്കും?
ഹാ! നിന്നെ കാണുവാൻ
ആർ എന്നെ അവിടെകൊണ്ടുചെന്നാക്കും.

മാത്രമല്ല, ഏതു ലക്ഷണങ്ങൾകൊണ്ട്,
ഏതു രൂപത്തിൽ
നിന്നെ ദർശിക്കാൻ കഴിയും?
കർത്താവേ! നിന്നെ കാണുവാൻ
ഒരിക്കലും എനിക്കു കഴിഞ്ഞിട്ടില്ല
നിന്റെ മുഖഭാവത്തെ ഞാനറികയില്ല.
അത്യുന്നതനായ കർത്താവേ!
വിദേശവാസം അനുഭവിക്കുന്ന
ഈ നീചസൃഷ്ടി എന്തു ചെയ്യട്ടെ?
അവൻ എന്തു ചെയ്യും?
നിന്റെ സ്നേഹത്തെ യാചിക്കയും
എന്നാൽ നിന്റെ സാന്നിദ്ധ്യത്തിൽനിന്ന്
വിദൂരസ്ഥനായിരിക്കയും ചെയ്യുന്ന
ഈ ദാസൻ എന്തു ചെയ്യട്ടെ?
ഇതാ നിന്നെ കാണുവാൻ
അവൻ അത്യുൽസുകനായിരിക്കുന്നു.
നിന്റെ മുഖം
അവന്റെ ദൃഷ്ടിയിൽ പെടാത്തവിധം
വിദൂരമായിരിക്കുന്നു.
നിന്റെ അടുക്കൽ വരുവാൻ
അവൻ അതിയായി ആഗ്രഹിക്കുന്നു.
നിന്റെ വസതിയോടടുക്കുവാൻ
വിഷമംതന്നെ.
അവൻ നിന്നെ കാണുന്നകാര്യം
സംശയാസ്പദമാണ്.
നിന്റെ വസതി അവൻ അറിയുന്നുമില്ല.
നിന്നെ അന്വേഷിക്കാൻ

അവൻ അത്യാസക്തനായിരിക്കുന്നു.
നിൻെറ ദിവ്യാനനത്തെ അവൻ കണ്ടിട്ടില്ല.

## XXXI

## പാപത്തോടുകൂടി ദൈവദർശനം നഷ്ടമാകയും അതിനുപകരം ദുരിതംവന്നു ഭവിക്കയും ചെയ്യുന്നു

കർത്താവേ!
നീ എൻെറ ദൈവവും നാഥനുമായിരിക്കുന്നു
എങ്കിലും നിന്നെ ഞാൻ കണ്ടിട്ടില്ല.
നീ എന്നെ സൃഷ്ടിച്ചു
നീ എന്നെ ഉദ്ധരിച്ചു
നീ എനിക്കു എല്ലാം നൽകി
എങ്കിലും ഞാൻ നിന്നെ കണ്ടിട്ടില്ല
അറിയുകയുമില്ല.
നിന്നെ കാണുവാൻ സൃഷ്ടിക്കപ്പെട്ടു
എങ്കിലും എൻെറ ജന്മസാഫല്യത്തിനു്
ഞാൻ ഒന്നും ചെയ്തിട്ടില്ല.
ഹാ! മർത്ത്യൻെറ ദുരിതാവസ്ഥ!
അവൻ എന്തിനായി സൃഷ്ടിക്കപ്പെട്ടുവോ
അതു് അവൻ നഷ്ടമാക്കി.
ഹാ! എത്ര മഹാകാഠിന്യം!
എത്ര ഭയാനകമായ സംഗതി!
കഷ്ടം! അവൻ എന്തു നഷ്ടമാക്കി

എന്തു കണ്ടെത്തി ?
എന്തു എടുത്തുകളഞ്ഞു
എന്തു ശേഷിച്ചു?
യാതൊന്നിനായി സൃഷ്ടിക്കപ്പെട്ടുവോ,
ആ സൗഭാഗ്യം അവൻ കളഞ്ഞു കുളിച്ചു.
അതിന്റെ വിപരീതമായി
ദുരിതം ലബ്ധമാകയും ചെയ്തു.
യാതൊന്നുകൂടാതെ
സൗഭാഗ്യം ദുഷ്പ്രാപമാകുന്നുവോ,
ആ വസ്തു കൈവിട്ടുപോയി.
ദുഃഖനിദാനമായ വസ്തു
അവശേഷിക്കയും ചെയ്തു.
മനുഷ്യൻ അപ്പോൾ
മാലാഖമാരുടെ അപ്പം ഭക്ഷിച്ചു.
എന്നാൽ അതു് ഇപ്പോൾ കിട്ടാതെ
വിശന്നുവലയുന്നു.
ഇപ്പോൾ അവൻ സങ്കടദായകമായ
അപ്പം ഭക്ഷിക്കുന്നു.
അതിനെപ്പററി
അവൻ അപ്പോൾ ഒന്നും അറിഞ്ഞിരുന്നില്ല.
ഹാ! കർത്താവേ!
എത്രനാൾ
നീ ഞങ്ങളെ ഗൗനിക്കാതിരിക്കും?
എന്നന്നേയ്ക്കുമോ?
എത്രനാൾ
നിന്റെ മുഖത്തെ
ഞങ്ങളിൽനിന്നു് തിരിച്ചുവയ്ക്കും?

എപ്പോൾ
നീ തിരിഞ്ഞ് കടാക്ഷിക്കയും
ഞങ്ങളെ ശ്രവിക്കയും ചെയ്യും?
എപ്പോൾ
നീ ഞങ്ങളുടെ ദൃഷ്ടികളെ പ്രകാശിപ്പിച്ച്
നിൻെറ മുഖത്തെ കാണിക്കും?
എപ്പോൾ
നീ നിന്നെത്തന്നെ
ഞങ്ങൾക്ക് വീണ്ടും തരും?
കർത്താവേ! തിരിഞ്ഞുകടാക്ഷിക്കേണമേ,
ശ്രവിക്കേണമേ,
ഞങ്ങളെ പ്രകാശിപ്പിക്കേണമേ.
നീ നിന്നെത്തന്നെ
ഞങ്ങൾക്കു കാണിച്ചുതരിക.
നിന്നെത്തന്നെ
ഞങ്ങൾക്കു വീണ്ടും നൽകുക.
നിന്നെക്കൂടാതെ ഞങ്ങൾ നന്നാകയില്ല.
നിൻെറ സഹായത്താൽ
ഞങ്ങൾ എല്ലാം നന്നായി
ചെയ്വാൻ ഇടയാകട്ടെ.
ഞങ്ങളെ
നിൻെറ പക്കലേയ്ക്കു വിളിക്കേണമെ.
ഞങ്ങളെ സഹായിക്കേണമേ.
കർത്താവേ!
എൻെറ ഹൃദയം
കയ്പുനിറഞ്ഞതായിത്തീർന്നിരിക്കുന്നു.
എന്തുകൊണ്ടെന്നാൽ

നീ അതിനെ ഉപേക്ഷിച്ചുകളഞ്ഞു.
കർത്താവേ!
നിന്റെ സാന്ത്വനോക്തികളാൽ
അതിനെ
വീണ്ടും നീ മാധുര്യമുള്ളതാക്കേണമേ.
അത്യാർത്തിയോടെ
നിന്നെ അന്വേഷിപ്പാൻ
ഞാൻ ആരംഭിച്ചിരിക്കുന്നു.
എന്നെ അസംതൃപ്തനായി വിട്ടയക്കല്ലേ.
ഞാൻ വിശന്നു വലഞ്ഞുവരുന്നു.
പട്ടിണിയായി
തിരിച്ചുപോകാൻ അനുവദിക്കല്ലേ.
ഞാൻ ദരിദ്രനായി വരുന്നു
നീ ധനവാനാകുന്നുവല്ലോ.
ഞാൻ നികൃഷ്ടനായി നിന്റെ പക്കൽ വരുന്നു
നീ കരുണതന്നെ ആകുന്നുവല്ലോ.
ഞാൻ വെറുംകയ്യോടെ
തിരസ്കൃതനായിപ്പോവാൻ അനുവദിക്കല്ലേ.
കർത്താവേ!
ഞാൻ അധോമുഖനായിത്തീർന്നിരിക്കുന്നു.
എനിക്ക് കീഴ്പോട്ടുനോക്കാനല്ലാതെ
ഗത്യന്തരമില്ല.
എന്നെ ഉയർത്തേണമേ!
ഞാൻ എന്റെ മുഖം ഉയർത്തട്ടെ.
എന്റെ ദുഷ്കൃത്യങ്ങളുടെ ക്രമ്പാരം
എന്റെ തലയെ കവിഞ്ഞുയർന്നിരിക്കുന്നു.
അവ എന്നെ പരിഭ്രാന്തചിത്തനാക്കി.

അതെല്ലാം
എന്റെമേൽ മഹാ ഭാരമായിത്തീൎന്നിരിക്കുന്നു.
നീ എന്നെ വിളിക്കുക.
എന്റെ ഭാരത്തെ എടുത്തുകളയുക
ആ ഗൎത്തം എന്നെ മൂടാതിരിക്കട്ടെ.
നിന്നെ ആരായുവാൻ
എന്നെ പഠിപ്പിക്കേണമേ.
നിന്നെ അന്വേഷിക്കുമ്പോൾ
നിന്നെത്തന്നെ
എനിക്കു നീ കാണിച്ചുതരികയും
ചെയ്യേണമേ.
നീ എന്നെ പഠിപ്പിക്കാതെ
നിന്നെ അന്വേഷിക്കാൻ
എനിക്ക് സാദ്ധ്യമല്ല.
നീ നിന്നെത്തന്നെ കാണിച്ചുതരാത്തപക്ഷം
നിന്നെ കണ്ടെത്തുവാൻ
എനിക്കു കഴികയുമില്ല.
നിന്നെ ആഗ്രഹിച്ചുകൊണ്ടു്
ഞാൻ അന്വേഷിക്കട്ടെ.
നിന്നെ അന്വേഷിച്ചുകൊണ്ടു്
ആഗ്രഹിക്കയും ചെയ്യട്ടെ.
നിന്നെ സ്നേഹിച്ചുകൊണ്ടു്
ഞാൻ കണ്ടെത്തട്ടെ.
നിന്നെ കണ്ടെത്തിക്കൊണ്ടു്
സ്നേഹിക്കയും ചെയ്യട്ടെ.

# XXXII

## ദൈവനന്മ

കർത്താവേ!
നിന്നെ സ്മരിക്കാനും,
നിന്നെ ധ്യാനിക്കാനും
നിന്നെ സ്നേഹിക്കാനുമായി
നിൻെറ സാദൃശ്യത്തിൽ
എന്നെ സൃഷ്ടിച്ചതിനെക്കുറിച്ച്
ഞാൻ നിന്നെ ഏററുപറയുകയും
നിനക്ക് നന്ദിപറയുകയും ചെയ്യുന്നു.
എന്നാൽ ആ ഛായ
പാപമാലിന്യത്താൽ വികൃതമായിരിക്കുന്നു.
തിന്മയുടെ നിശ്വാസനത്താൽ
അത് വിരൂപമായിരിക്കുന്നു.
അതിനെ നവീകരിക്കുകയും സംസ്കരിക്കുകയും
ചെയ്യാത്തപക്ഷം
അതിൻെറ ജന്മോദ്ദേശ്യം നിർവ്വഹിക്കാൻ
ഒരിക്കലും ശക്തമാകയില്ല.
വിശ്വാസബോധം നൽകുന്നവനായ
കർത്താവേ!
ഞാൻ വിജ്ഞാനിയായിത്തീരുന്നത്
എത്ര കണ്ടു് ഉപയോഗപ്രദമെന്നു്
നീ വിചാരിക്കുന്നുവോ;
അത്ര കണ്ടു്
വിജ്ഞാനത്തിൽ വളർന്നുവരുവാൻ

നീ മനോഗ്രഹണം ചെയ്യേണമേ.
കാരണം,
ഞങ്ങളുടെ
വിശ്വാസത്തിനനുസരിച്ചായിരിക്കും
വിജ്ഞാനസിദ്ധി.
അങ്ങനെയാകുന്നു ഞാൻ വിശ്വസിക്കുന്നതും.
നിന്നെക്കാൾ
മഹത്തരമോ വിശിഷ്ടമോ ആയി
യാതൊന്നും ഉണ്ടാകാനോ
ഉണ്ടെന്ന് സങ്കല്പിക്കാനോ
വഹിയാ എന്ന് ഞങ്ങൾ അറിയുന്നു.
കർത്താവായ ദൈവമേ നീ ആരാകുന്നു?
നീ പരമനന്മയും, സ്വയംഭൂവും,
അഖിലവും ശൂന്യതയിൽനിന്ന് സൃഷ്ടിച്ച
ആളുമാകുന്നു.
ആകയാൽ
നീതിമാനും വിശ്വസ്തനും
ഭാഗ്യവാനും ശ്രേഷ്ഠനുമായ
സകലവുമാകുന്നു.
നീ എല്ലാംകൊണ്ടും
പരമനീതിമാനായിരിക്കെ,
ദുഷ്ടന്മാരോട് ക്ഷമിക്കുന്നത്
എങ്ങനെയെന്ന്
ഞങ്ങൾ അറിയുന്നില്ല.
നിന്റെ നന്മ
മറ്റുള്ളവക്ക് ദുർഗ്രഹമാകയാലോ?
അതോ നീ വസിക്കുന്ന

മഹാ പ്രകാശത്തിലേയ്ക്കു്
അടുക്കവാൻ പാടില്ലായ്കയാലോ?
നിൻെറ കാരുണ്യം പൊട്ടിപ്പുറപ്പെടുന്ന
ഉറവ, നിൻെറ അഗാധനന്മയുടെ
നിഗ്രഢസ്ഥലത്താകുന്നു സ്ഥിതി ചെയ്യുന്നതു്.
നീ പരിപൂർണ്ണനീതിമാനാകുന്നു
എങ്കിലും തിന്മചെയ്യുന്നവരോടു്
സൗമ്യത കാണിക്കുന്നുവല്ലോ.
കാരണം,
നീ മുഴുവനും എല്ലാററിനേയും
അതിശയിക്കുന്ന നന്മയാകുന്നു.
ഒരു പാപവും നീ ക്ഷമിക്കയില്ലെങ്കിൽ
നീ പരിപൂർണ്ണനന്മയായി സ്ഥിതിചെയ്യുമോ?
ദുഷ്ടന്മാരോടും ശിഷ്ടന്മാരോടും
നിഷ്പക്ഷമായി പെരുമാറുന്നതു്,
നല്ലവരോടുമാത്രം
നല്ലവനായി പെരുമാറുന്നതിനേക്കാൾ
എത്രയോ ശ്രേഷ്ഠമായ ഒന്നാകുന്നു.
തിന്മ ചെയ്യുന്നവരെ ശിക്ഷിക്കയും,
അവരോടു് ക്ഷമിക്കയും ചെയ്യുന്നവനത്രേ,
അവക്കു്
ശിക്ഷമാത്രം നൽകുന്നവനേക്കാൾ ശ്രേഷ്ഠൻ.
അതിനാൽ നീ കാരുണ്യവാനാകുന്നു
പരമനന്മയാകുന്നു.

# XXXIII

## ദൈവത്തെ അനുഭവിച്ച് ആനന്ദിക്കുന്നത്

സകല ജ്ഞാനത്തേയും അതിശയിക്കുന്ന
അമേയനന്മയെ!
നിൻെറ അനുഗ്രഹാധിക്യത്തിൽനിന്ന്
പുറപ്പെടുന്ന കാരുണ്യം
എൻെറമേൽ പൊഴിക്കേണമേ.
നിന്നിൽനിന്ന് പ്രവഹിക്കുന്ന കാരുണ്യം
എന്നിൽ വന്നുചേരട്ടെ.
നിൻെറ കാരുണ്യത്തിൽ
എന്നോടു ക്ഷമിക്കേണമേ.
നിൻെറ നീതിയാൽ എന്നെ ശിക്ഷിക്കല്ലെ.
ആത്മാവേ, ഉണരുക.
നിൻെറ സമസ്ത ചിന്താശക്തിയേയും
ഉയർത്തുക.
ദൈവമെന്ന ആ മഹാനന്മ
ഏതുവിധമുള്ളതെന്നും എത്രവലുതെന്നും
നിൻെറ സർവ്വബുദ്ധിശക്തിയോടുംകൂടെ
ആലോചിച്ചുനോക്കുക.
നല്ല വസ്തുക്കളെല്ലാം
സന്തോഷപ്രദങ്ങളെങ്കിൽ,
നല്ലതായ എല്ലാ വസ്തുക്കളുടേയും
ആനന്ദം അടക്കിക്കൊള്ളുന്ന

ആ സ്വപ്നനന്മ എത്ര ആനന്ദദായകമായിരിക്കും?
സൃഷ്ടവസ്തുക്കളിൽ
നാം കാണുന്നതുപോലുള്ള ആനന്ദമല്ല.
പ്രത്യുത, സ്രഷ്ടാവ് സൃഷ്ടിയിൽനിന്ന്
എത്ര അധികം വ്യത്യസ്തനായിരിക്കുന്നുവോ,
അത്ര അധികമായിരിക്കും
അവ തമ്മിലുള്ള സന്തോഷാന്തരം.
സൃഷ്ടമായ ആത്മാവ് ഇത്ര ഉൽകൃഷ്ടമെങ്കിൽ
അതിനെ സൃഷ്ടിച്ചയാൾ
എത്രയോ ഉൽകൃഷ്ടനായിരിക്കും!
സൃഷ്ടമായ ഐശ്വര്യം
ഇത്ര സന്തോഷപ്രദമെങ്കിൽ
എല്ലാ ഐശ്വര്യത്തിന്റേയും മൂലം
എത്രയോ സന്തോഷപ്രദമായിരിക്കും?
വസ്തുക്കളെ അറിയുകയോ മനസ്സിലാക്കുകയോ
ചെയ്യുന്നതിലടങ്ങിയിരിക്കുന്ന വിജ്ഞാനം
ഇത്ര കാമ്യമെങ്കിൽ,
അഖിലവും സൃഷ്ടിച്ച
ഇല്ലായ്മയിൽനിന്നു സൃഷ്ടിച്ച
അനന്തജ്ഞാനം എത്രയോ കാമ്യമായിരിക്കും?
അവസാനമായി,
സുഖദായകങ്ങളായ വസ്തുക്കളിലേ
സന്തോഷാനുഭൂതി
ഇത്ര വിശിഷ്ടവും വലുതുമെങ്കിൽ,
സുഖദായകങ്ങളായ
ഈ സകല വസ്തുക്കളേയും സൃഷ്ടിച്ച
ആ കർത്താവിലുള്ള സന്തോഷാനുഭവം

എത്രയോ മഹത്തരവും
എത്രയോ നാനാരസസമ്പൂൎണ്ണവുമായിരിക്കും?
ഹാ! ഈ പരമനന്മയെ
അവകാശമാക്കുന്നവന്
ലഭ്യമാകുന്ന കാൎയ്യങ്ങളെന്തെല്ലാം!
അവന് ലഭ്യമാകാത്തതായി
പിന്നെ എന്തുണ്ട്?
നിശ്ചമായും അവന് ഇഷ്ടമില്ലാത്തതൊന്നും
അവിടെ സ്ഥിതി ചെയ്കയില്ല.
എന്നാൽ,
മനുഷ്യൻെറ കണ്ണുകണ്ടിട്ടില്ലാത്തതും,
ചെവികേട്ടിട്ടില്ലാത്തതും
ഹൃദയംകൊണ്ട്
വിചാരിച്ചറിയാൻ വഹിയാത്തതുമായി,
ആത്മീയവും ശാരീരികവുമായ
സകല ശ്രേഷ്ഠവസ്തുക്കളും
അവന് സ്വായത്തമാകുകയും ചെയ്യും.

## XXXIV

## അനന്തനന്മയേയാണ് ആരായേണ്ടതു്

ഭോഷാ, നിൻെറ ആത്മശരീരനന്മയെതേടി
എന്തിനാണ്
ഇത്രവളരെ വസ്തുക്കളോടെ പിന്നാലെ
പാഞ്ഞുനടക്കുന്നത്?
വൈശിഷ്ട്യമെല്ലാം അടങ്ങിയിരിക്കുന്ന

ഏകവസ്തുവിനെമാത്രം സ്നേഹിക്കുക
അതു ധാരാളം മതി.
സമസ്തനന്മയുമായ
ഏകനന്മയെമാത്രം ആഗ്രഹിക്കുക
അതുമാത്രം മതി.
ഹാ! ജഡമെ, നീ എന്താണ് സ്നേഹിക്കുന്നത്?
ആത്മാവേ! നീ എന്താണ് ആശിക്കുന്നത്?
നീ സ്നേഹിക്കുന്നതെല്ലാം അവിടെയുണ്ട്.
നീ ആഗ്രഹിക്കുന്നതെല്ലാം അവിടെയുണ്ട്.
നീ സൗകുമാര്യത്തെ ആഗ്രഹിക്കുന്നു എങ്കിൽ
നീതിമാന്മാർ
അവിടെ സൂര്യസമാനം ശോഭിക്കുന്നുഎന്ന്
അറിഞ്ഞുകൊള്ളുക.
ഒന്നിനും പ്രതിരോധിപ്പാൻ പാടില്ലാത്ത
വേഗതയോ ശക്തിയോ
ശരീരസ്വാതന്ത്ര്യമോ
നീ ആശിക്കുന്നുവെങ്കിൽ,
അവിടെ നീ ദൈവദൂതന്മാരെപ്പോലെ
ഈ ഗുണസമ്പൂർണ്ണനായിരിക്കുമെന്ന്
മനസ്സിലാക്കിക്കൊള്ളുക.
ജഡം മൃഗസദൃശമായി ജാതമായാലും
ആത്മീയമായി ഉത്ഥാനം ചെയ്യും.
അതായതു് സ്വാഭാവികാവസ്ഥയിലല്ല
പിന്നെയോ ആദ്ധ്യാത്മികശക്തിയിൽ.
അരോഗമായ ആ ദീർഘായുസ്സ്
നീ അഭിലഷിക്കുന്നപക്ഷം,
അവിടെ അരോഗമായ നിത്യത്വവും

നിത്യമായ
ആരോഗ്യവുമുണ്ടെന്നോർത്തുകൊള്ളുക.
കാരണം, നീതിമാന്മാർ നിത്യമായി ജീവിക്കും
അവരുടെ ക്ഷേമൈശ്വര്യങ്ങൾ
കർത്താവിൽനിന്നു ലഭിക്കുന്നതാണ്.
അവർ
സംതൃപ്തിയെ അഭിലഷിക്കുന്നുവെങ്കിൽ
ദൈവമഹത്വം പ്രത്യക്ഷമാകുമ്പോൾ
സ്വയം സംതൃപ്തരായിക്കൊള്ളും.
പാനം ചെയ്യാനെങ്കിൽ,
ദൈവഭവനത്തിലേ സുഭിക്ഷിതയിൽനിന്ന്
ആവോളം കുടിച്ചുകൊള്ളും.
അവർ സംഗീതം ഇഷ്ടപ്പെടുന്നെങ്കിൽ,
അവിടെ മാലാകാമാർ
അനവരതം
ദൈവത്തിനു സ്തോത്രഗാനം പാടുന്നതു
അവർക്ക് കേൾക്കാൻ സാധിക്കും.
അവർ
ഏതു വിധമുള്ള
സന്തോഷം ആശിച്ചാലും
(അശുദ്ധസന്തോഷം ആശിക്കുക
അവർക്കു സാദ്ധ്യമല്ല)
അതു് അവർക്കു ലഭ്യമാകും.
കർത്താവിൻെറ ആനന്ദാധിക്യത്തിൽനിന്ന്
നിറയെ പാനംചെയ്തുകൊള്ളുവാൻ
തൻെറ സ്നേഹഭാജനങ്ങളെ
അവിടുന്ന് അനുവദിക്കും.

അവർ
വിജ്ഞാനത്തെ ആവശ്യപ്പെടുന്നെങ്കിൽ
ദൈവത്തിൻെറ ബോധജ്ഞാനംതന്നെ
അവൎക്ക ഏററവും പൎയ്യാപ്തമായിക്കൊള്ളും.
മൈത്രിയെങ്കിൽ
അവർ ദൈവത്തെ
തങ്ങളെക്കാൾ കൂടുതലായും
അന്യരെ തങ്ങളെപ്പോലെയും
സ്നേഹിക്കുന്നവരായിത്തീരും.
അവർ
തന്നത്താൻ സ്നേഹിക്കുന്നതിനേക്കാൾ
കൂടുതൽ ദൈവത്തെ സ്നേഹിക്കുന്നു.
അവിടുന്നു വഴിയായി
അന്യരേയും സ്നേഹിക്കുന്നു.
എന്നാൽ
അവർ സ്വയം അവിടുത്തെ സ്നേഹിക്കുന്നു.
അവിടുന്നു വഴിയായി
മററുള്ളവരേയും സ്നേഹിക്കുന്നു.
അവർ
ഏകമനോഭാവം ആവശ്യപ്പെടുന്നെങ്കിൽ,
അവൎക്കെല്ലാവൎക്കും ഏകമനസ്സ്
ദൈവത്തിൻെറ ഉന്നതമനസ്സ്
ഉണ്ടായിക്കൊള്ളും.
അവർ, ബലം ആഗ്രഹിക്കുന്നപക്ഷം
അവരുടെ മനോകരുത്തും
അവൎക്കു തന്നെ ആയിരിക്കും.
ദൈവം മനസ്സാകുന്നതെല്ലാം ചെയ്യാൻ

സ്വയം ശക്തനാകുന്നതുപോലെ,
അവരും മനസ്സാകുന്നതെല്ലാം ചെയ്യാൻ
ദൈവസഹായത്താൽ ശക്തരായിക്കൊള്ളും.
അവിടുന്ന് മനസ്സാകാത്തതൊന്നും
അവരും മനസ്സാകാത്തതുപോലെ
അവർ മനസ്സാകുന്നതെല്ലാം
അവിടുന്ന് മനസ്സാകും.
ആകയാൽ, അവരുടെ ഇംഗിതാനുസരണം
എല്ലാം സംഭവിക്കും.
ദൈവം, തന്റെ വിശ്വസ്തദാസന്മാരെ
നിരവധി വസ്തുക്കളുടെ
ഭരണകർത്താക്കന്മാരാക്കുമെന്ന വസ്തുത
മനസ്സിലാക്കണം.
അവർ ദൈവസുതന്മാരെന്നു വിളിക്കപ്പെടും.
ദൈവത്തിന്റെ അവകാശികളും
മിശിഹായുടെ കൂട്ടവകാശികളും
ആയിത്തീരുകയും ചെയ്യും.
അഥവാ, അവർ
സുരക്ഷിതാവസ്ഥയെ അഭിലഷിക്കുന്നെങ്കിൽ
അവരുടെ മനോനിശ്ചയം
ഒരിക്കലും
ശിഥിലമാകയില്ലെന്നുള്ള ബോധ്യംപോലെ
അവരുടെ ഉൽകൃഷ്ടപ്പദവിയും
ഒരിക്കലും നഷ്ടമാകയില്ല.
സ്നേഹം തന്നെയായ ദൈവം
തന്റെ സ്നേഹിതരിൽനിന്ന്
അവരുടെ മനസ്സുകൂടാതെ

അതിനെ എടുത്തുകളകയില്ല.
മാത്രമല്ല, ദൈവത്തെക്കാൾ ശക്തിമത്തായി
ദൈവത്തെ അവരിൽനിന്ന്
വേർതിരിക്കത്തക്ക യാതൊന്നുമില്ല.
ഇത്ര ഉത്തമവും ശ്രേഷ്ഠവുമായ നന്മ
സ്ഥിതി ചെയ്യുന്നിടത്ത്
ഹാ! എന്തു സന്തോഷം
എത്ര മഹാ ആനന്ദം!!

## XXXV

## സ്വർഗ്ഗത്തിൽ വിശുദ്ധന്മാരുടെ അന്യോന്യസ്നേഹം

ഹാ! മനുഷ്യഹൃദയമേ!
ദുരിതവും നിർഭാഗ്യവും ഗ്രഹിക്കുന്ന
ഹൃദയമേ!
ദുരിതസങ്കടങ്ങളാൽ
സംഭ്രാന്തമായ ഹൃദയമേ!
എല്ലാററിൻേറയും തികവ്
നിനക്കുണ്ടായിരുന്നെങ്കിൽ
ഹാ! നീ എത്ര സന്തുഷ്ടനായിരുന്നേനെ.
സന്തോഷാതിരേകത്തിൽ
നിൻെറ സുഹൃത്തുക്കൾക്ക്
അവരുടെ
മഹാസന്തോഷത്തെ
പിടിച്ചുനിറുത്തുവാൻ സാധിക്കുമോ എന്നു
ചോദിച്ചുനോക്കുക.

നിന്നെപ്പോലെ നീ സ്നേഹിക്കുന്ന ഒരാൾക്ക്
നിന്നെപ്പോലെ സന്തോഷം അനുഭവിപ്പാൻ
സാധിക്കുന്നപക്ഷം
നിശ്ചയമായും നിന്റെ സന്തോഷം
ദ്വിഗുണീഭവിക്കതന്നെ ചെയ്യും.
എന്തുകൊണ്ടെന്നാൽ
നിന്റെ സന്തോഷത്തിലെന്നപോലെ
അവന്റേതിലും നീ ഭാഗഭാക്കായിത്തീരുന്നു.
രണ്ടല്ല, മൂന്നല്ല,
പലക്കും ഇതേ ആഹ്ലാദംതന്നെ
അനുഭവവേദ്യമാകുന്നപക്ഷം,
നിന്നെപ്പോലെ
നീ അവരേയും സ്നേഹിക്കുന്നപക്ഷം
അവരോരോരുത്തരെക്കുറിച്ചും
നീ സന്തുഷ്ടിതേടുന്നു.
ഏവരും ഒരുപോലെ
അന്യോന്യം സ്നേഹിക്കുന്ന ആ സ്ഥലത്ത്
നിരവധി മാലാകാമാരുടേയും
ജനസഞ്ചയത്തിന്റേയും
സ്നേഹപരിപൂർണ്ണതയിൽ
എന്തോരാനന്ദമാണ് അടങ്ങിയിരിക്കുന്നത്.
മററുള്ളവരേക്കുറിച്ചുകൂടേയും
അവർ ആഹ്ലാദചിത്തരായിത്തീരുന്നു.
മനുഷ്യഹൃദയം
ഈ മഹാസന്തോഷത്തെ ഗ്രഹിക്കുവാൻ
ശക്തമാകയില്ലെങ്കിൽ
ഇത്തരത്തിലുള്ള

മററു സന്തോഷാധിക്യത്തെ ഗ്രഹിക്കുവാൻ
ശക്തമാകുന്നതെങ്ങിനെ?
ഓരോരുത്തനും
അപരനെ സ്നേഹിക്കുന്ന കണക്കനുസരിച്ച്
അന്യൻെറ സുഖത്തിൽ സന്തോഷിക്കയും,
ദൈവത്തെ തന്നെക്കാൾ കൂടുതൽ
ആ സൗഭാഗ്യാവസ്ഥയിൽ
സ്നേഹിക്കയും ചെയ്യുന്നു.
തന്നിമിത്തം
തൻേറതിനെക്കാൾ അധികം
ദൈവത്തിൻെറ ആനന്ദപാരമ്യത്തിൽ
സന്തോഷപരവശനായിച്ചമയുകയും,
മററുള്ളവരുടെ സന്തോഷത്തിൽ
ഭാഗഭാക്കാകയും ചെയ്യുന്നു.
ദൈവം അർഹിക്കുന്നവിധം
അവിടുത്തെ സ്നേഹിക്കാൻ
അവരുടെ മുഴുഹൃദയവും
മുഴുമനസ്സും
മുഴുവാത്മാവും മതിയാകയില്ലെങ്കിലും
അവരുടെ മുഴുഹൃദയത്തോടും
മുഴുവാത്മാവോടും
മുഴുമനസ്സോടുംകൂടെ സ്നേഹിക്കുന്നേപക്ഷം,
നിശ്ചയമായും
അവരുടെ ഹൃദയവും മനസ്സും ആത്മാവും
സന്തോഷത്താൽ നിറയും
എന്നതു് തീർച്ചതന്നെ.
അവരുടെ ഹൃദയത്തിനും മനസ്സിനും

ആത്മാവിനും
പരിപൂൎണ്ണാനന്ദം ഗ്രഹിക്കുന്നതിനു
സാദ്ധ്യമാകയില്ലെങ്കിലും
മുഴുഹൃദയത്തോടും, മുഴുമനസ്സോടും
മുഴുവാത്മാവോടുംകൂടി സ്നേഹിക്കാൻ
തീൎച്ചയായും സാധിക്കും.

## XXXVI

## നിത്യജീവിതത്തിലെ പരമാനന്ദം

ഹാ! ദൈവമേ, കൎത്താവേ!
എൻെറ പ്രത്യാശയേ!
എൻെറ ഹൃദയാനന്ദമേ!
"ചോദിക്കുവിൻ
നിങ്ങളുടെ ആനന്ദത്തികവോളം
നിങ്ങൾക്ക് ലഭിക്കും" എന്നു്
നിൻെറ പുത്രൻ വഴിയായി
നീ വാഗ്ദാനം ചെയ്തു
ആ പരമാനന്ദം ഇതു തന്നേയോ എന്നു്
എൻെറ ആത്മാവിനെ അറിയിക്കേണമേ!
എത്രയും പൂൎണ്ണമായ ഒരാനന്ദം
ഞാൻ കണ്ടെത്തിയിരിക്കുന്നു.
ഹൃദയം നിറയുമ്പോൾ,
മനസ്സു നിറയുന്നു
ആത്മാവു നിറയുന്നു
മനുഷ്യൻ മുഴുവനും

ആനന്ദംകൊണ്ടു നിറയുന്നു.
മാത്രമല്ല, അപരിമേയമായ ആനന്ദം
കര കവിഞ്ഞൊഴുകുക തന്നെ ചെയ്യും.
സന്തോഷിക്കുന്ന എല്ലാവരിലും
അപ്പോൾ ആ ആനന്ദം പ്രവേശിക്കുകയില്ല.
പ്രത്യുത, സന്തോഷിക്കുന്ന ഏവരും
അവരുടെ കർത്താവിൻെറ ആനന്ദത്തിൽ
പ്രവേശിക്കും.
സ്വ നാഥൻെ ആനന്ദത്തിൽ
പ്രവേശിക്കാൻ പോകുന്നവർ
അതേ, നിൻെറ ദാസന്മാർ അനുഭവിക്കുന്ന
ആനന്ദം ഇതു തന്നെയോ?
ഈ ദാസനോട്
അരുളിച്ചെയ്യേണമേ കർത്താവേ!
വാസ്തവത്തിൽ നീ തിരഞ്ഞെടുത്തവർ
അനുഭവിക്കുന്ന ആനന്ദം
മനുഷ്യനേത്രങ്ങൾകൊണ്ടു് ദർശിക്കയോ
ശ്രോത്രങ്ങൾകൊണ്ടു് ശ്രവിക്കയോ
ഹൃദയംകൊണ്ടു് വിചാരിച്ചു കാണുകയോ
ചെയ്തിട്ടില്ല.
അതിനാൽ നിൻെറ സ്നേഹഭാജനങ്ങൾ
എത്രമാത്രം സന്തോഷം അനുഭവിക്കുന്നു എന്നു
പറയാനോ, ഊഹിക്കാൻ പോലുമോ
എനിക്കു കഴിഞ്ഞിട്ടില്ല.
എന്നാൽ നിന്നെസ്നേഹിക്കുന്നതോതനുസരിച്ച്
അവർ സന്തോഷിക്കും, സംശയരഹിതമത്രെ.
കർത്താവേ,നിന്നെ അറിയുന്നതോതനുസരിച്ച്

അവർ തന്നെ സ്നേഹിക്കയും ചെയ്യും.
അവർ എത്രത്തോളം നിന്നെ സ്നേഹിക്കും?
അനന്തര ജീവിതത്തിൽ അവർ
നിന്നെ എത്രമാത്രം അറിയുമെന്നും
എത്രമാത്രം സ്നേഹിക്കുമെന്നും
കണ്ണുകൊണ്ടു കാണുകയോ
ചെവികൊണ്ട് കേൾക്കുകയോ
ഹൃദയംകൊണ്ട് അനുമാനിക്കുകയോ
ചെയ്തിട്ടില്ല.

എന്റെ ദൈവമേ, നിന്നിലാനന്ദിക്കുവാൻ
ഞാൻ നിന്നെ അറിയട്ടെ
നിന്നെ സ്നേഹിക്കട്ടെ.
ഈ ലോകജീവിതത്തിൽ
ഇതു് പരിപൂർണ്ണമായിച്ചെയ്യുക
അസാദ്ധ്യമെങ്കിലും
പരിപൂർണ്ണമായിച്ചെയ്യുവാൻ തക്കവണ്ണം
ദിനം ദിനം
അഭിവൃദ്ധി പ്രാപിക്കുവാൻ പ്രയത്നിക്കട്ടെ.
നിന്നെപ്പററിയുള്ള ജ്ഞാനം
ഇഹത്തിൽ എന്നിൽ വളൎന്നുവരട്ടെ
അങ്ങനെയായാൽ അതു് പരലോകത്തിൽ
പരിപുഷ്ടിതേടുകയും ചെയ്യും.
നിന്നോടുള്ള സ്നേഹം
പരത്തിൽ, പരിപൂർണ്ണതയിലെത്തുവാൻ
ഇഹത്തിൽ ആ സ്നേഹത്തെ
എന്നിൽ വർദ്ധിപ്പിക്കേണമേ.
അതിനാൽ എന്റെ ആനന്ദം

ഇവിടെ വളരെ വലുതായി വദ്ധിക്കയും
അവിടെ നിന്നിൽ
അതു് പൂർണ്ണതയെ പ്രാപിക്കയും ചെയ്യും.
ഹാ! ദൈവമേ!
ഞാൻ ആനന്ദത്തികവിലെത്തുവാൻ
നീ വാഗ്ദാനം ചെയ്തതു്
എനിക്ക് തന്നരുളേണമെന്നു്
ഞാനപേക്ഷിക്കുന്നു.
ഇതിനിടയിൽ
ഞാൻ അതിനെപ്പററി ധ്യാനിക്കട്ടെ.
എൻെറ നാവു് അതിനെപ്പററി സംസാരിക്കട്ടെ.
എൻെറ ഹൃദയം അതിനെ ആശിക്കട്ടെ.
എൻെറ അധരങ്ങൾ
അതിനേപ്പററി പ്രഭാഷിക്കട്ടെ.
എൻെറ ആത്മാവു് അതിനായി വിശക്കട്ടെ.
എൻെറ മാംസം അതിനായി ദാഹിക്കട്ടെ.
അനവരതം സുഖിച്ചുവാഴുവാൻ,
എൻെറ കർത്താവിൻെറ ആനന്ദത്തിൽ
ഞാൻ പ്രവേശിക്കുവോളം
എൻെറ സമസ്തവും
അതിനെ അധികമായി
ആഗ്രഹിക്കയും ചെയ്യട്ടെ.

ആമ്മേൻ.

ARYA PALACKAL JEEVAS KENDRA LIBRARY 15578

48·33
80